# ഗിരിദീപം

ഡിസംബർ 2022



## ഡിസംബർ 25 ക്രിസ്തുമസ്

"ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ,
കർത്താവായ ക്രിസ്തു, ഇന്നു ജനിച്ചിരിക്കുന്നു." (ലൂക്കാ - 2:11)



ഡിസംബർ 03 ന്
ജന്മദിനം ആഘോഷിക്കുന്ന

# മാർ ജോസഫ് പാംപ്ലാനി പിതാവിന്

തലശ്ശേരി അതിരൂപത
കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ...




## Golden Jubilerians



Fr. Joseph Karinattu



Fr. Mathew Perumpallil

## Silver Jubilerians



Fr. Sebastian Ammianikkal



Fr. George Asarikunnel



Fr. John Kovoorputhenpurayil



Fr. John Mundolickal

ഡിസംബർ 2022

വാല്യം 05
ലക്കം 12

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. Prot. No.612 / 2022, Circular No. 07/2022 .................................... 05
2. സർക്കുലർ : കെസിബിസി - ബൈബിൾ ഞായർ ................................ 09
3. കച്ചേരിക്കാര്യം ........................................................................ 13
4. വിശ്വാസപരിശീലനം ................................................................ 19
5. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് . ............................................... 28
6. ചെറുപുഷ്പ മിഷൻലീഗ് .......................................................... 33
7. തിരുബാലസഖ്യം .................................................................... 42
8. യുവജനശുശ്രൂഷ ..................................................................... 47
9. കുടുംബപ്രേഷിതത്വം ............................................................... 54
10. വിദ്യാഭ്യാസ ഏജൻസി ........................................................... 60
11. വിമൽജ്യോതി വാർത്തകൾ .................................................... 64
12. നിർമ്മലഗിരി കോളേജ് ........................................................... 68
13. കുടുംബ കൂട്ടായ്മ .................................................................. 74
14. ADAM ............................................................................... 76
15. ഇൻഫാം ................................................................................ 78
16. മദ്യവിരുദ്ധ സമിതി ................................................................ 80
17. എയ്ഞ്ചൽ ട്രസ്റ്റ് ................................................................... 82
18. സാമൂഹ്യസേവനവേദി .............................................................. 84
19. ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ............................... 86
20. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ............................ 88
21. Engagements - December (Archbishop Mar Joseph Pamplany) .........94
22. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........................... 96
23. Engagements - December (Archbishop Mar George Valiamattam)... 98

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 612 / 2022, Circular No. 07/2022

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായുടെ ജനനത്തിനൊരുക്കമായ മംഗളവാർത്തക്കാലത്തിലേക്കു നാം പ്രവേശിച്ചിരിക്കുകയാണ്. ഏദേൻ തോട്ടത്തിന്റെ കവാടത്തിൽ ആദിപിതാവായ ആദത്തിനാണ് ഈശോയുടെ ജനനത്തെക്കുറിച്ചുള്ള മംഗളവാർത്ത ആദ്യമായി ലഭിച്ചത്. പാപത്തിന്റെ പാതയിൽ ആദിമാതാപിതാക്കൾ നശിക്കാതിരിക്കാൻ നല്കപ്പെട്ട ആ മംഗളവാർത്ത കാലാതീതമായി സകല പാപികൾക്കുമുള്ള ദൈവത്തിന്റെ മംഗളവാർത്തയാണ്. നോഹയുടെ കാലത്തെ പ്രളയത്തിനുശേഷമുള്ള ഉടമ്പടിയിലും സീനാമലയിലെ ഉടമ്പടിയിലും ഈ മംഗളവാർത്തയുടെ ആവർത്തനങ്ങളാണ് നാം കാണുന്നത്.

ദൈവം നല്കുന്ന എല്ലാ വാർത്തകളും മംഗളവാർത്തകളാണ്. എന്നാൽ അവ പൂർത്തീകരിക്കുന്നത് ദൈവം നിശ്ചയിക്കുന്ന രക്ഷാകരമായ സമയത്തിന്റെ പൂർണ്ണതയിലാണ്. ദൈവഹിതത്തിനായി ക്ഷമയോടെ കാത്തിരിക്കുന്നവർക്കു മാത്രമേ ദൈവം നല്കുന്ന മംഗളവാർത്തകൾ ഗ്രഹിക്കാനാകൂ. ക്ഷമയോടെ ദൈവഹിതം കാത്തിരുന്ന സഖറിയായുടെയും എലിസബത്തിന്റെയും ജീവിതത്തിൽ ദൈവം ഇടപെടുന്നതിന്റെ സുവിശേഷവിവരണത്തോടെയാണ് മംഗളവാർത്തക്കാലം ആരംഭിക്കുന്നത്. ക്ഷമയോടെ ദൈവഹിതത്തിനായി കാത്തിരിക്കാൻ നമ്മെ ഒരുക്കേണ്ട അവസരമാണ് 25 നോമ്പ്.

മത്സ്യ-മാംസാദികൾ വർജിച്ചുകൊണ്ട് തിരുപ്പിറവിക്കുവേണ്ടി ഒരുങ്ങുന്ന വിശുദ്ധ പാരമ്പര്യമാണ് നമ്മുടെ സഭയ്ക്കുള്ളത്. സഭയുടെ മഹിതമായ ഈ പാരമ്പര്യം വിശ്വസ്തതയോടെ കാത്തുസൂക്ഷിക്കാൻ നാം ശ്രദ്ധിക്കണം.

മത്സ്യ-മാംസാദികളുടെ വർജനത്തോടൊപ്പം നോമ്പിനെ അർത്ഥപൂർണ്ണമാക്കുന്ന കാലോചിതമായ വർജനങ്ങളും ഈ നോമ്പുകാലത്ത് പരിശീലിക്കുന്നത് നല്ലതാണ്. മൊബൈൽ ഫോണിന് അടിമകളായി കഴിയുന്നവരാണ് ഈ കാലഘട്ടത്തിലെ വലിയൊരു വിഭാഗം ജനങ്ങളും. 25 ദിവസത്തേക്ക് അനിവാര്യമായ അത്യാവശ്യങ്ങൾക്കായിട്ടല്ലാതെ സാമൂഹികമാധ്യമങ്ങളിലോ ഇന്റർനെറ്റിലോ സന്നിഹിതമാകില്ല എന്ന തീരുമാനം കുടുംബാംഗങ്ങളൊന്നാകെ എടുക്കാൻ കഴിഞ്ഞാൽ അത് കുഞ്ഞുങ്ങൾക്കുള്ള നല്ല പരിശീലനം കൂടിയാകും. മാരകമായ ലഹരി വസ്തുക്കൾ നമ്മുടെ വീടുകളുടെ പടിവാതിൽക്കൽവരെയെത്തിക്കഴിഞ്ഞു എന്ന ഭീദിതമായ വാർത്തകളാണ് അനുദിനം പുറത്തുവരുന്നത്. ഇളം തലമുറയുടെ നാശം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന മയക്കുമരുന്നു ലോബികൾക്കെതിരായി സർക്കാർ നടത്തുന്ന പോരാട്ടത്തിന് നാം എല്ലാവിധ പിന്തുണയും നല്കണം. മദ്യവും പുകയില ഉല്പന്നങ്ങളും പൂർണ്ണമായി ഉപേക്ഷിക്കാനുള്ള തീരുമാനമെടുത്താൽ അത് തിരുപ്പിറവിക്കുള്ള അർത്ഥപൂർണ്ണമായ ഒരുക്കമാണ്. എല്ലാവരെയും സ്നേഹത്തിലൊന്നിപ്പിക്കാൻ വന്ന ഈശോയുടെ ജനനം എല്ലാ ഭിന്നതകളും അവസാനിപ്പിക്കാനുള്ള അവസരമായി കരുതി അനുരഞ്ജനത്തിന്റെ വാതായനങ്ങൾ തുറക്കണം. അതിനാൽ മത്സ്യ-മാംസാദികൾക്കപ്പുറം മൊബൈൽഫോൺ അടിമത്തത്തിനും എല്ലാത്തരം ലഹരിയുടെ ഉപയോഗത്തിനും അസമാധാനം വിതയ്ക്കുന്ന ഭിന്നതകൾക്കും അവധികൊടുത്തുകൊണ്ട് ഈ നോമ്പുകാലത്തെ നമുക്ക് അർത്ഥപൂർണ്ണമാക്കാം.

ഈ ഭൂമിയിൽ വന്നുപിറക്കാൻ ഇടം തേടിയലഞ്ഞ് സത്രത്തിൽപോലും ഇടം കിട്ടാതിരുന്ന ഉണ്ണീശോയെ നാം ധ്യാനിക്കുന്ന ഈ നാളുകളിൽ സ്വന്തമായി ഭവനമില്ലാത്തവരെ നമുക്ക് ഓർമ്മിക്കാം. വീടുനിർമ്മിക്കാൻ സ്വന്തമായി ഒരു തുണ്ടുഭൂമിപോലും ഇല്ലാത്തവർക്ക് വീടിന് യോജിച്ച ഭൂമി നല്കാനുള്ള ആഹ്വാനം സ്വീകരിച്ച് അനേകർ മുന്നോട്ടുവന്നതിലുള്ള നന്ദി ഞാൻ സ്നേഹപൂർവ്വം അറിയിക്കുകയാണ്. 120 തോളം വീടുകൾക്കുള്ള സ്ഥലം നല്കാനുള്ള സന്നദ്ധത

നമ്മുടെ അതിരൂപതയുടെ വിവിധ ഇടങ്ങളിൽ നിന്നായി അറിയിച്ചിട്ടുണ്ട്. ഇതിനായി ഇനിയും പരിശുദ്ധാത്മാവ് പ്രചോദിപ്പിക്കുന്നവർ മുന്നോട്ട് വരുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. ഈ സാഹചര്യത്തിൽ പല ഇടവകകളും അനുവർത്തിക്കുന്ന 'ഉണ്ണീശോയ്ക്ക് ഒരു ഭവനം" എന്ന സന്മാതൃകയെ ഞാൻ നിങ്ങൾക്കുമുന്നിൽ വയ്ക്കുകയാണ്. 25 നോമ്പിലെ ഭക്ഷണലാളിത്യത്തിലൂടെയും മിതവ്യയത്തിലൂടെയും മിച്ചം വയ്ക്കുന്ന ചെറിയ തുകകൾ ചേർത്തു വച്ച് ഭവനരഹിതർക്ക് ഒരു ഭവനം എന്ന സ്വപ്നത്തെ പൂർണ്ണമായോ, ഭാഗികമായോ, സഹായിക്കാൻ എല്ലാ ഇടവകകൾക്കും കഴിയും; ഇടവകയിലെ കുടുംബക്കൂട്ടായ്മകൾ, മിഷൻലീഗ്, കെ.സി.വൈ.എം, മാതൃവേദി, എ.കെ.സി.സി, വിൻസെന്റ് ഡിപോൾ, ഇൻഫാം, മദ്യവിരുദ്ധ സമിതി തുടങ്ങിയ ഭക്ത സംഘടനകൾ ഉണ്ണീശോയ്ക്കൊരു ഭവനപദ്ധതിയോട് സഹകരിക്കുമ്പോൾ ഈ ലക്ഷ്യം വേഗത്തിൽ സാക്ഷാത്കരിക്കാനാകും.

ഈ വർഷത്തെ 25 നോമ്പിൽ സഭയുടെ പ്രേഷിതദൗത്യത്തിലേക്ക് നിങ്ങളുടെ ശ്രദ്ധയെ ഞാൻ സ്നേഹപൂർവ്വം ക്ഷണിക്കുകയാണ്. സ്വഭാവത്താലേ പ്രേഷിതയായ സഭയുടെ പ്രഥമദൗത്യം സുവിശേഷപ്രഘോഷണമാണ്. ക്രിസ്തുമസിനോടനുബന്ധിച്ച് നാം നടത്തുന്ന ക്രിസ്തുമസ്സ് കരോൾ ഈശോയുടെ ജനനത്തിന്റെ സദ്‌വാർത്ത സകലരെയും അറിയിക്കാനുള്ള  അവസരമാണ്.

മനുഷ്യനായി പിറന്ന ഈശോയുടെ തിരുപ്പിറവിയുടെ രക്ഷാകര സന്ദേശം ലോകംമുഴുവൻ അറിയിക്കാനാണ് ഈശോ തിരുസഭയെ സ്ഥാപിച്ചത്. ഈശോയുടെ സുവിശേഷം സകല മനുഷ്യരെയും അറിയിക്കാൻ നമുക്ക് എല്ലാവർക്കും കടമയുണ്ട്. ഭാരതമണ്ണിൽ സുവിശേഷത്തിന്റെ വെളിച്ചമെത്തിയിട്ട് രണ്ടായിരം കൊല്ലമായിട്ടും ഭാരതത്തിലെ ജനസംഖ്യയുടെ 3 ശതമാനത്തിൽ താഴെ വ്യക്തികളെ മാത്രമേ സുവിശേഷമറിയിക്കാൻ നമുക്കു കഴിഞ്ഞിട്ടുള്ളൂ എന്നതാണ് സത്യം. നമ്മുടെ പ്രേഷിതപ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കേണ്ട സമയം സമാഗതമായി. ഇന്ത്യമുഴുവനും സുവിശേഷ സന്ദേശമെത്തിക്കാനുള്ള അനുവാദം പരിശുദ്ധപിതാവ് ഫ്രാൻസീസ് മാർപാപ്പ സീറോമലബാർ സഭയ്ക്കു നല്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ, നമ്മുടെ അതിരൂപത പഞ്ചാബിൽ ഒരു പ്രേഷിതസംരംഭത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. നമ്മുടെ അതിരൂപതാംഗങ്ങളായ ഫാ. സെബാസ്റ്റ്യൻ പുതുപ്പള്ളി, ഫാ. മാത്യു മുക്കുഴി എന്നീ രണ്ടുവൈദികർ ഒരു വർഷമായി പഞ്ചാബിലെ

നിരാലംബർക്കിടയിൽ പ്രവർത്തനനിരതരാണ്. അനേകർക്ക് ഈശോയുടെ സ്നേഹം പകരാൻ അവർക്ക് കഴിയുന്നുണ്ട് എന്നത് അഭിമാനകരമാണ്. പുതിയ പ്രേഷിതഭൂമിയിൽ വിദ്യാലയങ്ങളും ആതുരാലയങ്ങളും ആരാധനാലയങ്ങളും സ്ഥാപിച്ചുകൊണ്ട് ആ ദേശത്തിന്റെ വളർച്ചയ്ക്കുവേണ്ടി നാം പരിശ്രമിക്കേണ്ടതുണ്ട്. എല്ലാവർക്കും പഞ്ചാബിൽ പോയി സേവനം ചെയ്യാനാവില്ലെങ്കിലും ഏതെങ്കിലും വിധത്തിൽ ഈ പ്രേഷിതയത്നത്തെ സഹായിക്കാൻ എല്ലാ ഇടവകകൾക്കും കടമയുണ്ട്. ഇടവകകളുടെ ഗ്രേഡ് അനുസരിച്ച് നിശ്ചിത തുക സമാഹരിച്ച് പുതിയ പ്രേഷിതമേഖലയെ നാം ശക്തിപ്പെടുത്തേണ്ടതുണ്ട്. മിഷൻ ഞായറിലെ സംഭാവനകളും ക്രിസ്തുമസിനോടനുബന്ധിച്ചുള്ള സംഭാവനകളും ഈ നിയോഗത്തിനായി വിനിയോഗിക്കണം. വിരമിച്ച അധ്യാപകർക്കും മറ്റും ഈ മിഷൻ രംഗത്ത് സേവനം ചെയ്യാനുള്ള അവസരമുണ്ട്. ആളും അർത്ഥവും വഴി ഈ സംരംഭത്തെ വിജയിപ്പിക്കാൻ ഒരു മനസ്സോടെ നമുക്ക് പ്രവർത്തിക്കാം.

"സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം" എന്ന ശ്ലീഹായുടെ തിരിച്ചറിവ് നമ്മെ പ്രേഷിതാഭിമുഖ്യമുള്ളവരാക്കട്ടെ.

പുൽക്കൂട്ടിൽ പിറന്ന ഉണ്ണിമിശിഹാ നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്

**+ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽനിന്നും 2022 നവംബർ 18, വി. ആൻസെലത്തിന്റെ തിരുനാളിൽ നൽകപ്പെട്ടത്.

---

*NB:* ഈ സർക്കുലർ 2022 ഡിസംബർ 4-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

Ref: 3802/KCBC/K-35/OL/DS 07.11.2022

## കെസിബിസി ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

## ബൈബിൾ പാരായണമാസവും ബൈബിൾ ഞായറും

പ്രിയമുള്ളവരേ,

മുൻവർഷങ്ങളിലെന്നപോലെ ഈ വർഷവും ഡിസംബർ 'ബൈബിൾ പാരായണ മാസമായും' ഡിസംബർ 18 'ബൈബിൾ ഞായറായും' കേരള കത്തോലിക്കാസഭ ആഘോഷിക്കുകയാണ്. കെ. സി.ബി.സി. കേരളസഭാനവീകരണവർഷങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള 2022 പെന്തക്കൊസ്താ മുതൽ 2025 പെന്തക്കൊസ്താ തിരുനാൾ വരെയുള്ള കാലയളവിനുവേണ്ടി തിരഞ്ഞെടുത്ത "സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം" (എഫേ 2,20-22) എന്ന ആപ്തവാക്യം ഈ വചനപാരായണമാസത്തിൽ പരിചിന്തനം ചെയ്യുന്നത് ഉചിതമാണെന്ന് കരുതുന്നു.

**1. സഭ**

ദൈവകല്പനകൾ ശ്രവിക്കുന്നതിനും യാഗാർപ്പണത്തിനുമായി വിളിച്ചുചേർക്കപ്പെട്ട സമൂഹത്തെ സൂചിപ്പിക്കാനാണ് പഴയനിയമത്തിൽ സഭയെന്ന പദം (കഹാൽ-ഹീബ്രു) പ്രധാനമായും ഉപയോഗിച്ചു കാണുന്നത് (നിയ. 4,10). സമാന അർഥത്തിൽത്തന്നെയാണ് പുതിയനിയമവും ഈ പദം (എക്ളേസിയ-ഗ്രീക്ക്) ഉപയോഗിച്ചു കാണുന്നത്. ക്രിസ്തുവിന്റെ മരണ ഉത്ഥാനത്തിന്റെ പ്രഘോഷണം ശ്രവിച്ച്, മാനസാന്തരത്തിലൂടെ ജ്ഞാനസ്നാനം വഴി ഒരുമിച്ചുചേർക്കപ്പെട്ട സമൂഹത്തെയാണ് പുതിയനിയമം 'സഭ'യെന്ന് വിശേഷിപ്പിക്കുന്നത് (എഫേ 2,4-8; അപ്പ 2,37-42). സഭ തിരഞ്ഞെടുക്കപ്പെട്ട വിശുദ്ധ ജനമായതിനാലും, ദൈവത്തിന്റെ സ്വന്തമായതിനാലും ദൈവത്തെ പ്രകീർത്തിക്കുവാനും (1 പത്രോ 2,9); ക്രിസ്തുവിന് സാക്ഷ്യംവഹിക്കാനും കടപ്പെട്ട സമൂഹമാണ് (എഫേ 3,8-10).

**2. ക്രിസ്തുവിൽ**

ക്രിസ്തുവും സഭയും തമ്മിൽ വേർതിരിക്കാനാവാത്തതും ഗാഢവുമായ ബന്ധമുണ്ട്. ക്രിസ്തുവിന്റെ പെസഹാരഹസ്യമാണ് സഭയ്ക്കു നിദാനം. അവിടുത്തെ പെസഹാരഹസ്യത്തിന്റെ അടിസ്ഥാനഭാവമായ ശൂന്യവത്കരണത്തിൽ (kenosis)പങ്കുചേർന്ന് ക്രിസ്തുവിന്റെ മഹത്വത്തിലേക്ക് വളരാനും, സ്വന്തമായിത്തീരുവാനും സഭ വിളിക്കപ്പെട്ടിരിക്കുന്നു (എഫേ 1,23). ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻവേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തു; ജലംകൊണ്ട് കഴുകി, വചനത്താൽ വെൺമയുള്ളതാക്കി മഹത്ത്വപൂർണ

യായി അവളെ തനിക്കുതന്നെ പ്രതിഷ്ഠിച്ചു (എഫേ 5,27-29); അവളെ തന്റെ ശരീരവും നിർമലവധുവുമായി പരിപോഷിപ്പിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ ക്രിസ്തുവിന്റെ സാന്നിധ്യം എക്കാലവും സഭയിൽ വസിക്കുന്നു.

**3. സഭയാകുന്ന ഭവനം**

ക്രിസ്തുവിന്റെ ശരീരവും വധുവുമായ സഭ, അനേകംപേർ ചേർന്ന കൂട്ടായ്മയാണ്. ശരീരത്തിൽ പല അവയവങ്ങളുണ്ടെങ്കിലും അവ യെല്ലാം ഐക്യപ്പെട്ടിരിക്കുന്നതുപോലെ സഭയാകുന്ന ശരീരത്തിലെ അംഗങ്ങൾ എല്ലാവരും ജ്ഞാനസ്നാനത്തിലൂടെ ക്രിസ്തുവിന്റെ ഏക ശരീരമായി മാറുന്നു (എഫേ 4,3-6). ഭവനമെന്നത് വാസ്തുശില്പകല യുടെ പ്രകാശനമായ ഒരു കെട്ടിടത്തെയല്ല, മറിച്ച് കൂട്ടായ്മയുടെ കുടും ബത്തെയാണ് സൂചിപ്പിക്കുന്നത് (1 കോറി 3,16; 2 കോറി 6,16; എഫേ 2,21). സജീവ ശിലകളായ വിശ്വാസികളെകൊണ്ടാണ് ഈ ആത്മീയ ഭവനം പണിതുയർത്തപ്പെടുന്നത്; അതിന്റെ മൂലക്കല്ല് ക്രിസ്തു തന്നെ യാണ് (1 പത്രോ 2,4-5). മൂലക്കല്ലായ ക്രിസ്തുവിൽ സഭാംഗങ്ങൾ പര സ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു.

**4. പണിയപ്പെട്ടുകൊണ്ടിരിക്കുന്നു**

സഭ ഭൂമിയിലെന്നും ഒരു തീർത്ഥാടകയാണ്. ഈ തീർത്ഥാടന ത്തിൽ സഭ, ശിരസ്സാകുന്ന ക്രിസ്തുവിൽനിന്ന് ഊർജം സ്വീകരിച്ച് പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി വളരുകയാണ്. ശരീരമെന്ന നിലയിൽ ശിരസ്സാകുന്ന ക്രിസ്തുവിന്റെ പൂർണതയാണ് സഭ ലക്ഷ്യം വയ്ക്കുന്നത് (എഫേ 1,23; 4,13.). പൂർണ്ണതതേടിയുള്ള ഈ യാത്രയിൽ സുവിശേഷപ്രഘോഷണത്തിന്റെ അനിവാര്യത നിസ്തർക്കമാണ്. ക്രിസ്തുവിലൂടെ ദൈവം സാക്ഷാത്കരിച്ച രക്ഷയുടെ പദ്ധതി സർവമനുഷ്യർക്കും സർവസൃഷ്ടികൾക്കും വേണ്ടി യുള്ളതാണ് (മർക്കോ 16,16). ജനതകളുടെ പ്രകാശമായി നിയോഗി ക്കപ്പെട്ട സഭയെ പ്രശോഭിപ്പിക്കുന്നത് സുവിശേഷദീപ്തിയാണ്; സഭ ലോകത്തിനു നല്കുന്ന പ്രകാശവും സുവിശേഷത്തിന്റേതാണ്. സുവി ശേഷത്താൽ നവീകരിക്കപ്പെട്ട പ്രപഞ്ചം ക്രിസ്തു പിതാവായ ദൈവ ത്തിന് സമർപ്പിക്കുന്നതുവരെ ഇത് തുടരേണ്ടിയിരിക്കുന്നു (1 കോറി 15,21-28). ക്രിസ്തു ആരാണെന്ന തിരിച്ചറിവ് ഹൃദയംകൊണ്ടും കർമം കൊണ്ടും സാക്ഷ്യംനല്കാൻ നമ്മൾ പ്രാപ്തരാകുമ്പോൾ, നവീകര ണപാതയുടെ അടിസ്ഥാന കർത്തവ്യനിർവഹണമായ സുവിശേഷപ്ര ഘോഷണത്തിൽ നമ്മൾ പങ്കുചേരുകയാണ്.

**കേരളകത്തോലിക്കാ സഭയും ബൈബിൾ ശുശ്രൂഷയും**

കേരളസഭ നവീകരണ വർഷമായി പ്രഖ്യാപിച്ചിട്ടുള്ള ഈ കാലയള വിൽ കെസിബിസി ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പോ

സ്തോലേറ്റുകൾക്കും നിർണായകമായ പങ്കാണ് നിർവഹിക്കാനുള്ളത്. മലയാളം ബൈബിളിന്റെ ശ്രവ്യരൂപവും ഇന്റർനെറ്റ് രൂപവും സൈൻ ബൈബിളും ഇന്ന് നമുക്ക് ലഭ്യമാണ്. വചനത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ മൂലഗ്രന്ഥങ്ങളോട് ഏറ്റവും അടുത്തു നില്ക്കുന്ന പുതിയനിയമ പഠനബൈബിൾ പുറത്തിറക്കാൻ കഴിഞ്ഞു. പരിഷ്കരിച്ച പഴയനിയമ പതിപ്പ് കാലതാമസമില്ലാതെ പ്രകാശനം ചെയ്യാമെന്ന പ്രതീക്ഷയിലാണ് ബൈബിൾ കമ്മീഷൻ. ലക്ഷങ്ങൾ പങ്കെടുക്കുന്ന ലോഗോസ് ക്വിസ് ആഗോളതലത്തിൽ അതുല്യസ്ഥാനം നേടിക്കഴിഞ്ഞു. കുടുംബങ്ങൾക്കായി ഫാമിലി ലോഗോസും ബധിര-ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള ലോഗോസ് പരീക്ഷയും ശ്രദ്ധയാകർഷിച്ചുവരുന്നു. ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് അനേകങ്ങൾക്ക് ആഴത്തിൽ അറിവുപകരുന്ന വിജ്ഞാനരീതിയായി മാറിക്കഴിഞ്ഞിരിക്കുന്നു. ബൈബിളിലെ പല പുസ്തകങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന യൂട്യൂബ് - വീഡിയോ ക്ലാസ്സുകൾ ഓൺലൈനിൽ ലഭ്യമാണ്. 2022-25 കാലഘട്ടം കേരളസഭാ നവീകരണകാലഘട്ടമായി ആചരിക്കുമ്പോൾ വചനവഴിയിലൂടെ ബഹുദൂരം മുന്നേറാനും നവസാമൂഹികമാധ്യമങ്ങൾ ഉപയോഗപ്പെടുത്തി വ്യത്യസ്ത മേഖലകളിലേക്കും വിവിധ പ്രായത്തിലുള്ളവർക്കും സവിശേഷശ്രദ്ധ ആവശ്യമുള്ള നമ്മുടെ സഹോദരങ്ങൾക്കും സുവിശേഷവാർത്ത അറിയാനാഗ്രഹിക്കുന്ന എല്ലാവർക്കും വിശുദ്ധഗ്രന്ഥം സംലഭ്യമാക്കാനുള്ള കർമപദ്ധതികൾ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നു. ക്രിസ്തുവിനെ വെളിപ്പെടുത്തിത്തരുന്ന ദൈവവചനം സ്വീകരിക്കുകയും കാത്തുസൂക്ഷിക്കുകയും അടുത്ത തലമുറയ്ക്ക് പകർന്നുനല്കുകയും ചെയ്യുന്നത് പ്രഥമമായും കുടുംബങ്ങളിലൂടെയാണല്ലോ! ഓരോ കുടുംബത്തിലും ഓരോ ബൈബിൾ എന്ന ലക്ഷ്യം കേരളസഭയിൽ സാധ്യമായിട്ടുണ്ട്. ഓരോ വ്യക്തിക്കും ഓരോ ബൈബിൾ എന്നതാണ് നാം ഇനി ലക്ഷ്യം വയ്ക്കേണ്ടത്. ഓൺലൈൻ ബൈബിളും ഓഡിയോ ബൈബിളും കൂടുതൽ പ്രചാരത്തിലെത്തിക്കാൻ പരിശ്രമം ആവശ്യമാണ്. ഭവനങ്ങളിലും യാത്രകളിലും ഓഡിയോ ബൈബിൾ ശ്രവിക്കുന്ന ശീലം വളർത്താൻ എല്ലാവരെയും പരിശീലിപ്പിക്കണം.

**ബൈബിൾ പാരായണവും ബൈബിൾ ഞായറും**

ക്രിസ്തുവിന്റെ മാർഗത്തിൽ ആഴപ്പെടുവാൻ പ്രാർഥനാപൂർവകവും വിശ്വാസപൂർണവുമായ ബൈബിൾ പാരായണത്തിനു സാധിക്കും. നവീകരണ കാലഘട്ടത്തിലെ ഈ വചനയജ്ഞം ഇടവകതലത്തിലും കുടുംബകൂട്ടായ്മയിലും സംഘടിപ്പിക്കാവുന്നതാണ്. ദിവസം മൂന്നര മണിക്കൂർ ബൈബിൾ വായനയ്ക്കായി മാറ്റി വച്ചാൽ ഒരു മാസംകൊണ്ട്

മുഴുവൻ ബൈബിളും വായിച്ചുതീർക്കാൻ നമുക്കു സാധിക്കും എന്നാണ് കണക്കുകൂട്ടൽ. ഇടവകകളിലും സ്ഥാപനങ്ങളിലും ഈ മാസത്തിൽ വചനപാരായണത്തിനായി പ്രത്യേകം സമയവും സാഹചര്യവും ഒരുക്കാൻ തയ്യാറാകുമല്ലോ. വ്യക്തികളും കുടുംബങ്ങളും ഈ പാരായണമാസം സമുചിതമായി നടത്താൻ സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു.

ഡിസംബർ 18-ന് ബൈബിൾ ഞായർ ഇടവകകളിൽ ബൈബിൾ പ്രതിഷ്ഠയോടും ബൈബിൾ പ്രദക്ഷിണത്തോടുംകൂടെ സമുചിതമായി ആചരിക്കാൻ ആഹ്വാനം ചെയ്യുന്നു. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും രൂപതാബൈബിൾ അപ്പോസ്തലേറ്റിന്റെയും ശുശ്രൂഷകൾക്കുവേണ്ടി ഡിസംബർ 18-ാം തീയതിയിലെ ബൈബിൾ ഞായറാഴ്ച നടത്തുന്ന ദിവ്യബലി മധ്യേയുള്ള സംഭാവന രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ക്രിസ്തുവാകുന്ന ശരീരത്തിലെ ഓരോ അവയവവും അതിന്റെ ധർമ്മം പൂർത്തിയാക്കുന്നതോടൊപ്പം മറ്റ് അവയവങ്ങൾക്കും ശക്തിപകർന്ന് ഒരേ ശരീരവും ഭവനവുമായി വളരാൻ നമ്മുടെ ബൈബിൾ ശുശ്രൂഷകൾക്കാകട്ടെ. ദൈവവചനത്തിലധിഷ്ഠിതമായ നവീകരണയജ്ഞത്തിൽ കേരളസഭയോടൊപ്പം നമുക്കോരോരുത്തർക്കും പങ്കുചേരാം.

ദൈവവചനത്തിന്റെ അവതാരതിരുനാളിന് ഒരുങ്ങുന്ന വേളയിൽ, വചനബദ്ധമായ ജീവിതംവഴി നവീകരണവഴിയിൽ സഹയാത്രികരാകാൻ നിങ്ങളേവരോടും ആഹ്വാനം ചെയ്തുകൊണ്ടും എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർഥിച്ചുകൊണ്ടും

സ്നേഹാദരങ്ങളോടെ,

**+ ബിഷപ് റൈറ്റ് റവ. ഡോ. ജയിംസ് ആനാപറമ്പിൽ**
(ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)
**+ ബിഷപ് മാർ ജേക്കബ് മനത്തോടത്ത്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)
**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

പിഒസി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം കൊച്ചി - 682 025.

---

NB: 2022 ഡിസംബർ 18-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കച്ചേരിക്കാര്യം

ഡിസംബർ 2022

**1. നവവൈദികർ**

ഈ വർഷം തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി ഏഴു ഡ്ശംശാനമാരാണ് തിരുപ്പട്ടം സ്വീകരിക്കുന്നത്. കുന്നോത്ത്, ആലുവ, കോട്ടയം എന്നീ മേജർ സെമിനാരികളിൽ പരിശീലനം പൂർത്തിയാക്കി തിരുപ്പട്ടസ്വീകരണത്തിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന ഡീക്കന്മാർക്കുവേണ്ടി പ്രാർത്ഥിക്കാം. തിരുപ്പട്ട സ്വീകരണങ്ങളുടെ സ്ഥലവും സമയവും താഴെ കൊടുക്കുന്നു.

| പേര് | ഇടവക | തീയതി | സമയം |
|---|---|---|---|
| 1 തകിടിയേൽ ജോസഫ് | പുഞ്ച | ഡിസം. 27 | 9.00 am |
| 2 കൊന്നയിൽ തോമസ് | ബെഡൂർ | ഡിസം. 28 | 9.00 am |
| 3 പള്ളിക്കൽ തോമസ് | പടുപ്പ് | ഡിസം. 29 | 9.00 am |
| 4 പാണാകുഴിയിൽ തോമസ് | ആലക്കോട് | ഡിസം. 30 | 9.00 am |
| 5 പൂകമല തോമസ് | മേരിഗിരി | ഡിസം. 31 | 9.00 am |
| 6 അറയ്ക്കൽ അഗസ്റ്റിൻ | ബളാൽ | ജനുവരി 02 | 9.00 am |
| 7 കായംകാട്ടിൽ ജോർജ് | കടുമേനി | ജനുവരി 4 | 9.00 am |

**2. മംഗളവാർത്തക്കാലം**

നമ്മുടെ കർത്താവിന്റെ പിറവിത്തിരുനാളിനൊരുക്കമായുള്ള ഇരുപത്തഞ്ച് നോമ്പ് ആചരിക്കുന്നതിനാൽ ഡിസംബർ 1 മുതൽ 25 വരെയുള്ള ദിവസങ്ങളിൽ വിവാഹാഘോഷങ്ങൾക്ക് മുടക്കമുണ്ടായിരിക്കും. ഇക്കാലയളവിൽ വരുന്ന മറ്റ് ആഘോഷങ്ങളും നോമ്പിന്റെ ചൈതന്യത്തിൽ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

**3. കൂരിയ, ട്രൈബ്യൂണൽ അവധി**

ക്രിസ്തുമസ് പ്രമാണിച്ച് ഡിസംബർ 22 മുതൽ 27 വരെ അതിരൂപതാ കൂരിയായ്ക്കും ട്രൈബ്യൂണലിനും അവധിയായിരിക്കും.

**4. ബൈബിൾ ഞായർ**

ഡിസംബർ 18-ാം തീയതി ഞായറാഴ്ച കേരളസഭ ബൈബിൾ ഞായറായി ആചരിക്കുന്നു. ഡിസംബർ മാസം ബൈബിൾ പാരായണ മാസമായും ആചരിക്കുന്നു. വി. ഗ്രന്ഥത്തോട് ആഭിമുഖ്യം ദൈവജനത്തിനുളവാകുംവിധം യുക്തമായ വിധത്തിൽ ബൈബിൾ ഞായറും ബൈബിൾ പാരായണമാസവും ഇടവകയിൽ ആചരിക്കുമല്ലോ.

**5. പി.പി.എഫ് അംഗങ്ങളുടെ ശ്രദ്ധയ്ക്ക്:** എല്ലാ പി.പി.എഫ്. അംഗങ്ങളും നമ്മുടെ വൈദിക കൂട്ടായ്മയിൽ നിന്നും നിര്യാതനായ ബഹു. ജോൺ പന്നിയാംമാക്കലച്ചനുവേണ്ടി ഒരു വി. കുർബാന അർപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**6. പുതിയ അഡ്രസ്സ് : ഫാ. ജോസഫ് കുഴിയാനിമറ്റത്തിൽ**

Fr. Aji Devasia
Blessed Sacrament Church
145 Victoria Ave.
Chatham, ON N7L 3A7 Canada
Mob: +14374223925

**7. ആദരാഞ്ജലികൾ**

**1. ഫാ. ജോർജ് മഠത്തിപ്പറമ്പിൽ :** അവിഭക്ത തലശ്ശേരി അതിരൂപതാംഗമായ ബഹു. ഫാ. ജോർജ് മഠത്തിപ്പറമ്പിൽ 2022 ഒക്ടോബർ 28-ാം തീയതി ഹൃദയാഘാതത്തെ തുടർന്ന് ജർമ്മനിയിൽ നിര്യാതനായി. താമരശ്ശേരി രൂപതയുടെ ആരംഭകാലത്ത് രൂപതയുടെ സ്ഥാപനവുമായി ബന്ധപ്പെട്ട് സ്ഥലസൗകര്യങ്ങൾ കണ്ടുപിടിക്കുന്നതിനുമായി അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവ്



1984-ൽ ബഹു. ജോർജച്ചനെ പുതുപ്പാടി ഇടവകയുടെ വികാരിയായി നിയമിച്ചു. തുടർന്ന് താമരശ്ശേരി ഇടവകയുടെ വികാരിയായി നിയമിതനായി. താമരശ്ശേരി രൂപത സ്ഥാപിതമായപ്പോൾ രൂപതയുടെ ആദ്യത്തെ പ്രൊക്യുറേറ്റർ ആയി ബഹു. ജോർജച്ചൻ നിയമിതനായി. 1988ൽ ജർമ്മനിയിലെ റോട്ടൻബുർഗ് രൂപതയിൽ അജപാലനപ്രവർത്തനങ്ങൾക്കായി പോകുകയും 2010 വരെ വിവിധ ഇടവകയിൽ വികാരി

യായി സേവനം ചെയ്യുകയും ചെയ്തു. 1989ൽ ആ രൂപതയിൽ അംഗമായി ചേർന്നു. ബഹു. ജോർജ് മഠത്തിപറമ്പിലച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**2. ഫാ. പോൾ പുത്തൻപുര (82) നിര്യാതനായി :** താമരശ്ശേരി രൂപ



താംഗം ബഹു. പോൾ പുത്തൻപുര 2022 ഒക്ടോബർ 30-ാം നിര്യാതനായി. തലശ്ശേരി അതിരൂപതയിലെ വെള്ളാട് അസി. വികാരിയായും പാത്തൻപാറ, മേരിപുരം, കടുമേനി, ചരൾ, താമരശ്ശേരി, തേനേരി, കണ്ണോത്ത്, കുപ്പായക്കോട്, മഞ്ഞുവയൽ, വാലില്ലാപ്പുഴ, കാറ്റുള്ളമല, കക്കാടംപൊയിൽ, കുളിരാമുട്ടി, തോട്ടുമുക്കം, വലിയകൊല്ലി എന്നീ ഇടവകളിൽ വികാരിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കോഴിക്കോട് ഗുഡ്ഷെപ്പേർഡ് വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. ബഹു. പോൾ അച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**3. ശ്രീമതി ത്രേസ്യാമ്മ ആനക്കല്ലിൽ (98) :** ബഹു. ആന്റണി ആനക്കല്ലിൽ അച്ചന്റെ പ്രിയപ്പെട്ട മാതാവ് ശ്രീമതി ത്രേസ്യാമ്മ ആനക്കല്ലിൽ (98) 2022 ഒക്ടോബർ മാസം 29-ാം തീയതി നിര്യാതയായി. മൃതസംസ്ക്കാര ശുശ്രൂഷകൾ 2022 ഒക്ടോബർ മാസം 30-ാം തീയതി വെളിമാനം സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയ സിമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട അമ്മച്ചിയുടെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ആന്റണി അച്ചനും മറ്റ് കുടുംബാംഗങ്ങൾക്കും അനുശോചനങ്ങൾ അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**4. ശ്രീ. മാത്യു കാവനാടിയിൽ (88) :** ബഹു. ജോസഫ് കാവനാടിയിൽ അച്ചന്റെ പ്രിയപ്പെട്ട പിതാവ് ശ്രീ. മാത്യു കാവനാടിയിൽ 2022 ഒക്ടോബർ മാസം 30-ാം തീയതി നിര്യാതനായി. മൃതസംസ്ക്കാര ശുശ്രൂഷകൾ 2022 ഒക്ടോബർ മാസം 31-ാം തീയതി രത്നഗിരി സെന്റ് സെബാസ്റ്റ്യൻസ് പള്ളി സിമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട പിതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ജോസഫ് കാവനാടി അച്ചനും കുടുംബാംഗങ്ങൾക്കും അനുശോചനങ്ങൾ അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

**5. ശ്രീ. മാത്തുക്കുട്ടി താരാമംഗലം (55) :** അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവിന്റെ സഹോദരൻ ശ്രീ. മാത്തുക്കുട്ടി (55) 2022 നവം

ബർ മാസം 2-ാം തീയതി അപകടത്തിൽ മരണപ്പെട്ടു. അദ്ദേഹത്തിന്റെ മകൻ **വിൻസ് (18)** അദ്ദേഹത്തോടൊപ്പം മരണപ്പെട്ടു. ആകസ്മികമായ വേർപാടിൽ സങ്കടപ്പെടുന്ന അഭിവന്ദ്യ പിതാവിനും കുടുംബാംഗങ്ങൾക്കും അതിരൂപതയുടെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം. മൃതസംസ്ക്കാര ശുശ്രൂഷകൾ 2022 നവംബർ മാസം 03-ാം തീയതി പാത്തൻപാറ സെന്റ് ആന്റണീസ് ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ പിതാക്കന്മാരുടെ കാർമ്മികത്വത്തിൽ നടന്നു.

**6. ശ്രീമതി റോസമ്മ കള്ളിക്കാട്ട് (75) :** ബഹു. ജോസഫ് പതിയോട്ടിലച്ചന്റെ സഹോദരി ശ്രീമതി റോസമ്മ കള്ളിക്കാട്ട് (75) 2022 നവംബർ 05-ാം തീയതി നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2022 നവംബർ 07-ാം തീയതി ബൽത്തങ്ങാടി രൂപതയിലുള്ള ദേവഗിരി സെന്റ് ജൂഡ് ദൈവാലയ സിമിത്തേരിയിൽ നടന്നു. സഹോദരിയുടെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. പതിയോട്ടിലച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതയുടെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

**7. ശ്രീ. ജോസഫ് (കുഞ്ഞച്ചൻ) തെക്കേമുറിയിൽ (90):** ബഹു. ആന്റണി തെക്കേമുറിയിൽ അച്ചന്റെ പ്രിയപ്പെട്ട പിതാവ് ശ്രീ. ജോസഫ് തെക്കേമുറിയിൽ 2022 നവംബർ മാസം 17-ാം തീയതി നിര്യാതനായി. മൃതസംസ്ക്കാര ശുശ്രൂഷകൾ 2022 നവംബർ മാസം 18-ാം തീയതി ആലക്കോട് സെന്റ് മേരീസ് ഫൊറോനാ ദൈവാലയ സിമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട പിതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ആന്റണി അച്ചനും മറ്റ് കുടുംബാംഗങ്ങൾക്കും അനുശോചനങ്ങൾ അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**8. സ്നേഹസ്മൃതി**

1. റവ. ഫാ. അബ്രാഹം കുഴുമുള്ളോരം - 14-12-1982
2. റവ. ഫാ. ജോർജ് തടത്തിൽ - 24-12-1998
3. റവ. ഫാ. അഗസ്റ്റിൻ കീലത്ത് - 24-12-2011
4. റവ. ഫാ. അഗസ്റ്റിൻ കിഴക്കരക്കാട്ട് - 25-12-1982
5. റവ. ഫാ. ഫ്രാൻസീസ് അറയ്ക്കൽ - 25-12-2001
6. റവ. ഫാ. ജോസഫ് മുക്കാട്ട് - 26-12-1994

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*



# അനുസ്മരണം
## റവ. ഫാ. ജോൺ പന്നിയാംമാക്കൽ

തലശ്ശേരി അതിരൂപതയിലെ മുതിർന്ന വൈദികരിൽ ഒരാളായ റവ. ഫാ. ജോൺ പന്നിയാംമാക്കൽ (91) 2022 നവംബർ മാസം 03-ാം തീയതി വൈകുന്നേരം 4.30ന് നിര്യാതനായി. കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റലിൽ വാർദ്ധക്യ സഹജമായ അസുഖങ്ങളെ തുടർന്ന് ചികിത്സയിൽ കഴിയുമ്പോ ഴാണ് മരണം സംഭവിച്ചത്.

1931 ജൂലൈ മാസം 20-ാം തീയതി അവിഭക്ത ചങ്ങനാശ്ശേരി രൂപത യുടെ ഭാഗമായിരുന്ന പൊൻകുന്നം ഇടവകയിൽ പന്നിയാമ്മാക്കൽ ജോസഫ് - റോസാ ദമ്പതികളുടെ മകനായി ബഹു. ജോണച്ചൻ ജനിച്ചു. 5 സഹോദരന്മാരും 2 സഹോദരിമാരും അച്ചനുണ്ട്. പ്രാഥമിക വിദ്യാഭ്യാസം ചെന്നക്കുന്നിലും ഹൈസ്കൂൾ വിദ്യാഭ്യാസം കരിക്കാട്ടൂർ സ്കൂളിലും പൂർത്തിയാക്കി. ഇപ്പോൾ ബഹു. ജോണച്ചന്റെ സഹോദരങ്ങൾ ചെമ്പ ന്തൊട്ടി ഇടവകയിലാണ് താമസിക്കുന്നത്.

ആലുവ സെൻറ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽനിന്നും വൈദികപരിശീലനം പൂർത്തിയാക്കി 1962 മാർച്ച് മാസം 14-ാം തീയതി അഭി വന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽനിന്നും പൗരോഹിത്യം സ്വീകരിച്ചു.

1962 ജൂൺമാസം 5-ാം തീയതി കണിച്ചാർ പള്ളിയിൽ വികാരിയായി സേവനം ചെയ്തുകൊണ്ടാണ് ജോണച്ചൻ പൗരോഹിത്യ ശുശ്രൂഷ ആരം ഭിച്ചത്. 1965 മെയ്മാസം 15-ാം തീയതി വരെ കണിച്ചാർ - അടക്കാത്തോട് ഇടവകയിൽ വികാരിയായി ശുശ്രൂഷ ചെയ്തു. 1965 മെയ് 16-ാം തീയതി മുതൽ 1969 ഏപ്രിൽ 12-ാം തീയതി വരെ കുന്നോത്ത് ഇടവകയിൽ സേവനം ചെയ്തു. കുന്നോത്തു ദൈവാലയത്തിന്റെയും വൈദികമന്ദിരത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ ഈ കാലഘട്ടത്തിൽ ജോണച്ചൻ നടത്തി.

1969 ഏപ്രിൽ 13 മുതൽ 1972 ഏപ്രിൽ 29 വരെ കോടഞ്ചേരി ഇടവക യിൽ വികാരിയായിരുന്നു. കോടഞ്ചേരിയിൽ സ്കൂൾ കെട്ടിടം നിർമിച്ചു. 1972 ഏപ്രിൽ 30 മുതൽ 1974 ഏപ്രിൽ 26-ാം തീയതി വരെ തേക്കുംകുറ്റി ഇടവക യിലെ ആത്മീയ ശുശ്രൂഷകൾ നടത്തി. 1974 ഏപ്രിൽ 27-ാം തീയതി മുതൽ 1979 ഏപ്രിൽ 28-ാം തീയതി വരെ കച്ചേരിക്കടവ് ഇടവക വികാരിയായി ശുശ്രൂഷ ചെയ്തു. ഈ കാലയളവിൽ പാലത്തിൻകടവിൽ വൈദികമന്ദിരം നിർമിച്ചു. കൂട്ടുപുഴ, കച്ചേരിക്കടവ്, പാലത്തിൻകടവ് റോഡിന്റെ നിർമാണം ബഹു. ജോണച്ചന്റെ നേതൃത്തിലായിരുന്നു. 1979 ഏപ്രിൽ 29-ാം തീയതി മുതൽ 1984 മെയ് 12-ാം തീയതി വരെ വിലങ്ങാട്, വാളൂക്ക് ഇടവകകളിൽ സേവനം ചെയ്തു. തുടർന്ന് 1984 മെയ് 13 മുതൽ 1988 ആഗസ്റ്റ് 20-ാം തീയതി വരെ കരിക്കോട്ടക്കരി ഇടവകയിൽ വികാരിയായിരുന്നു. കരിക്കോട്ടക്കരിയിൽ സ്റ്റേഡിയം നിർമ്മിച്ചത് ബഹു. ജോണച്ചനായിരുന്നു.

1988 ആഗസ്റ്റ് 21 മുതൽ 1995 മെയ് 12 വരെ ഭീമനടി, ബിരിക്കുളം പള്ളികളുടെ വികാരിയായി ശുശ്രൂഷ ചെയ്തു. 1995 മെയ് 13 മുതൽ 1998 മെയ് 16 വരെ നെല്ലിക്കുറ്റി ഇടവകയിൽ വികാരിയായി സേവനം ചെയ്തു. 1998 മെയ് 17 മുതൽ മെയ് 15 വരെ പുളിങ്ങോം പള്ളിയുടെ വികാരിയായി ശുശ്രൂഷ ചെയ്തു. ഈ കാലഘട്ടത്തിൽ പുളിങ്ങോം പള്ളിയുടെ അവസാനഭാഗ പണികൾക്ക് നേതൃത്വം നല്കി. 1999 മെയ് 16 മുതൽ 2009 മെയ് മാസം 22 വരെ നെല്ലിക്കാംപൊയിൽ ഫൊറോനാ വികാരിയായി ശുശ്രൂഷ ചെയ്തു. 2004 മെയ് 23 മുതൽ 2008 മെയ് 17 വരെ രയറോം പള്ളിയിൽ സേവനം ചെയ്തു. 2008 മെയ് 18 മുതൽ 2011 മെയ് 14 വരെ മണ്ഡളം പള്ളിയുടെ വികാരിയായി ശുശ്രൂഷ ചെയ്തു. മണ്ഡളത്തുനിന്നും കരുവഞ്ചാൽ ശാന്തിഭവനിലേക്ക് വിശ്രമജീവിതത്തിനായി പോയി.

തലശ്ശേരി അതിരൂപതയുടെ വളർച്ചയുടെ ആദ്യകാലഘട്ടത്തിൽ ഏറെ കഠിനാധ്വാനം ചെയ്ത വിശുദ്ധനായ ഒരു വൈദികനായിരുന്നു ജോണച്ചൻ. മലബാറിലെ ദൈവജനത്തിന്റെ ആദ്ധ്യാത്മികവും ഭൗതികവുമായ വളർച്ചയിൽ ഏറ്റവും നിർണ്ണായകമായത് തലശ്ശേരി അതിരൂപതയുടെ സ്ഥാപനമാണെന്നത് ചരിത്രവസ്തുതയാണല്ലോ.

നമ്മുടെ അതിരൂപതയുടെ ആദ്യകാലഘട്ടങ്ങളിലെ അസൗകര്യങ്ങളെയും പ്രതിസന്ധികളെയും സന്തോഷത്തോടെ ഏറ്റെടുത്തും കിലോമീറ്ററുകൾ കാൽനടയായി മലയോരങ്ങളിൽ സഞ്ചരിച്ചും പരിമിതികൾക്കു നടുവിൽ അന്തിയുറങ്ങിയും ആത്മാർപ്പണം നടത്തിയ ശ്രേഷ്ഠമായ ഒരു വൈദികഗണം നമ്മുടെ അതിരൂപതയ്ക്കുണ്ട്. ബഹു. ജോണച്ചൻ ആ വൈദികഗണത്തിൽ തലയെടുപ്പോടെ നിന്ന ഒരു മഹത്വ്യക്തിത്വമായിരുന്നു.

കഴിഞ്ഞ കുറച്ചുനാളുകളായി ബഹു. ജോണച്ചൻ വാർദ്ധക്യ സഹജമായ അസുഖങ്ങളാൽ ആശുപത്രിയിലായിരുന്നു. 91 വർഷക്കാലം ഈ ഭൂമിയിൽ ജീവിക്കുവാൻ ദൈവം ജോണച്ചന് കൃപ നല്കി.

നന്മചെയ്യുന്നതിൽ നിങ്ങൾക്ക് മടുപ്പുതോന്നാതിരിക്കട്ടെ. (ഗലാ 6:9) എന്ന പൗലോസ്ലീഹായുടെ ആഹ്വാനം ശിരസ്സാവഹിച്ച പുരോഹിതനായിരുന്നു ജോണച്ചൻ. പ്രിയപ്പെട്ട ജോണച്ചാ അങ്ങ് ശാന്തതയുടെ ആൾരൂപമായിരുന്നു. എത്രയോ പേരുടെ സങ്കടങ്ങളിൽ അങ്ങ് ആശ്വാസമായിരുന്നു. കുടിയേറ്റ ജനതയുടെ അലച്ചിലുകളിൽ അങ്ങ് അവരുടെ കൂടെ നിന്നു. തലശ്ശേരി അതിരൂപതക്ക് അങ്ങ് നല്കിയ സേവനങ്ങൾ വിസ്മരിക്കാനാവില്ല. നിത്യപുരോഹിതന്റെ തിരുമുഖം ദർശിക്കുവാൻ അങ്ങ് ആരംഭിച്ചിരിക്കുന്ന യാത്രയ്ക്ക് മംഗളങ്ങൾ!

വന്ദ്യപുരോഹിതാ അങ്ങയുടെ ജ്വലിക്കുന്ന ഓർമ്മകൾക്കു മുമ്പിൽ പ്രണാമം.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# വിശ്വാസ പരിശീലനം

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

"വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. അവന്റെ മഹത്വം നമ്മൾ ദർശിച്ചു" (യോഹ 1:14). ദൈവത്തിന്റെ സ്നേഹം മനുഷ്യരൂപം പൂണ്ട് നമ്മോടൊപ്പമായിത്തീർന്ന മഹാസംഭവത്തിന്റെ - തിരുപ്പിറവിയുടെ ഓർമ്മകളുണർത്തികൊണ്ട് ഒരിക്കൽകൂടി മംഗളവാർത്തക്കാലം ആഗതമായിരിക്കുന്നു. നക്ഷത്രദീപങ്ങൾ തെളിച്ചും പുൽക്കൂടൊരുക്കിയും ക്രിസ്തുമസ് ആഘോഷത്തിനായി ബാഹ്യമായി ഒരുങ്ങു ന്നതിനുമുമ്പേ സുകൃതങ്ങൾ അനുഷ്ഠിച്ചും കൊച്ചുകൊച്ചു ത്യാഗപ്രവൃത്തികൾ ചെയ്തും നമ്മുടെ ഹൃദയത്തിൽ ഉണ്ണീശോയ്ക്ക് ഒരു പുൽക്കൂട് ഒരുക്കാം.

### 1. റീജൻസി ബ്രദറിന് നന്ദി

ഏപ്രിൽ 8 മുതൽ നവംബർ 14 വരെ വിശ്വാസപരിശീലന കേന്ദ്രത്തിൽ റീജൻസി ചെയ്ത ബ്രദർ ജിനു മുടക്കാലിൽ കരുവഞ്ചാൽ ശാന്തിഭവനിലേക്ക് തുടർപരിശീലനത്തിനായി പോയി. വിശ്വാസ പരിശീലന പ്രവർത്തനങ്ങൾക്ക് ബ്രദർ ജിനു നൽകിയ എല്ലാ സേവനങ്ങൾക്കും സ്നേഹപൂർവ്വം നന്ദി പറയുന്നു. റീജൻസിക്കായി പുതുതായി കടന്നുവന്നിരിക്കുന്ന ബ്രദർ ജസ്റ്റിൻ അരീക്കുഴുപ്പിലിന് ഹൃദ്യമായ സ്വാഗതം.

### 2. മതാധ്യാപകദിനാഘോഷങ്ങൾ

വിശ്വാസപരിശീലകരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ നവംബർ 6 ഞായറാഴ്ച എല്ലാ സൺഡേ സ്കൂളുകളിലും സമുചിതമായി നടത്തി. മതാധ്യാപകദിനത്തിൽ വിശ്വാസപരിശീലകരെ ആദരിക്കുകയും സമ്മാനങ്ങൾ നല്കുകയും ചെയ്ത ബഹു. വികാരിയച്ചന്മാർക്കും കൊച്ചച്ചന്മാർക്കും കുട്ടികൾക്കും വിശ്വാസപരിശീലനകേന്ദ്രത്തിന്റെ നന്ദി. അതിരൂപതാതലത്തിലുള്ള മതാധ്യാപകദിനാഘോഷങ്ങൾ ചെമ്പന്തൊട്ടി ഇടവകയിൽ വച്ചു നടത്തി.

### 3. ക്രിസ്തുമസ് പരീക്ഷ - ഡിസംബർ 11

ക്രിസ്തുമസ് പരീക്ഷ ഡിസംബർ 11-ന് ഞായറാഴ്ച രാവിലെ 11.30 മുതൽ 1.30 വരെയാണ്. എല്ലാ സൺഡേസ്കൂളുകളിലും വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്ന് നിർദ്ദേശിച്ചിരിക്കുന്ന സമയത്തുതന്നെ പരീക്ഷ നടത്തേണ്ടതാണ്. പരീക്ഷയ്ക്ക് ഒരുങ്ങേണ്ട പാഠഭാഗങ്ങൾ താഴെക്കൊടുക്കുന്നു.

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>5-8 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>5-8 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>6-10 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>ഭാഗം 2:1-5 അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 5-8 അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>സത്യമറിയാൻ (പേജ് 25-47) |

**NB:** ഏതെങ്കിലും കാരണത്താൽ പരീക്ഷ (ക്രിസ്തുമസ്) എഴുതാൻ സാധിക്കാത്തവർക്ക് പിന്നീട് പ്രൈവറ്റായി ക്ലാസ് ടീച്ചർ പരീക്ഷ നടത്തേണ്ടതാണ്.

### 4. ജനറൽ ചോദ്യങ്ങൾ

ക്രിസ്തുമസ് പരീക്ഷയുടെ ജനറൽ ചോദ്യങ്ങൾ പ്രധാനാധ്യാപകരുടെ വാട്സ് ആപ്പ് ഗ്രൂപ്പുവഴി നൽകിയിരുന്നല്ലോ. **4 മുതൽ 7 വരെയുള്ള ക്ലാസുകൾക്കും 8 മുതൽ 12 വരെയുള്ള ക്ലാസുകൾക്കും** വ്യത്യസ്ത ജനറൽ ചോദ്യങ്ങളാണ് ഉള്ളത്. അധ്യാപകർ ജനറൽ ചോദ്യങ്ങളെടുത്ത് കുട്ടികൾക്ക് നല്കി അവരെ പരീക്ഷയ്ക്ക് ഒരുക്കേണ്ടതാണ്.

### 5. ഡിപ്ലോമ രജിസ്ട്രേഷൻ

ഡിപ്ലോമ രജിസ്ട്രേഷൻ ഫോമുകൾ നിശ്ചയിച്ച സമയത്തുതന്നെ ഓഫീസിലെത്തിച്ച എല്ലാ പ്രധാനാധ്യാപകർക്കും നന്ദി.

### 6. ഡിപ്ലോമ പരീക്ഷ (ക്ലാസ് XII)

പന്ത്രണ്ടാം ക്ലാസിൽ പഠിക്കുന്ന കുട്ടികളുടെ ഡിപ്ലോമ പരീക്ഷ 2023 ജനുവരി 26 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണിവരെ നടത്തുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**7. അസൈൻമെന്റ് - ക്ലാസ്സ് XII**

പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ ഈ അധ്യായനവർഷത്തെ അസൈൻമെന്റ് ഓഫീസിൽ ഇതുവരെയും എത്തിക്കാത്തവർ **ഡിസംബർ 10-നുള്ളിൽ** എത്തിക്കേണ്ടതാണ്. അതിനുശേഷം ലഭിക്കുന്ന അസൈൻ മെന്റുകൾ പരിഗണിക്കുന്നതല്ല.

**8. "സോൾട്ട് 2022"**

നവംബർ മാസത്തിൽ പ്ലസ്ടു കുട്ടികളുടെ റീജിയണൽ സംഗമങ്ങൾ **"സോൾട്ട് 2022"** ആരംഭിച്ചു. സംഗമം ഞായറാഴ്ച രാവിലെ 9 മണിക്ക് വി. കുർബാനയോടെ ആരംഭിച്ച് വൈകുന്നേരം 4 മണിക്ക് അവസാനിക്കും. ഉച്ച വരെ ആനുകാലിക വിഷയങ്ങളെക്കുറിച്ചും ഉച്ചകഴിഞ്ഞ് കരിയർ ഗൈഡൻസ് സംബന്ധമായ ക്ലാസ്സുകളും നല്കുന്നതാണ്. കുട്ടികളോടൊപ്പം ക്ലാസ്സധ്യാ പകരും സംഗമത്തിൽ പങ്കെടുക്കുന്നു. രജിസ്ട്രേഷൻ ഫീസായി ഒരു കുട്ടി നൽകേണ്ടത് 150 രൂപയാണ്.

| തീയതി | സ്ഥലം | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|---|
| ഡിസംബർ 4 | ചെറുപുഴ | ചെറുപുഴ, തോമാപുരം, വെള്ളരിക്കുണ്ട് |
| ഡിസംബർ 18 | ഗുഡ്ഷെപ്പേർഡ് പാസ്റ്ററൽ സെന്റർ, പടന്നക്കാട് | കാഞ്ഞങ്ങാട്, കാസർഗോഡ്, പനത്തടി |

**9. "എൻലൈറ്റ് 2022"**

ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ 7,8,9 ക്ലാസ്സുകളിലെ കുട്ടികൾക്ക് വേണ്ടി ബോധവത്ക്കരണ ക്ലാസ്സുകൾ **"എൻലൈറ്റ് 2022"** വിശ്വാസപരിശീലനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു. ലൈംഗികത, ലഹരി വസ്തുക്കൾ, പ്രണയം എന്നീ വിഷയങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണം കുട്ടികൾക്ക് നല്കുന്നു. ഫൊറോന ആവശ്യപ്പെടുന്ന തനുസരിച്ച് രണ്ടോ മൂന്നോ സെന്ററുകളിൽ വച്ച് ക്ലാസ്സ് നടത്തുന്നതാണ്. റിസോഴ്സ് ടീം അംഗങ്ങളെ വിശ്വാസപരിശീലനകേന്ദ്രം നല്കുന്നതാ യിരിക്കും. റിസോഴ്സ് ടീം അംഗങ്ങളുടെ യാത്രാ ചിലവ്, ഇതര ചിലവുകൾ മുതലായവ ഫൊറോന വഹിക്കേണ്ടതാണ്.

**10. ഏകദിന സെമിനാർ:** അതിരൂപതാ മതബോധനകമ്മിറ്റിയുടെ നിർദ്ദേശ പ്രകാരമുള്ള ഏകദിന സെമിനാർ നടന്നുകൊണ്ടിരിക്കുന്നു. രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണിവരെയായിരിക്കും ഏകദിന സെമിനാറിന്റെ സമയം. സെമിനാറിൽ ഫൊറോനയിലെ മുഴുവൻ വിശ്വാസപരിശീലകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**നവംബർ മാസത്തിൽ നടന്ന സെമിനാറുകൾ**

ആലക്കോട്, വായാട്ടുപറമ്പ്, വെള്ളരിക്കുണ്ട് എന്നീ ഫൊറോനകളിൽ നവംബർ മാസത്തിൽ വിശ്വാസപരിശീലകർക്കായി ഏകദിന സെമിനാർ

സംഘടിപ്പിച്ചു. റവ. ഡോ. ആന്റണി തറേക്കടവിൽ, റവ. ഡോ. തോമസ് തടത്തിൽപുത്തൻവീട്ടിൽ, ശ്രീ. ജോബി മൂലയിൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഫൊറോന പ്രസിഡന്റുമാരായ ശ്രീ. ബിജു കുപ്പോഴക്കൽ, ശ്രീ. ജോസഫ് പുല്ലാട്ട്, ശ്രീ. ജോൺസൺ കിഴക്കേചെത്തിപ്പുഴ എന്നിവർ സെമിനാറിന് നേതൃത്വം നൽകി. ആലക്കോട്, വായാട്ടുപറമ്പ്, വെള്ളരിക്കുണ്ട് എന്നീ ഫൊറോനകളിലെ എല്ലാ ബഹു. ഫൊറോന വികാരി അച്ചന്മാർക്കും സെമിനാറിൽ പങ്കെടുത്ത വിശ്വാസപരിശീലകർക്കും അതിരൂപതാ വിശ്വാസ പരിശീലനകേന്ദ്രത്തിന്റെ നന്ദി.

## 11. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച എല്ലാ സൺഡേ സ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തുമല്ലോ. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

## 12. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2022-2023 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം ഒക്ടോബർ മാസത്തിൽ ആരംഭിച്ചു. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതുകൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതുമാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടെയും സാന്നിധ്യം ഉണ്ടായിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേസ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്.**

### ഡിസംബർ മാസത്തിലെ അതിരൂപത വിസിറ്റ്

**04-12-2022:** കമ്പല്ലൂർ, പടിമരുത്, ചുള്ളി, ആനമഞ്ഞൾ, നെല്ലിക്കാംപൊയിൽ, കോഴിച്ചാൽ, മുത്താറിക്കുളം, ചീമേനി, പെരിങ്കരി, കാസർഗോഡ്, പൂളക്കുറ്റി, നടുവിൽ.

**11-12-2022:** ചട്ടമല, കനീലടുക്കം, നീലേശ്വരം, കിളിയന്തറ, മുള്ളേരിയ, കൊളക്കാട്, നെല്ലിക്കുന്ന്.

**18-12-2022:** തയ്യേനി, അടോട്ടുകയ, പറമ്പ, ഉളിക്കൽ, പുളിങ്ങോം, കാഞ്ഞങ്ങാട്, രാജമുടി, ചെമ്പന്തൊട്ടി.

## 13. വിസിറ്റ് - നന്ദി

നവംബർ മാസത്തിൽ 54 സൺഡേസ്കൂളുകളിൽ അതിരൂപതാ വിസിറ്റ് നടത്തി. സഹകരിച്ച എല്ലാ ബഹു. വികാരിയച്ചൻമാർക്കും, വിസിറ്റേഴ്സിനും, പ്രധാനാധ്യാപകർക്കും വിശ്വാസപരിശീലകർക്കും നന്ദി.

### 14. ഓഫീസ്, റിക്കാർഡുകൾ

എല്ലാ സൺഡേസ്കൂളുകളിലെയും ഓഫീസും റിക്കാർഡുകളും ഈ അധ്യയന വർഷം പുനഃക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓഫീസ്, റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറിയുടേയും നേതൃത്വത്തിൽ ക്രമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കേണ്ടതാണ്. അതിരൂപത വിസിറ്റർ വരുമ്പോൾ ഓഫീസ് റിക്കാർഡുകൾ പരിശോധിക്കുന്നതാണ്.

### 15. വിശ്വാസപരിശീലകരുടെ ധ്യാനം

2022-2023 പ്രവർത്തന വർഷത്തിൽ പരിയാരം മദർഹോമിൽ വച്ച് വിശ്വാസപരിശീലകർക്ക് മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന ധ്യാനം സംഘടിപ്പിക്കുന്നു. അതിരൂപതയിൽ വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ മതാധ്യാപകരും ധ്യാനത്തിൽ പങ്കെടുക്കണം. ധ്യാനം നടത്തുന്ന തീയതികൾ ഡിസംബർ 16-18, ജനുവരി 06-08. ധ്യാനം വെള്ളിയാഴ്ച രാവിലെ 9.30-ന് ആരംഭിച്ച് ഞായറാഴ്ച 4 മണിക്ക് അവസാനിക്കുന്നതാണ്.

**ഡിസംബർ 16-18:** വെള്ളരിക്കുണ്ട്, കാസർഗോഡ്, ചെറുപുഴ, മുൻധ്യാനങ്ങളിൽ പങ്കെടുക്കാൻ പറ്റാതിരുന്ന വിശ്വാസപരിശീലകർ.

**NB:** മുകളിൽ തന്നിരിക്കുന്ന തീയതി അനുസരിച്ച് ധ്യാനത്തിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ. അത്യാവശ്യമുള്ള സൺഡേ സ്കൂളുകൾക്ക് ഓഫീസിൽ അറിയിച്ച് തീയതി മാറ്റാവുന്നതാണ്.

### 16. വിശ്വാസപരിശീലകരുടെ ധ്യാനം - നന്ദി

കാഞ്ഞങ്ങാട്, കാസർഗോഡ്, തളിപ്പറമ്പ്, ചെമ്പേരി, തോമാപുരം ഫൊറോനയിലെ വിശ്വാസപരിശീലകർക്കായി നവംബർ 11, 12, 13 തീയതികളിൽ പരിയാരം മദർഹോം ധ്യാനകേന്ദ്രത്തിൽ വച്ച് ധ്യാനം സംഘടിപ്പിച്ചു. ധ്യാനം ശുശ്രൂഷകൾക്ക് റവ. ഫാ. ജെയിംസ് പുത്തൻനട, റവ. ഫാ. ആന്റണി വെട്ടിയാനിയ്ക്കൽ, ധ്യാനകേന്ദ്രത്തിലെ ശുശ്രൂഷകർ എന്നിവർ നേതൃത്വം നൽകി. 276 വിശ്വാസപരിശീലകർ ധ്യാനത്തിൽ സംബന്ധിച്ചു. എല്ലാവർക്കും അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിന്റെ നന്ദി.

### 17. രാജത്വത്തിരുനാൾ - നവംബർ 20

മിശിഹായുടെ രാജത്വത്തിരുനാൾ ദിനമായ നവംബർ 20-ാം തീയതി എല്ലാ സൺഡേസ്കൂളുകളിലും സമുചിതമായി ആഘോഷിച്ചു. റാലിയും കലാപരിപാടികളും നടത്തിയ സൺഡേസ്കൂളുകൾക്ക് അഭിനന്ദനങ്ങൾ.

### 18. Mission Quest 2022 - നന്ദി

സീറോമലബാർ മിഷൻ ഓഫീസും മതബോധന കമ്മീഷനും സംയുക്തമായി കുട്ടികൾക്കും മുതിർന്നവർക്കുംവേണ്ടി നടത്തിയ മിഷൻ ക്വിസ്സിൽ

അതിരൂപതയിൽ നിന്നും ധാരാളം കുട്ടികളും മുതിർന്നവരും പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ.

### 19. Mission Quest 2022 - വിജയികൾ

സീറോമലബാർ മിഷൻ ഓഫീസും മതബോധന കമ്മീഷനും സംയുക്തമായി കുട്ടികൾക്കുവേണ്ടി നടത്തിയ മിഷൻ ക്വിസ്സിൽ ക്ലെയർ മരിയ ആനാനി ഉറുമ്പേൽ, മാലോം ഒന്നാം റാങ്കിനും, മരിയ തെരേസ ജോഷി അഴകത്ത്, പരിയാരം രണ്ടാം റാങ്കിനും, അലൻസോ ജോർജ് ജിയോ വട്ടോളി, എടൂര് മൂന്നാം റാങ്കിനും അർഹരായി. മുതിർന്നവർക്കുവേണ്ടി നടത്തിയ മത്സരത്തിൽ സി. ജൂലിറ്റ് എം.എസ്.എം.ഐ., ശ്രീകണ്ഠാപുരം; ശ്രീ. ഫ്രാൻസിസ് പി.പി പുതുപ്പറമ്പിൽ, മണിക്കടവ്; ശ്രീ. ജെയിംസ് ആക്കപ്പള്ളിൽ, മാവുംചാൽ എന്നിവർ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് റാങ്കുകൾക്ക് അർഹരായി.

### 20. പ്രധാനാധ്യാപകരുടെ മീറ്റിംഗ് - നന്ദി

നവംബർ മാസത്തിൽ പേരാവൂർ, എടൂർ, കുന്നോത്ത്, നെല്ലിക്കാംപൊയിൽ എന്നീ ഫൊറോനകളിൽ വച്ച് നടത്തിയ മീറ്റിംഗിൽ സഹകരിച്ച ബഹു. ഫൊറോന വികാരിയച്ചൻമാർക്കും പ്രധാനധ്യാപകർക്കും നന്ദി.

### 21. പാഠപുസ്തക പരിഷ്കരണം

പാഠപുസ്തക പരിഷ്കരണ കമ്മിറ്റിയുടെ മീറ്റിംഗ് നവംബർ 17, 18 തീയതികളിൽ പാലക്കാട് രൂപതയുടെ പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തി. മീറ്റിംഗിൽ എറണാകുളം, തലശ്ശേരി, ഇരിങ്ങാലക്കുട, പാലക്കാട് എന്നീ രൂപതകളിലെ വിശ്വാസപരിശീലന ഡയറക്ടർമാരും തിരഞ്ഞെടുക്കപ്പെട്ട വിശ്വാസപരിശീലകരും പങ്കെടുത്തു.

### 22. സീറോമലബാർ പ്രതിഭാസംഗമം 2022-23

2011-2012 അധ്യയനവർഷം മുതൽ ഓരോ രൂപതയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന 12-ാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തുന്ന രണ്ട് ആൺകുട്ടികൾക്കും രണ്ട് പെൺകുട്ടികൾക്കും സഭാതലത്തിൽ സീറോ മലബാർ വിശ്വാസപരിശീലന കമ്മീഷൻ പ്രത്യേക പരിശീലനം കൊടുത്തുവരുന്നു.

#### ഫൊറോനാതല ക്യാമ്പ് - നന്ദി

അതിരൂപതാതല പ്രതിഭാസംഗമത്തിൽ പങ്കെടുക്കേണ്ട കുട്ടികളെ തെരെഞ്ഞെടുക്കുന്നതിനായി പതിനാറ് ഫൊറോനകളിലും കാസർഗോഡ് റീജിയണിലും പ്രതിഭാസംഗമം നടത്തി. ക്ലാസ്സുകൾ എടുത്തവർക്കും സംഗമത്തിന് നേതൃത്വം നൽകിയ ഫൊറോന വികാരിയച്ചന്മാർക്കും, ഫൊറോന പ്രസിഡണ്ട് - സെക്രട്ടറിമാർക്കും എല്ലാ പ്രധാനധ്യാപകർക്കും നന്ദി.

#### അതിരൂപതാതല ക്യാമ്പ്

ഫൊറോനാതലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ അതിരൂപതാ ക്യാമ്പ് ഡിസംബർ 3, 4 തീയതികളിലായി തലശ്ശേരി സന്ദേശ

ഭവനിൽ വച്ച് നടത്തുന്നു. ക്യാമ്പ് ശനിയാഴ്ച രാവിലെ 10.00 മണിക്ക് ആരംഭിച്ച് ഞായറാഴ്ച 1.00 മണിക്ക് അവസാനിക്കുന്നു. പങ്കെടുക്കുന്നവർ ബൈബിൾ, നോട്ട്ബുക്ക്, പേന, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്.

### 23. ആസ്‌പെക്ട് 2022-2023

2022-2023 വിശ്വാസപരിശീലനവർഷത്തിൽ അധ്യാപകരുടെ തുടർപരിശീലനത്തിനായി ഉപയോഗിക്കുന്നത് സീറോമലബാർ മതബോധന കമ്മീഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന **"വിശ്വാസപരിശീലകരുടെ രൂപവത്ക്കരണം"** എന്ന പുസ്തകമാണ്. 211 പേജുകളുള്ള ഈ പുസ്തകത്തിന് 100 രൂപയാണ് വിലയായി നല്കേണ്ടത്. എല്ലാ വിശ്വാസപരിശീലകരും ഈ പുസ്തകത്തിന്റെ ഒരു കോപ്പി നിർബന്ധമായും വാങ്ങേണ്ടതും പഠനം ആരംഭിക്കേണ്ടതുമാണ്.

**"വിശ്വാസപരിശീലകരുടെ രൂപവത്ക്കരണം"** എന്ന പുസ്തകത്തിന്റെ ഒന്നു മുതൽ മൂന്നുവരെയും അഞ്ച് മുതൽ ഏഴുവരെയും പതിമൂന്നു മുതൽ പതിനാറുവരെയുമുള്ള അധ്യായങ്ങളാണ് ഈ വർഷം പഠിക്കേണ്ടത്. ഒന്നു മുതൽ മൂന്നുവരെയുള്ള അധ്യായങ്ങളെ ആസ്പദമാക്കിയുള്ള ഓൺലൈൻ പരീക്ഷ ഡിസംബർ 18 ഞായറാഴ്ച രാത്രി 9 മണിക്ക് നടത്തുന്നു.

### നിർദ്ദേശങ്ങൾ

a. ഗൂഗിൾ ഫോമിലൂടെ ആയിരിക്കും പരീക്ഷ നടത്തുന്നത്.
b. 25 ചോദ്യങ്ങൾ പരീക്ഷയ്ക്ക് ഉണ്ടായിരിക്കും.
c. പുസ്തകത്തിന്റെ 9 മുതൽ 45 വരെയുള്ള പേജുകളിൽ നിന്നായിരിക്കും ചോദ്യങ്ങൾ ഉണ്ടാവുക.
d. ഒരാൾ ഒരു പ്രാവശ്യം മാത്രമേ ഉത്തരങ്ങൾ പൂരിപ്പിച്ച് അയക്കുവാൻ പാടുള്ളൂ.
e. പരീക്ഷയുടെ സമയം 15 മിനിറ്റായിരിക്കും.
f. ഉത്തരങ്ങൾ സബ്മിറ്റ് ചെയ്തതിന്ശേഷം മാർക്കിന്റെ സ്ക്രീൻഷോട്ട് എടുത്ത് ഹെഡമാസ്റ്ററിന് നൽകേണ്ടതാണ്.
g. അധ്യാപകർക്ക് ലഭിച്ച മാർക്കുകൾ ഹെഡ്മാസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

### 24. ഫിയാത്ത് മിഷൻ പ്രാർത്ഥനാപുസ്തകം

ക്രിസ്തുമസിന് ഒരുക്കമായി കുട്ടികളുടെ ആത്മീയ ഒരുക്കത്തിന് സഹായകമായ പ്രാർത്ഥനാപുസ്തകം സൺഡേ സ്കൂളുകളിൽ വിതരണം ചെയ്തു. 18000 പുസ്തകങ്ങളാണ് ഫിയാത്ത് മിഷൻ സൗജന്യമായി നൽകിയത്. ഫിയാത്ത് മിഷന്റെ പ്രവർത്തകർക്ക് വിശ്വാസപരിശീലനകേന്ദ്രത്തിന്റെ നന്ദി. നമ്മുടെ പ്രാർത്ഥനയിൽ ഫിയാത്ത് മിഷന്റെ പ്രവർത്തനങ്ങളെ ഓർമ്മിക്കാം... സഹായിക്കാം.

## 25. സോൾട്ട് 2022 – ചെമ്പേരി

തലശ്ശേരി അതിരൂപതയിൽ 2022–23 പ്രവർത്തനവർഷത്തിൽ ഡിപ്ലോമ പരീക്ഷ എഴുതിയ കുട്ടികൾക്കായി ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽവച്ച് നവംബർ 13 ഞായർ രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണിവരെ **"സോൾട്ട് 2022"** എന്ന പേരിൽ സംഗമം നടത്തി. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് സംഗമം ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികൾ ഇന്ന് അഭിമുഖീകരിക്കുന്ന വ്യത്യസ്ത പ്രശ്നങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണം ക്ലാസ്സ് റവ. ഡോ. ടോം ഓലിക്കരോട്ട് നൽകി. റവ. ഫാ. സോണി വടശ്ശേരിൽ കരിയർ ഗൈഡൻസ് ക്ലാസ്സിന് നേതൃത്വം നൽകി. വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ റവ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ സ്വാഗതവും റവ. ഫാ. ജോസഫ് വടക്കേപ്പറമ്പിൽ നന്ദിയും പറഞ്ഞു.

റവ. ഫാ. ജെയിംസ് ചെല്ലംങ്കോട്ട്, റവ. ഫാ. ലാസർ വരമ്പകത്ത്, റവ. ഫാ. ജിൻസ് വാളിപ്ലാക്കൽ, റവ. ഫാ. സെബാസ്റ്റ്യൻ തെക്കേടത്ത്, റവ. ഫാ. ജോസഫ് ഏഴുപറയിൽ, സി. റോസിലിയ എൻ.എസ്, ബ്രദർ ജിനു മുടക്കാലിൽ എന്നിവർ സംഗമത്തിന്റെ സുഗമമായ നടത്തിപ്പിന് വേണ്ട എല്ലാ ക്രമീകരണങ്ങളും ചെയ്തു. സംഗമത്തിനായി കുട്ടികളെ ചെമ്പേരിയിലെത്തിച്ച എല്ലാ വൈദികർക്കും വിശ്വാസപരിശീലകർക്കും സ്നേഹപൂർവ്വം നന്ദി. നെല്ലിക്കാംപൊയിൽ, പൈസക്കരി, ചെമ്പേരി, ചെമ്പന്തൊട്ടി എന്നീ ഫൊറോനകളിൽ നിന്നായി 921 കുട്ടികൾ സംഗമത്തിൽ പങ്കെടുത്തു.

## 26. സോൾട്ട് 2022 – പേരാവൂർ

പേരാവൂർ മേജർ ആർക്കിഎപ്പിസ്കോപ്പൽ ഇടവക ദൈവാലയത്തിന്റെ പാരിഷ്ഹാളിൽ - കാസ സാൻജോസ് - വച്ചു നവംബർ 20 ഞായറാഴ്ച രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണിവരെ എടൂർ, കുന്നോത്ത്, നെല്ലിക്കാംപൊയിൽ എന്നീ ഫൊറോനകളിലെ കുട്ടികൾക്കായി **"സോൾട്ട് 2022"** എന്ന പേരിൽ സംഗമം നടത്തി. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് സംഗമം ഉദ്ഘാടനം ചെയ്തു. റവ. ഡോ. ടോം ഓലിക്കരോട്ട്, റവ. ഫാ. സോണി വടശ്ശേരിൽ, എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. റവ. ഫാ. സോണി വടശ്ശേരിൽ കരിയർ ഗൈഡൻസ് ക്ലാസ്സിന് നേതൃത്വം നൽകി. റവ. ഡോ. തോമസ് കൊച്ചുകരോട്ട്, റവ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ, റവ. ഫാ. ജോസഫ് വാളിപ്ലാക്കൽ, റവ. ഫാ. ജോസഫ് വടക്കേപ്പറമ്പിൽ, റവ. ഡോ. ജോസഫ് മുട്ടത്തുകുന്നേൽ, റവ. ഫാ. ഓസ്റ്റിൻ ചക്കാംകുന്നേൽ, റവ. ഫാ. ജോസഫ് ആനക്കല്ലിൽ, സി. റോസിലിയ എൻ.എസ്., ബ്രദർ ജസ്റ്റിൻ അരീക്കുഴുപ്പിൽ, ജോൺസൺ പൊട്ടക്കൽ, റെന്നി എഴുത്തുപള്ളിക്കൽ, ബിജു കദളിക്കാട്ടിൽ, ടോമി മാണിക്കത്താഴെ എന്നിവർ സംഗമത്തിന് നേതൃത്വം നൽകി. 756 കുട്ടികൾ സംഗമത്തിൽ പങ്കെടുത്തു.

**27. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ**

2022-23 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകങ്ങൾ etc...) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis,

A/c No : 0078053000073503
IFSC : SIBL 0000078,
Bank : South Indian Bank, Thalassery

**28. ആദരാഞ്ജലികൾ**

വരക്കാട് സൺഡേസ്കൂൾ മുൻപ്രധാനാധ്യാപകൻ പാപ്പച്ചൻ കൊച്ചുപുരയ്ക്കൽ, രണ്ടാംകടവ് സൺഡേസ്കൂൾ പ്രധാനാധ്യാപകൻ ഷാജി കുന്നേച്ചെരുവിൽ സാറിന്റെ പിതാവ് ജോസഫ് കുന്നേച്ചെരുവിൽ, ആനപ്പന്തി സൺഡേസ്കൂൾ പ്രധാനാധ്യാപകൻ റൈജു കണ്ടത്തിൽ പുത്തൻപുര സാറിന്റെ സഹോദരി റിൻസി ജയ്സൺ വെള്ളിയാമാക്കൽ എന്നിവർ നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. കുടുംബാംഗങ്ങളെ വിശ്വാസപരിശീലനകേന്ദ്ര ത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

**29. ഡയറക്ടറച്ചൻമാരുടെ സന്ദർശനം**

ഡയറക്ടറച്ചൻ ചെമ്പന്തൊട്ടി സൺഡേസ്കൂളിലും അസി. ഡയറക്ടറച്ചൻ പുറവയൽ, മേരിഗിരി, മണിപ്പാറ, പാത്തൻപാറ എന്നീ സൺഡേസ്കൂളുകളിലും സന്ദർശനം നടത്തി.

സ്നേഹത്തോടെ,

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
*ഡയറക്ടർ*

# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് & ബൈബിൾ അപ്പൊസ്റ്റോലേറ്റ്

## 1. ബൈബിൾ ഞായറും ബൈബിൾ മാസാചരണവും

കേരള കത്തോലിക്കാസഭ, 2022 പന്തക്കുസ്താത്തിരുനാൾ മുതൽ 2025 പന്തക്കുസ്താവരെ സഭാനവീകരണകാലഘട്ടമായി ആചരിക്കുകയാണല്ലോ. ഈ അവസരത്തിൽ, 2022 ഡിസംബർ 18 നു നടത്തുന്ന ബൈബിൾ ഞായറാചരണത്തിന് വളരെയേറെ പ്രാധാന്യമുണ്ട്. വ്യക്തികളെയും കുടുംബങ്ങളെയും നവീകരിക്കുന്നതിൽ ദൈവവചനത്തിനുള്ള പ്രാധാന്യം ഏറ്റു പറയുന്നതിനുള്ള ഒരവസരമാണ് ഈ ബൈബിൾ ഞായറാചരണം. പതിവുപോലെ ഈ വർഷവും ഡിസംബർ മാസം ബൈബിൾ പാരായണമാസമായി നാം ആചരിക്കുകയാണ്. ദൈവവചനത്തിലേക്ക് നമ്മുടെ സവിശേഷമായ ശ്രദ്ധ തിരിയത്തക്കവിധം, വിവിധങ്ങളായ പദ്ധതികൾ ആവിഷ്ക്കരിച്ച്, എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ക്രൈസ്തവ ഭവനങ്ങളിലും നടപ്പിലാക്കുന്നതിന് എല്ലാവരും പ്രത്യേകിച്ച് ബഹു. വികാരിയച്ചന്മാരും ശ്രദ്ധിക്കുമല്ലോ. ബൈബിൾ പാരായണമാസത്തിന്റെ അതിരൂപതാതല ഉദ്ഘാടനം ***ഡിസംബർ ഒന്നാം തീയതി ബദിയടുക്ക സെന്റ് മേരീസ് ദേവാലയത്തിൽ*** അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് നിർവഹിക്കുന്നതാണ്. അന്നേ ദിവസം തന്നെ എല്ലാ ഇടവക ദേവാലയങ്ങളിലും ബൈബിൾ പ്രതിഷ്ഠയോടെ ബൈബിൾ മാസാചരണം ആരംഭിക്കാൻ ശ്രദ്ധിക്കുമല്ലോ.

ഇടവകകളിലും സന്യാസഭവനങ്ങളിലും ഡിസംബർ മാസം മുഴുവൻ ബൈബിൾ പാരായണയജ്ഞം നടത്തുന്നത് അഭിലഷണീയവും മാതൃകാപരവുമാണ്. ദിവസം മൂന്നര മണിക്കൂർ ബൈബിൾ വായനയ്ക്കായി മാറ്റിവച്ചാൽ ഒരുമാസം കൊണ്ട് സമ്പൂർണ്ണബൈബിൾ മുഴുവനായും നമുക്കു വായിച്ചു തീർക്കാൻ സാധിക്കും. ബൈബിൾ ഞായറായി ആചരിക്കുന്ന, ***ഡിസംബർ 18 ന്*** എല്ലാ ഇടവകകളിലും ബൈബിൾ പ്രദക്ഷിണവും പ്രതിഷ്ഠയും നടത്തുകയും

തിരുവചനവായനയുടെ പ്രാധാന്യം ദൈവജനത്തിനു മനസ്സിലാക്കത്തക്ക വിധം പ്രഭാഷണം നടത്തുകയും വേണം. ബൈബിൾ ഞായറാചരണം സമുചിതവും ശ്രദ്ധേയവുമാക്കുന്നതിനു ഉചിതമായ മറ്റു മാർഗ്ഗങ്ങളും കണ്ടെത്തുന്നത് നല്ലതാണ്.

**2. സഭാനവീകരണ ധ്യാനം**

കേരള കത്തോലിക്കാസഭ സഭാനവീകരണ വർഷമായി ആചരിക്കുന്ന ഈ വർഷം നമ്മുടെ അതിരൂപത എല്ലാ ഇടവകകളിലും നവീകരണ ധ്യാനങ്ങൾ വചനപ്രഘോഷണസമിതിയുടെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. അതിരൂപത പ്രത്യേകമായി ക്രമീകരിക്കുന്ന ധ്യാനടീമുകളായിരിക്കും ഇടവകകളിൽ ധ്യാനത്തിന് എത്തുന്നത്. ധ്യാനത്തിന് ഒരുക്കമായ ഹോംമിഷൻ, വീട് വെഞ്ചരിപ്പ് എന്നിവയും ക്രമീകരിക്കുന്നതാണ്. 2022 ഡിസംബർ മാസത്തിൽ 1 മുതൽ 4 വരെ ചെമ്പേരി ഫൊറോനയിലും 15 മുതൽ 18 വരെ മേരിഗിരി ഫൊറോനയിലും നവീകരണധ്യാനം നടത്തുന്നു. ധ്യാന ദിവസങ്ങളിൽ അഭിവന്ദി പാംപ്ലാനി പിതാവ് ധ്യാനം നടക്കുന്ന ഇടവകകളിൽ സന്ദർശനം നടത്തുന്നതായിരിക്കും. ധ്യാന സമാപനദിവസം എല്ലാ ഇടവകകളിലും അതിരൂപതാകേന്ദ്രത്തിലെ ബഹു. വൈദികർ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകുന്നതാണ്. ധ്യാന വിജയത്തിനായി എല്ലാവരുടെയും സവിശേഷ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

**3. പ്രീച്ചേർസ് മീറ്റ്**

സഭാ നവീകരണ ധ്യാനത്തിൽ സഹകരിക്കുന്ന അതിരൂപതയിലെ ധ്യാന പ്രസംഗകരുടെ മൂന്നാമത്തെ ട്രെയിനിംഗ് പ്രോഗ്രാം സന്ദേശഭവനിൽവച്ച് നവംബർ 21-22 തീയതികളിൽ നടത്തി. അഭിവന്ദ്യ പാംപ്ലാനി പിതാവിന്റെ നേതൃത്വത്തിലുള്ള വചന പ്രഘോഷണം, ദിവ്യകാരുണ്യ ആരാധന, ഫാ. മാത്യു വേങ്ങക്കുന്നേൽ നടത്തിയ വചനശുശ്രൂഷ എന്നിവ സവിശേഷതയായിരുന്നു. നവീകരണധ്യാന ടീമുകളിലെ എഴുപതോളം ധ്യാനപ്രസംഗകർ പങ്കെടുത്തു. ധ്യാനവിജയത്തിനായി പ്രാർത്ഥിച്ചൊരുങ്ങിയ എല്ലാവർക്കും അഭിനന്ദനങ്ങൾ. മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, ഫാ. ടോം ഓലിക്കരോട്ട്, ഫാ. വിപിൻ വടക്കേപ്പറമ്പിൽ എന്നിവർ നേതൃത്വം നൽകി.

**4. ആൽഫയുടെ തലശ്ശേരിയിലെ ബിരുദദാന ചടങ്ങ് ജനുവരി 21 ന്**

2019 ബാച്ചിൽ ദൈവശാസ്ത്രപഠനം വിജകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാനം 2023 ജനുവരി 21 ന് ശനിയാഴ്ച തലശ്ശേരി സന്ദേശഭവൻ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ കൃത്യം 9.30 ന് ചടങ്ങ് ആരംഭിക്കും. ബിരുദം സ്വീകരിക്കുന്ന എല്ലാ വിദ്യാർത്ഥികളും രാവിലെ 8.30 മണിയോടെ ചടങ്ങ് നടക്കുന്ന ഓഡിറ്റോറിയത്തിൽ എത്തിച്ചേർന്ന് തങ്ങളുടെ പേര് രജിസ്റ്റർ ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. അവർ ധരിക്കേണ്ട കോൺവൊക്കേഷൻ വസ്ത്രവും ക്യാപ്പും രജിസ്റ്റർ ചെയ്യുമ്പോൾ നല്കുന്നതായിരിക്കും. 9.00 നുള്ള കോൺവൊക്കേഷൻ പ്രദക്ഷിണത്തിൽ പങ്കെടുക്കുന്നവർക്കു മാത്രമേ ഹാളിൽ പ്രവേശനം ലഭിക്കുകയുള്ളൂ. കോൺവൊക്കേഷൻ ഫീസായി 700 രൂപയാണ് വിദ്യാർത്ഥികൾ അടയ്ക്കേണ്ടത്.

**5. ബിരുദദാന ചടങ്ങുകൾ**

എസ്.എച്ച് പാലാ, എഫ്.സി.സി പാലാ, കോതമംഗലം സി.എം.സി, മൂവാറ്റുപുഴ എഫ്.സി.സി, എന്നീ പ്രൊവിൻഷ്യൽ ഹൗസുകളിൽ വച്ച് നടത്തപ്പെട്ട ബിരുദദാനചടങ്ങുകളിൽ 201 വിദ്യാർത്ഥികൾ ബിരുദം സ്വീകരിച്ചു. ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് ബിരുദദാനം നിർവ്വഹിച്ചു. ഡയറക്ടർ റവ. ഡോ. ടോം ഓലിക്കരോട്ട്, ഡീൻ ഓഫ് സ്റ്റഡീസ് റവ. ഡോ. ജോസഫ് കാക്കരമറ്റത്തിൽ എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

**6. ലോഗോസ് ക്വിസ് സെമിഫൈനൽ മത്സരവിജയികൾ**

കോഴിക്കോടു വച്ചു നടന്ന സെമിഫൈനൽ മത്സരത്തിൽ മൂന്നു പേരാണ് സംസ്ഥാനതല മത്സരത്തിലേക്ക് യോഗ്യത നേടിയത്.

1. ട്രീസ കളത്തിങ്കൽ - സി ഗ്രൂപ്പ് (എടൂർ)
2. റോസിലി വരിക്കപ്ലാംതടത്തിൽ - ഇ ഗ്രൂപ്പ് (തിരൂർ)
3. അന്ന ഇടപ്പാട്ട് - എഫ് ഗ്രൂപ്പ് (മേലെചൊവ്വ)

**ലോഗോസ് ഫമീലിയ ക്വിസ് - ഫൈനൽ റൗണ്ടിൽ പങ്കെടുത്തവർ**

റജീഷ് പെരുമാട്ടിക്കുന്നേൽ ആന്റ് ഫാമിലി (പരിയാരം)

**ഭിന്നശേഷി വിഭാഗം**

നിമ്മി ഏലിയാസ് തേൻവള്ളിയിൽ

**സംസ്ഥാന തല മത്സരം**

നവം. 19 ന് എറണാകുളം പി.ഒ.സി. യിൽ വച്ചു നടന്ന ഫൈനൽ മത്സരങ്ങളിൽ പങ്കെടുത്തവർക്കും ജേതാക്കളായവർക്കും അഭിനന്ദനങ്ങൾ.

**നിമ്മി ഏലിയാസിനും ബഹു. പ്രീയേഷ് കളരിമുറിയിലച്ചനും അഭിനന്ദനങ്ങൾ**

ഭിന്നശേഷി വിഭാഗത്തിൽ നടന്ന ലോഗോസ് ക്വിസ് മത്സരത്തിൽ തലശ്ശേരി അതിരൂപതയിൽനിന്ന് രജിസ്ട്രർ ചെയ്ത നിമ്മി ഏലിയാസ് തേൻപള്ളി സംസ്ഥാന തലത്തിൽ ഒന്നാം സമ്മാനത്തിന് അർഹയായി. നിമ്മി ചെറുപുഴ സ്വദേശിനിയാണ്. നിമ്മിക്ക് തലശ്ശേരി അതിരൂപതയുടെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അകന്നു കഴിയുന്ന ബധിരരും മൂകരുമായ വ്യക്തികളുടെ സമഗ്രമായ ഉന്നമനത്തിനുവേണ്ടി തന്റെ ജീവിതം മാറ്റിവച്ചുകൊണ്ട്, പൗരോഹിത്യ ജീവിതവഴിയിൽ വേറിട്ട സേവനമാതൃകയായി പ്രശോഭിക്കുന്ന സമുന്നത വ്യക്തിത്വമാണ് ബഹു. പ്രിയേഷ് കളരിമുറിയച്ചൻ. ഭിന്നശേഷി വിഭാഗത്തിൽ ലേഗോസ് ക്വിസിൽ സംസ്ഥാനതല ജേതാവായ നിമ്മിയുടെ വിജയത്തിന്റെ പിന്നിലെ പ്രചോദക ശക്തിയായ് നിലകൊണ്ട ബഹു. പ്രിയേഷച്ചന് ഹൃദയം നിറഞ്ഞ നന്ദിയും അഭിനന്ദനങ്ങളും.

**ലോഗോസ് ക്വിസ് സർട്ടിഫിക്കറ്റ്**

ഓരോ ഇടവകകളിലേക്കുള്ള സർട്ടിഫിക്കറ്റുകൾ താമസിയാതെ ഫൊറോന കേന്ദ്രങ്ങളിൽ എത്തിക്കുന്നതാണ്.

**ലോഗോസ് ക്വിസ് 2022 അതിരൂപതാതല വിജയികൾക്കുള്ള അനുമോദനം**

2023 ജനുവരി 21 ന് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കുന്ന ബിരുദദാനചടങ്ങിൽ വച്ച് എല്ലാ ഗ്രൂപ്പുകളിലും നിന്ന് അതിരൂപതാതലത്തിൽ ഒന്നാമത് എത്തിയ ജേതാക്കളെ അനുമോദിക്കുന്നതാണ്. പി.ഒ.സി യിൽ വച്ചുനടന്ന ഫൈനൽ മത്സരത്തിൽ പങ്കെടുത്ത എല്ലാവരും അന്നേദിവസം എത്തിച്ചേരേണ്ടതാണ്.

ആഞ്ചല വടക്കേക്കര - എ ഗ്രൂപ്പ് (ചാവറഗിരി)
തോമസ് നാഗനോലിൽ - ബി ഗ്രൂപ്പ് (ചെറുപാറ)
ബിന്ദു ടൈറ്റസ് വയലുങ്കൽ - ഡി ഗ്രൂപ്പ് (പനത്തടി)

എന്നിവരും എത്തിച്ചേരണം. കൂടാതെ, നിമ്മി ഏലിയാസിന് വേണ്ട പരിശീലനം നൽകിയ ബഹു. പ്രിയേഷ് കളരിമുറിയിലച്ചനെയും അന്നേ ദിവസം ആദരിക്കുന്നുണ്ട്.

**7. സെമസ്റ്റർ പരീക്ഷകൾ: ല്യൂമെൻ എക്ലേസിയ പരീക്ഷകൾ**

തലശ്ശേരി അതിരൂപതയിലെ വിശ്വാസപരിശീലകർക്കായി നടത്തുന്ന ദൈവശാസ്ത്രപഠന പ്രോഗ്രാമായ ല്യൂമെൻ എക്ലേസിയാ മൂന്നാം സെമസ്റ്ററിലെ ക്ലാസ്സുകൾ പൂർത്തിയായല്ലോ. കോവിഡ് മാറിയ സാഹചര്യത്തിൽ ഓൺലൈൻ പരീക്ഷയ്ക്കു പകരം എഴുത്തു പരീക്ഷയായിരിക്കും നടത്തപ്പെടുന്നത്. ജനുവരി 15 നു മുമ്പ് അതാത് ഇടവകകളിലെ ഹെഡ്മാസ്റ്റർമാരുടെ നേതൃത്വത്തിൽ പരീക്ഷകൾ നടത്തി ഉത്തരക്കടലാസുകൾ ആൽഫയിൽ എത്തിക്കേണ്ടതാണ്. ചോദ്യപേപ്പർ ഹെഡ്മാസ്റ്റർമാർക്ക് നൽകുന്നതാണ്.

**8. ബൈബിൾ സന്ധ്യ**

കേരളസഭാനവീകരണ വർഷമായി ആചരിക്കുന്ന ഈകാലഘട്ടത്തിൽ വ്യക്തികളെയും സഭയെയും നവീകരിക്കുന്നതിന് ദൈവവചനത്തിനുള്ള ശക്തി തിരിച്ചറിയാനും തിരുവചനത്തോട് ആഭിമുഖ്യം വളർത്താനും സഹായിക്കുക എന്ന ലക്ഷ്യത്തോടെ ഇടവകകളിൽ വചനസന്ധ്യ നടത്താൻ അതിരൂപതാബൈബിൾ അപ്പൊസ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ ടീം തയ്യാറായിട്ടുണ്ട്. വചനപ്രഘോഷണം, ആരാധന, മ്യൂസിക് മിനിസ്ട്രി, ഡോക്യുമെന്ററി പ്രദർശനം ഇവ ഉൾപ്പെടുന്ന പ്രോഗ്രാമാണ് വചനസന്ധ്യയിൽ. അതിരൂപതയിലെ അച്ചന്മാരുടെ ടീമാണ് പ്രോഗ്രാം നടത്തുന്നത്. ഇടവകകളിൽ നടത്താൻ താത്പര്യമുള്ളവർ ബൈബിൾ അപ്പൊസ്റ്റോലേറ്റിന്റെ ഓഫീസുമായി ബന്ധപ്പെടുമല്ലോ. **നമ്പർ 8086312826.**

**9. സമ്പൂർണ്ണ ബൈബിൾ പാരായണത്തിന് ഒരു മാർഗ്ഗരേഖ**

| | | | | | |
|---|---|---|---|---|---|
| 01 | ഉത്പ 1-38 | 04 | ലേവ്യ 24-27 | | ജോഷ്വ 1-24 |
| 02 | ഉത്പ 39-50 | 05 | സംഖ്യ 1-28 | | ന്യായാ 1-13 |
| | പുറ 1-27 | | സംഖ്യ 29-36 | 07 | ന്യായാ 14-21 |
| 03 | പുറ 28-40 | | നിയ 31 | | റൂത്ത് 1-4 |
| | ലേവ്യ 1-23 | 06 | നിയ 32-34 | | 1 സാമു 1-31 |

| | |
|---|---|
| | 2 സാമു 1-6 |
| 08 | 2 സാമു 7-24 |
| | 1 രാജാ 1-17 |
| 09 | 1 രാജാ 18-22 |
| | 2 രാജാ 1-25 |
| | 1 ദിന 1-6 |
| 10 | 1 ദിന 7-29 |
| | 2 ദിന 1-19 |
| 11 | 2ദിന 20-36 |
| | എസ്രാ 1-10 |
| | നെഹെ 1-13 |
| | തോബി 1-3 |
| 12 | തോബി 4-14 |
| | യൂദി 1-16 |
| | എസ്തേ 1-16 |
| | 1 മക്ക 1-5 |
| 13 | 1 മക്ക 6-16 |
| | 2 മക്ക 1-15 |
| 14 | ജോബ് 1-42 |
| 15 | സങ്കീ 1-76 |
| 16 | സങ്കീ 77-134 |
| 17 | സങ്കീ 135-150 |
| | സുഭാ 1-31 |
| | സഭാ 1-3 |
| 18 | സഭാ 4-12 |
| | ഉത്ത 1-8 |
| | ജ്ഞാനം 1-19 |
| | പ്രഭാ 1-17 |
| 19 | പ്രഭാ 18-51 |
| | ഏശ 1-8 |
| 20 | ഏശ 9-66 |
| 21 | ജറെ 1-47 |
| 22 | ജറെ 48-52 |
| | വിലാ 1-5 |
| | ബാറൂ 1-6 |
| | എസെ 1-22 |
| 23 | എസെ 23-48 |
| | ദാനി 1-44 |
| 24 | ഹോസി 1-44 |
| | ജോയേ 1-3 |
| | ആമോ 1-9 |
| | ഒബാ 1 |
| | യോനാ 1-4 |
| | മിക്കാ 1-7 |
| 25 | നാഹും 1-3 |
| | ഹബ 1-3 |
| | സെഫാ 1-3 |
| | ഹഗ്ഗാ 1-2 |
| | സഖ 1-14 |
| | മല 1-4 |
| 26 | മത്താ 1-28 |
| | മർക്കോ 1-7 |
| 27 | മർക്കോ 8-16 |
| | ലൂക്കാ 1-24 |
| 28 | യോഹ1-21 |
| | അപ്പ 1-13 |
| 29 | അപ്പ 14-28 |
| | റോമാ 1-16 |
| | 1 കോറി1-16 |
| 30 | 2 കോറി 1-13 |
| | ഗലാ 1-6 |
| | എഫേ 1-6 |
| | ഫിലി 1-4 |
| | കൊളോ 1-4 |
| | 1 തെസ്സ 1-5 |
| | 2 തെസ്സ 1-3 |
| | 1 തിമോ 1-6 |
| | 2 തിമോ 1-4 |
| | തീത്തോ 1-3 |
| | ഫിലെ 1 |
| 31 | ഹെബ്രാ 1-13 |
| | യാക്കോ 1-5 |
| | 1 പത്രോ 1-5 |
| | 2 പത്രോ 1-3 |
| | 1 യോഹ 1-5 |
| | 2 യോഹ 1 |
| | 3 യോഹ 1 |
| | യൂദാ 1 |
| | വെളി 1-22 |

***ഏവർക്കും ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാർത്ഥനാനിർഭരമായ ക്രിസ്തുമസ് ആശംസകൾ...***

സ്നേഹപൂർവ്വം,

**ഫാ. ഫിലിപ്പ് കവിയിൽ**
*പ്രസിഡന്റ്, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ടോം ഓലിക്കരോട്ട്**
*ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്,*
*ബൈബിൾ അപ്പൊസ്തൊലേറ്റ്*

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

വിണ്ണിന്റെ നാഥൻ മന്നിലേക്കിറങ്ങി മണ്ണിന്റെ മക്കളെ വിണ്ണോള മുയർത്താൻ തന്നെത്തന്നെ ശൂന്യനാക്കി ദാസന്റെ രൂപം സ്വീകരിച്ച ദൈവപുത്രന്റെ മനുഷ്യാവതാര സ്മൃതിയാണല്ലോ ക്രിസ്തുമസ്. ഇരുളിന് വെളിച്ചവും; ശിഷയ്ക്ക് രക്ഷയും; മരണത്തിന് നിത്യരക്ഷയും നൽകുന്ന സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്തയായ തിരുപ്പിറവി നാം ആഘോഷിക്കുമ്പോൾ ലോകം മുഴുവനും ഈശോയുടെ ശാന്തിയും സമാധാനവും നിറയപ്പെടുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം. കുഞ്ഞുമിഷനറിമാർക്കെല്ലാവർക്കും പിറവിത്തിരുനാളിന്റെ മംഗളങ്ങൾ...

അനുസ്മരിക്കുന്ന തിരുനാൾ : ഈശോയുടെ തിരുപ്പിറവി
അനുസ്മരിക്കുന്ന വിശുദ്ധൻ : വി. ഫ്രാൻസീസ് സേവ്യർ
പ്രാർത്ഥനാനിയോഗം: ശാഖാസമിതികളുടെ നിയോഗങ്ങൾക്കുവേണ്ടി
സുകൃതം : 75 പരിശുദ്ധരാജ്ഞി
സുകൃതജപം : കുഞ്ഞുണ്ണീശോയെ കുഞ്ഞുങ്ങളിൽ നിറയണമെ.
*വിശുദ്ധയെ അറിയാൻ, സ്നേഹിക്കാൻ* : നവമാലിക അദ്ധ്യായം 6

## 1. ശാഖകൾ ശ്രദ്ധിക്കാൻ

1 വ്യാഴം : 25 നോമ്പ് ആരംഭം. വചനമരം നിർമ്മാണം. എല്ലാ ദിവസവും വി.കുർബാനയിൽ പങ്കെടുക്കുക.
3 ശനി : വി. ഫ്രാൻസീസ് സേവ്യറിന്റെ തിരുനാൾ, അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യസ്വീകരണം, മാർ ജോസഫ് പാംപ്ലാനി പാതാവിന്റെ ജന്മദിനം
8 വ്യാഴം : അമലോത്ഭവമാതാവിന്റെ തിരുനാൾ

11 ഞായർ : ശാഖകളിൽ ക്രിസ്കാർഡ് മത്സരം നടത്തുക.
18 ഞായർ : ക്രിസ്കാർഡ് മത്സരം റീജിയണൽ തലത്തിൽ
25 ഞായർ : പിറവിത്തിരുനാൾ
27 ചൊവ്വ : തിരുകുടുംബത്തിന്റെ തിരുനാൾ
28 ബുധൻ : കുഞ്ഞിപൈതങ്ങളുടെ തിരുനാൾ
31 ശനി : വർഷാവസാനം - ദിവ്യബലിയിൽ പങ്കെടുത്ത് ദൈവത്തിന് നന്ദിപറയാം.

## 2. മേഖലകൾ ശ്രദ്ധിക്കാൻ

എക്സിക്യൂട്ടീവ്, വി. ഫ്രാൻസീസ് സേവ്യറിന്റെ തിരുനാൾ, അതിരൂപതാ ഇലക്ഷൻ മാനേജിംഗ് കമ്മറ്റി, ക്രിസ്കാർഡ് മത്സരം റീജിയണൽ തലങ്ങളിൽ, അൾത്താരബാലൻമാരുടെ സെമിനാർ, ടീം ക്വിസ്സ് മത്സരം, കരോൾഗാന മത്സരം, അഗതിമന്ദിര സന്ദർശനം.

## 3. ക്രിസ്കാർഡ് നിർമ്മാണ മത്സരം

ക്രിസ്മസ് ആഘോഷ ഭാഗമായി മിഷൻലീഗ്അംഗങ്ങൾക്കായി നടത്തുന്ന ക്രിസ്കാർഡ് നിർമ്മാണ മത്സരം റീജിയണൽ തലത്തിൽ നടത്തപ്പെടുന്നു. ശാഖകളിൽ മത്സരം നടത്തി ശാഖകളിൽ നിന്ന് ഒന്നാം സ്ഥാനം ലഭിക്കുന്നവർ ഡിസംബർ 18-ാം തീയതി ഉച്ചകഴിഞ്ഞ് റീജിയണൽ തലത്തിൽ നടത്തപ്പെടുന്ന അതിരൂപതാ മത്സരത്തിൽ പങ്കെടുക്കേണ്ടതാണ് എന്ന കാര്യം ഓർമ്മിപ്പിക്കുന്നു. സ്ഥലവും സമയവും പിന്നീട് അറിയിക്കുന്നതായിരിക്കും. (കൂടുതൽ വിവരങ്ങൾക്ക് നവംബർ മാസം ഗിരിദീപം പേജ് 51 -52, മാർഗ്ഗരേഖ പേജ് 57 എന്നിവ കാണുക).

## 4. കൈയ്യെഴുത്ത് മാസിക

മേഖലാ തലത്തിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന കൈയ്യെഴുത്ത് മാസികകൾ ജനുവരി 26-ാം തിയതി അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. (കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 56-57, നവംബർ മാസം ഗിരിദീപം പേജ് 51 എന്നിവ കാണുക.)

## 5. ടീം ക്വിസ്സ്

ഈ വർഷത്തെ ടീം ക്വിസ് 2023 ജനുവരി 26 ന് നടത്തപ്പെടും എന്ന കാര്യം ഓർമ്മിപ്പിക്കുന്നു. അതിരൂപതാ മത്സരത്തിന് മുമ്പ് മേഖലകളിൽ മത്സരം നടത്തി ഒന്നാം സ്ഥാനം കിട്ടുന്ന ടീമാണ് അതിരൂപതയിൽ മത്സരിക്കേണ്ടത്. (കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 55, നവംബർ മാസം ഗിരിദീപം പേജ് 50-51, കാണുക.)

## 6. അതിരൂപതാതല ക്രിസ്മസ് ആഘോഷം

അതിരൂപതാതല ക്രിസ്മസ് ആഘോഷം വായാട്ടുപറമ്പ് - ആലക്കോട് മേഖലകളുടെ സഹകരണത്തോടെ കരുവഞ്ചാൽ ശാന്തിഭവനിൽ വച്ച് ഡിസംബർ 23 ന് നടത്തുന്നതായിരിക്കും.

**7. നക്ഷത്ര ദൂത്**

17 മേഖലകളുടെയും സഹകരണത്തോടെ അതിരൂപതയുടെ നേതൃത്വത്തിൽ കുട്ടികളുടെ ക്രിസ്മസ് വചനസന്ദേശം ഡിസംബർ ഒന്നുമുതൽ അയക്കുന്നതായിരിക്കും.

**8. പച്ചക്കറിത്തോട്ടം**

പച്ചക്കറിത്തോട്ടത്തിന് പേര് രജിസ്റ്റർ ചെയ്തവർ പ്രവർത്തന ഘട്ടങ്ങളുടെ ഫോട്ടോകൾ cmltly01@gmail.com എന്ന ഈ- മെയിൽ അഡ്രസിലേയ്ക്കാണ് അയയ്ക്കേണ്ടത്. പേര് രജിസ്റ്റർ ചെയ്തവർ നിർബന്ധമായും ഫോട്ടോകൾ അയക്കേണ്ടതാണ് എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. അതിരൂപതയിൽ നിന്നും ഡിസംബർ ഒന്നാമത്തെ ആഴ്ചതന്നെ ആദ്യഘട്ട സന്ദർശനത്തിനായി വരുന്നതായിരിക്കും.

**9. ഉണ്ണീശോയ്ക്ക് സ്നേഹസമ്മാനം**

ഡിസംബർ 1-ാം തീയതി മുതൽ 25-ാം തീയതി വരെ കുഞ്ഞുമക്കൾ അവരുടെ ഹൃദയത്തിൽ സുകൃതങ്ങളാകുന്ന പൂമെത്തയൊരുക്കി ഉണ്ണീശോയെ വരവേൽക്കാനായി **ഉണ്ണീശോയ്ക്ക് സ്നേഹ സമ്മാനം** എന്ന പേരിൽ സുകൃതമഞ്ജരികൾ തയ്യാറാക്കി നൽകുന്നു. വൈസ്ഡയറക്ടേഴ്സ് ഓരോ ദിവസത്തെയും സുകൃതങ്ങൾ കുട്ടികൾക്ക് നൽകുവാൻ ശ്രദ്ധിക്കുമല്ലോ.

**10. വചനമരം**

ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങൾ ക്രിസ്തുമസിനോടനുബന്ധിച്ച് ആത്മീയമായി വളരുന്നതിന് ധാരാളം ദൈവവചനങ്ങൾ പഠിക്കാൻ ശ്രദ്ധിക്കുമല്ലോ. പഠിച്ചവചനങ്ങൾ ആകർഷകമായ കാർഡുകളിൽ എഴുതി മറ്റ് അലങ്കാര വസ്തുക്കളോടൊപ്പം മാതാപിതാക്കളുടെ സഹായത്തോടെ വീടിനുള്ളിലോ, പുറത്തോ, വലിയ ചെടികളിലോ, സൗകര്യപ്രദമായ മരത്തിലോ തൂക്കി അലങ്കരിക്കുമല്ലോ. ശാഖാ തലത്തിൽ ഇടവക പള്ളിമുറ്റത്തും വചനമരങ്ങൾ ഒരുക്കുവാനും കുട്ടികൾക്ക് വചനങ്ങൾ എഴുതികൊണ്ടുവന്ന് തൂക്കുവാനുമുള്ള ക്രമീകരണം ഒരുക്കുമല്ലോ. ഏറ്റവും നന്നായി അലങ്കരിക്കുന്ന വചനമരത്തിന് ശാഖാതലത്തിൽ സമ്മാനങ്ങൾ നൽകുവാൻ ശാഖാ ഡയറക്ടേഴ്സും, വൈസ്ഡയറക്ടേഴ്സും ശ്രദ്ധിക്കുമല്ലോ.

**11. ഉണ്ണീശോയ്ക്കൊരു കട്ടിൽ : പഞ്ചാബ് മിഷനിലേക്ക്**

എല്ലാവർഷവും ക്രിസ്തുമസ്സിനോടനുബന്ധിച്ച് മിഷൻപ്രദേശത്തേയ്ക്ക് എല്ലാ ശാഖകളുടെയും സഹകരണത്തോടെ നാം തുക ശേഖരിച്ച് നൽകാറുണ്ടല്ലോ. ഈ വർഷം നാം സമാഹരിക്കുന്ന തുക തലശ്ശേരി അതിരൂപതയുടെ മിഷൻപ്രദേശമായ പഞ്ചാബ് മിഷനാണ് നൽകുന്നത്. അവിടെയുള്ള അനാഥമന്ദിരത്തിലെ കുട്ടികൾക്ക് കിടക്കുവാനുള്ള കട്ടിലുകളും അനുബന്ധസൗകര്യങ്ങളും ഒരുക്കുവാനാണ് ഇപ്രാവശ്യത്തെ മുഴുവൻ തുകയും

ഉപയോഗപ്പെടുത്തുക. ഈ കുഞ്ഞുങ്ങളെ സഹായിക്കുവാനായി 25 നോമ്പിൽ നാം ത്യാഗപൂർവ്വം സമ്പാദിക്കുന്ന തുക നമുക്ക് മാറ്റിവയ്ക്കാം. 25 നോമ്പിൽ കുട്ടികൾ സമ്പാദിക്കുന്ന സമർപ്പണ ഫണ്ട് ഈ പ്രത്യേക നിയോഗത്തിൽ സമാഹരിച്ച് ഓഫീസിൽ എത്തിക്കുവാൻ ബഹു. വൈസ് ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ. ഒരു കട്ടിലിന് **5000** രൂപയാണ്. ഒന്നോ അതിൽ കൂടുതൽ കട്ടിലുകൾക്കുള്ള തുകയോ, ഒരു കട്ടിലിനുള്ള ഭാഗികതുകകളോ നൽകണമെന്ന് ഏവരേയും ഓർമ്മിപ്പിക്കുന്നു. നമ്മുടെ മിഷനായ പഞ്ചാബ് മിഷനെ സഹായിക്കാൻ നമുക്ക് പൂർണ്ണ മനസ്സോടെ സഹകരിക്കാം... പഞ്ചാബ് മിഷനുവേണ്ടി പ്രാർത്ഥിക്കാം.

## 12. അഭിവന്ദ്യപിതാക്കൻമ്മാർക്ക് ആശംസകൾ നേരാം

ക്രിസ്തുമസ് പുതുവത്സരങ്ങളോടനുബന്ധിച്ച് അഭിവന്ദ്യ പിതാക്കൻമാർക്കും ശാഖകൾക്ക് പ്രാർത്ഥിക്കാൻ ലഭിച്ചിരിക്കുന്ന വൈദികർക്കും സമർപ്പിതർക്കും മിഷൻ ഗ്രാമങ്ങൾക്കും ക്രിസ്മസ് - പുതുവത്സരാശംസാ കാർഡുകൾ അയക്കുവാൻ ബഹു. വൈസ്ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

## 13. ശാഖാ സന്ദർശനങ്ങൾ

അതിരൂപതാ ഭാരവാഹികൾ ഡിസംബർ മാസം വെള്ളരിക്കുണ്ട് (ഡിസംബർ - 4), പനത്തടി (ഡിസംബർ - 18) എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ്ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

## 14. അതിരൂപതാ ഇലക്ഷൻ - മാനേജിംഗ് കമ്മിറ്റി

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത 2022-2025 വർഷത്തേക്കുള്ള അതിരൂപതാ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനുള്ള അതിരൂപതാ ഇലക്ഷൻ മാനേജിംഗ് കമ്മിറ്റി 2022 ഡിസംബർ 10 ന് ശനിയാഴ്ച രാവിലെ 10 മണി മുതൽ തളിപ്പറമ്പ് സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിൽ വെച്ച് നടക്കുന്നതായിരിക്കും. മേഖലാ ഡയറക്ടേഴ്സ്, മേഖലാ വൈസ് ഡയറക്ടേഴ്സ്, മറ്റ് മേഖലാ ഭാരവാഹികൾ എല്ലാവരും മാനേജിംഗ് കമ്മിറ്റിയിലും ഇലക്ഷനിലും പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## 15. തിളക്കമാർന്ന വിജയം - അഭിനന്ദനങ്ങൾ

സംസ്ഥാന സമിതി നൽകുന്ന 2021 - 2022 പ്രവർത്തന വർഷത്തെ മികച്ച പ്രവർത്തനത്തിനുള്ള അംഗീകാരപത്രത്തിന് തലശ്ശേരി അതിരൂപതയും; മേഖലാ തലത്തിൽ നെല്ലിക്കാംപോയിൽ തളിപ്പറമ്പ് മേഖലകളും, ശാഖാതലത്തിൽ മണിക്കടവ്, പരിയാരം, രാജമുടി എന്നീ ശാഖകളും അർഹരായി. അഭിമാനകരമായ ഈ വലിയ അംഗീകാരം നേടിയെടുക്കുവാൻ അദ്ധ്യാ

നിച്ച, സഹകരിച്ച എല്ലാ മേഖലാ - ശാഖാ ഡയറക്ടർമാരെയും, വൈസ്ഡ യറക്ടേഴ്സിനെയും ഭാരവാഹികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

### 16. രാജത്വത്തിരുനാൾ - അതിരൂപതാതല ആഘോഷം

നവംബർ 20-ാം തീയതി ഞായറാഴ്ച മണിപ്പാറ ശാഖയിൽ വച്ച് രാജ ത്വത്തിരുനാൾ ആഘോഷിച്ചു. ശാഖാ ഡയറക്ടർ ഫാ. ഫ്രാൻസീസ് റാത്ത പ്പള്ളി രാജത്വത്തിരുനാളിന് നേതൃത്വം നൽകി. ആഘോഷപൂർവ്വകമായ റാലിയും കലാവിരുന്നും അണിയിച്ചൊരുക്കിയ ശാഖാ വൈസ്ഡയറക്ടർ സിസ്റ്ററിനും, വിശ്വാസപരിശീലകർക്കും, സീനിയർ-ജൂനിയർ ഭാരവാഹി കൾക്കും പ്രത്യേകം നന്ദി.

### 17. മതാദ്ധ്യാപകദിനം - അതിരൂപതാതല ആഘോഷം

നവംബർ 6-ാം തീയതി ഞായറാഴ്ച പുറവയൽ ശാഖയിൽ വച്ച് മിഷൻലീഗ്, തിരുബാലസഖ്യം എന്നീ സംഘടനകൾ സംയുക്തമായി മതാ ദ്ധ്യാപകരെ ആദരിച്ചു. ശാഖാ ഡയറക്ടർ ഫാ. ജോസഫ് പൂവത്തോലിൽ മതാദ്ധ്യാപക ദിനത്തിന് നേതൃത്വം നൽകി. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ എല്ലാ മതാദ്ധ്യാപകരെയും ഷോൾ അണിയി ക്കുകയും അതിരൂപതാ പ്രസിഡന്റ് ശ്രീ. സുനിൽ കല്ലിടുക്കിൽ പൂക്കൾ നൽകി ആദരിക്കുകയും ചെയ്തു.

### 18. മേഖലാ സന്ദർശനം

ജനുവരി - ഫെബ്രുവരി മാസങ്ങളിൽ അതിരൂപതാ ഭാരവാഹികൾ മേഖലാ സന്ദർശനം നടത്തുന്നതായിരിക്കും എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. മേഖലകൾ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

### 19. മിഷൻ വാരാചരണം

ഒക്ടോബർ 23 മുതൽ 30 വരെ മിഷൻ പ്രതിജ്ഞ, ഹലോ മിഷൻ, നിറകതിർ, മിഷൻ സൗഹൃദം, മിഷൻ വചനാമൃതം, സ്വർഗ്ഗം നിറയ്ക്കാം, മിഷൻ ദർശനം, മിഷൻ വിഷൻ എന്നിങ്ങനെ വിവിധ പരിപാടികളോടെ അതിരൂപതയുടെ നേതൃത്വത്തിൽ മിഷൻ വാരാചരണം നടത്തി.

### 20. ശാഖാ സന്ദർശനങ്ങൾ

**23.10.2022 ഞായർ :** ചെമ്പന്തൊട്ടി മേഖലയിലെ 6 ശാഖകളും, ചെമ്പേരി മേഖലയിലെ 2 ശാഖകളും, കുന്നോത്ത് മേഖലയിലെ ഒരു ശാഖയും അതി രൂപതാ ഓർഗനൈസിംഗ് ടീം സന്ദർശിച്ചു. കോട്ടൂർവയൽ - സി. ജിൻസി എംഎസ്എം ഐ, ചെമ്പന്തൊട്ടി - സജി കുന്നത്ത്, കോട്ടൂർ - സി. സ്റ്റെഫിൻ എംഎസ്എംഐ, നടുവിൽ - സി. ട്രീസാ ജോയി, നെല്ലിക്കുന്ന് - സി. ജിൻസി എംഎസ്എംഐ, വെണ്ണക്കല്ല് - സി. സ്മിജ സിഎംസി, നെടുവാലൂർ - സി. റോഷ്നി എഫ്സിസി, ചെമ്പേരി സി. ക്ലെറിൻ എസ്എബിഎസ്, പുലി ക്കുരുമ്പ - സി. ജ്യോത്സന എഫ്സിസി, വാണിയപ്പാറ - ജോബി പനച്ചി ക്കൽകരോട്ട്.

**30.10.2022 ഞായർ :** തളിപ്പറമ്പ് മേഖലയിലെ 5 ശാഖകളും, ചെമ്പ ന്തൊട്ടി മേഖലയിലെ 4 ശാഖകളും അതിരൂപതാ ഓർഗനൈസിംഗ് ടീം സന്ദർശിച്ചു. പരിയാരം - സി. ജസ്റ്റിന എംഎസ്എംഐ, പയ്യന്നൂർ സി. ജിൻസി എംഎസ്എംഐ, തളിപ്പറമ്പ് - സുനിൽ കല്ലിടുക്കിൽ, തലശ്ശേരി-സി. ക്ലെറിൻ എസ്.എ, ബി.എസ്, അമ്മംകുളം - സജി കുന്നത്ത്, മണ്ടളം - ഫാ. ജോസഫ് വടക്കേപ്പറമ്പിൽ, ചേപ്പറമ്പ് - സുനിൽ ചെന്നിക്കര, കരയത്തും ചാൽ - സി. ട്രീസാ ജോയി എഫ്സിസി, വിളക്കന്നൂർ - സി. സ്റ്റെഫിൻ എംഎസ്എംഐ,

**06.11.2022 ഞായർ :** വായാട്ടുപറമ്പ് മേഖലയിലെ 5 ശാഖകളും, തളിപ്പ റമ്പ് മേഖലയിലെ 3 ശാഖകളും, പൈസക്കരി മേഖലയിലെ 1 ശാഖകളും, അതിരൂപതാ ഓർഗനൈസിംഗ് ടീം സന്ദർശിച്ചു. അൽഫോൻസാഗിരി - സി. ട്രീസാ ജോയി എഫ്സിസി, കരുവഞ്ചാൽ - സുനിൽ ചെന്നിക്കര, മാവു ഞ്ചാൽ - സണ്ണി പടിഞ്ഞാറെ ചിറ്റേടത്ത്, വായാട്ടുപറമ്പ്- സി. ക്ലെറിൻ എസ്. എ,ബി.എസ്, വിജയപുരം - സിസി പുതുക്കരി, കണ്ണൂർ - സി. ആൽഫിയ സിഎംസി, മേലെചൊവ്വ - സി. ജ്യോത്സന എഫ്സിസി, ബാലേശുഗിരി - സി, മരിയറ്റ് എംഎസ്എംഐ, ആടാംപാറ - സജി കുന്നത്ത്.

**13.11.2022 ഞായർ :** ആലക്കോട് മേഖലയിലെ 11 ശാഖകളും, വായാട്ടു പറമ്പ് മേഖലയിലെ 3 ശാഖകളും, അതിരൂപതാ ഓർഗനൈസിംഗ് ടീം സന്ദർശിച്ചു. ആലക്കോട് - സി. ഹെലൻ എഫ്സിസി, അരിവിലഞ്ഞപൊ യിൽ - സുനിൽ ചെന്നിക്കര, ചീക്കാട് - മാണി കണിയാരോലിക്കൽ, ജയ്ഗിരി - സുനിൽ ചെന്നിക്കര, കാർത്തികപുരം - സി. ആൽഫിയ സിഎംസി, കുട്ടാ പറമ്പ് - സി. ട്രീസാ ജോയി എഫ്സിസി, മണക്കടവ് - ജെയ്സൺ പുളിച്ച മാക്കൽ, നെല്ലിപ്പാറ - ഷേർളി പാമ്പനാൽ, ഒറ്റത്തൈ - സജി കുന്നത്ത്, ഉദ യഗിരി - മിനി ആശാരിപ്പറമ്പിൽ, വിജയഗിരി - സജി കുന്നത്ത്, കരുണാ പുരം - സണ്ണി പടിഞ്ഞാറെ ചിറ്റേടത്ത്, വെള്ളാട് - സി. ക്ലെറിൻ എസ്.എ, ബി.എസ്, തടിക്കടവ് - സിസി പുതുക്കരി.

**20.11.2022 ഞായർ :** മേരിഗിരി മേഖലയിലെ 9 ശാഖകൾ അതിരൂ പതാ ഓർഗനൈസിംഗ് ടീം സന്ദർശിച്ചു. ചെറുപാറ - സി. ആൽഫിയ സി എം സി, കോടോപ്പള്ളി - ഷേർളി പാമ്പനാൽ, മേരിഗിരി-സി. ക്ലെറിൻ എസ് എബിഎസ്, പച്ചാണി - സ്മിജ സിഎംസി, പെരിങ്ങാല - സി. സ്റ്റെഫിൻ എംഎസ്എംഐ, പെരുമ്പടവ് - സി. ട്രീസാ ജോയി എഫ് സി സി, രയറോം - സി. ഡെൽന എസ്.എ.ബി.എസ്, വെള്ളരിയാനം - സി. ജെസ്റ്റീന എംഎസ്എംഐ, വിമലശ്ശേരി - സജി കുന്നത്ത്.

## 21. മേഖലാ കൗൺസിൽ വാർഷികം

06.11.2022 ന് നെല്ലിക്കാംപൊയിൽ മേഖല മുണ്ടാനൂർ ശാഖയിൽ വച്ച് മേഖലാ കൗൺസിൽ വാർഷികം നടത്തി.

## 22. സംസ്ഥാന കലോത്സവം - തലശ്ശേരി അതിരൂപത മൂന്നാം സ്ഥാനത്ത്

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത 2022 -2023 വർഷത്തെ സംസ്ഥാന മിഷൻകലോത്സവത്തിൽ മൂന്നാം സ്ഥാനവും, സബ്ജൂനിയർ ആൺ - പെൺ വിഭാഗത്തിൽ ഒന്നാം സ്ഥാനവും, സീനിയർ ആൺ കുട്ടികളുടെ വിഭാഗത്തിൽ ഒന്നാം സ്ഥാനവും, കരസ്ഥമാക്കി. താമരശ്ശേരി പുത്തനങ്ങാടിയിൽ വച്ച് നടന്ന കലോത്സവത്തിൽ അതിരൂപതയിൽ നിന്നും 46 കലാ പ്രതിഭകൾ പങ്കെടുത്തു. മത്സരത്തിൽ വിജയികളായവർക്കും പങ്കെടുത്തവർക്കും അവരെ ഒരുക്കിയ ഡയറക്ടർ അച്ചൻമാർക്കും വൈസ്ഡയറക്ടർ സിസ്റ്റേഴ്സിനും മാതാപിതാക്കൾക്കും ചെറുപുഷ്പ മിഷൻലീഗ് ശാഖാ - മേഖല - രൂപത ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

## 23. സംസ്ഥാന കലാമത്സര വിജയികൾ

| പേര് വീട്ടുപേര് | ഇടവക | മേഖല |
|---|---|---|
| **പ്രസംഗം - സബ് ജൂനിയർ (Boys)** | | |
| A - ആൽഫ്രഡ് മമ്പള്ളിക്കുന്നേൽ | അങ്ങാടിക്കടവ് | കുന്നോത്ത് |
| A - എഡ്വിൻ മുളയന്നൂർ | ഉദയഗിരി | ആലക്കോട് |
| **പ്രസംഗം - സബ്ജൂനിയർ (Girls)** | | |
| A - റോസ്മേരി സിബി പയ്യനാട്ട് | മേരിപുരം | പനത്തടി |
| A - ദിയ കുളത്തിങ്കൽ | തോമാപുരം | തോമാപുരം |
| **സംഗീതം - സബ്ജൂനിയർ (Boys)** | | |
| I A - വർഗ്ഗീസ് മാന്താനത്ത് | ആലക്കോട് | ആലക്കോട് |
| II A - ജോസഫ് ചേന്നാട്ട് | വിമലശ്ശേരി | മേരിഗിരി |
| **സംഗീതം - സബ്ജൂനിയർ (Girls)** | | |
| I A - ജിയന്ന പൂവത്തുംമൂട്ടിൽ | വെള്ളരിക്കുണ്ട് | വെള്ളരിക്കുണ്ട് |
| A - ജീവൽമരിയ മുണ്ടയ്ക്കാട്ട് | ആര്യപ്പറമ്പ് | പേരാവൂർ |
| **ബൈബിൾ വായന - സബ്ജൂനിയർ (Boys)** | | |
| B - ഇമ്മാനുവേൽ ചിറയ്ക്കൽപൂവേലിൽ | പേരാവൂർ | പേരാവൂർ |
| B - ജോസഫിൻ മ്ലാക്കുഴിയിൽ | വരക്കാട് | തോമാപുരം |
| **ബൈബിൾ വായന - സബ്ജൂനിയർ (Girls)** | | |
| B - ഹയ മരിയ കട്ടക്കയം | കരുവഞ്ചാൽ | വായാട്ടുപറമ്പ് |
| III A - ആദ്യമരിയ കൂട്ടാല | മാട്ടറ | നെല്ലിക്കാംപൊയിൽ |
| **പ്രസംഗം - ജൂനിയർ (Boys)** | | |
| A - തോമസ് കുര്യൻ തടിക്കൽ | പുലിക്കുരുമ്പ | ചെമ്പേരി |
| A - അജയ് ഇഗ്നേഷ്യസ് മനയാനി | തളിപ്പറമ്പ് | തളിപ്പറമ്പ് |
| **പ്രസംഗം - ജൂനിയർ (Girls)** | | |
| A - അന്ന പുത്തൻപുരയ്ക്കൽ | വെള്ളാട് | വായാട്ടുപറമ്പ് |
| A - സേറാലീസ് വെട്ടിക്കാട്ട് | എടൂർ | എടൂർ |

**സംഗീതം - ജൂനിയർ (Boys)**

| | | |
|---|---|---|
| A - ലോയിഡ് തുരുത്തിയിൽ | നെല്ലിക്കാംപൊയിൽ | നെല്ലിക്കാംപൊയിൽ |
| A - അബ്രാഹം കൊരട്ടിയിൽ | തളിപ്പറമ്പ് | തളിപ്പറമ്പ് |

**സംഗീതം - ജൂനിയർ (Girls)**

| | | |
|---|---|---|
| A - ആഗ്നസ്പുത്തൻപുരയ്ക്കൽ | മണിക്കടവ് | നെല്ലിക്കാംപൊയിൽ |
| B - മരിയ കൂട്ടിയാനി | ചെറുപുഴ | ചെറുപുഴ |

**ക്വിസ് - ജൂനിയർ (Boys)**

| | | |
|---|---|---|
| A - ഗോഡ്‌വിൻ പൂന്തോട്ടാൽ | കരിക്കോട്ടക്കരി | എടൂർ |
| A- പവൽപോൾ കലശ്ശിയിൽ | പരിയാരം | തളിപ്പറമ്പ് |

**ക്വിസ് - ജൂനിയർ (Girls)**

| | | |
|---|---|---|
| B - അലോന കാഞ്ഞിരത്തിങ്കൽ | മണ്ഡപം | തോമാപുരം |

**പ്രസംഗം - സീനിയർ (Boys)**

| | | |
|---|---|---|
| I A - കുര്യൻ മാത്യു കവലവഴിക്കൽ | കുന്നോത്ത് | കുന്നോത്ത് |
| A - ജോയൽ മടത്തിമ്യാലിൽ | പാടിച്ചാൽ | ചെറുപുഴ |

**പ്രസംഗം -സീനിയർ (Girls)**

| | | |
|---|---|---|
| A - മരിയ മനയ്ക്കലത്ത് | കച്ചേരിക്കടവ് | കുന്നോത്ത് |
| A - മരിയ പുതിയേടത്ത് | ചന്ദനക്കാംപാറ | പൈസക്കരി |

**സംഗീതം - സീനിയർ (Boys)**

| | | |
|---|---|---|
| A - ജോസഫ് കണ്ണംകുളത്ത് | അങ്ങാടിക്കടവ് | കുന്നോത്ത് |
| III A - ജോസഫ് വട്ടക്കുന്നേൽ | മാലോം | വെള്ളരിക്കുണ്ട് |

**സംഗീതം - സീനിയർ (Girls)**

| | | |
|---|---|---|
| A - മെറിൻ മേലൂക്കുന്നേൽ | വായാട്ടുപറമ്പ് | വായാട്ടുപറമ്പ് |
| A - മേരി റോസ് കീഴേടത്തുപറമ്പിൽ | താബോർ | ചെറുപുഴ |

**ക്വിസ് - സീനിയർ (Boys)**

| | | |
|---|---|---|
| I A - ആൽബി മുട്ടത്തുപാറ | കടുമേനി | തോമാപുരം |

**ക്വിസ് - സീനിയർ (Girls)**

| | | |
|---|---|---|
| C - എയ്ഞ്ചൽ ആനിത്തോട്ടത്തിൽ | വിമലശ്ശേരി | മേരിഗിരി |
| B - ക്ലാര പുല്ലൻകാവുങ്കൽ | കരുവഞ്ചാൽ | വായാട്ടുപറമ്പ് |

**പ്രസംഗം - സൂപ്പർ സീനിയർ (Boys)**

| | | |
|---|---|---|
| A - ചാക്കോ തെക്കേകൊണ്ടാരം | വായാട്ടുപറമ്പ് | വായാട്ടുപറമ്പ് |
| A - ഷൈബി കുഴിവേലിപ്പുറം | ചെമ്പേരി | ചെമ്പേരി |

**പ്രസംഗം - സൂപ്പർ സീനിയർ (Girls)**

| | | |
|---|---|---|
| A - മറിയാമ്മ വേരനാനിക്കൽ | വായാട്ടുപറമ്പ് | വായാട്ടുപറമ്പ് |

**സംഗീതം - സൂപ്പർ സീനിയർ (Boys)**

| | | |
|---|---|---|
| A - വർഗ്ഗീസ് കൊരട്ടിക്കൽ | തളിപ്പറമ്പ് | തളിപ്പറമ്പ് |

**സംഗീതം - സൂപ്പർ സീനിയർ (Girls)**

| | | |
|---|---|---|
| A - അഞ്ജു അഴകത്ത് | ചെറുപുഴ | ചെറുപുഴ |
| A - റോസ്മരിയ തോട്ടുങ്കൽ | പൈസക്കരി | പൈസക്കരി |

**ക്വിസ് - സൂപ്പർ സീനിയർ (Boys)**

| | | |
|---|---|---|
| I A - സെബാസ്റ്റ്യൻ ചിറ്റംവേലിൽ | ചെടിക്കുളം | എടൂർ |
| B - ഡോ. സാജൻ പഴേപ്പറമ്പിൽ | ചെറുപുഴ | ചെറുപുഴ |

**ക്വിസ് - സൂപ്പർ സീനിയർ (Girls)**

| | | |
|---|---|---|
| A- മേരി കാരക്കടയിൽ | ജയഗിരി | ആലക്കോട് |
| III A - റോസമ്മ കപ്പിലുമാക്കൽ | തോമാപുരം | തോമാപുരം |

**24. ആദരാഞ്ജലികൾ**

ചെറുപുഷ്പ മിഷൻലീഗ് സംഘടനയിൽ നിറസാന്നിധ്യമായി പ്രവർത്തിച്ച് തന്റെ കർത്തവ്യങ്ങൾ പൂർത്തിയാക്കി മരണംമൂലം വേർപിരിഞ്ഞ് പോയ പാലാവയൽ ശാഖയിലെ ടെസ്സ ചെറിയാൻ കാപ്പിൽ,അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിലിന്റെ പേരമ്മ മേരി മാത്യു പുന്നശ്ശേരിയിൽ, മാനന്തവാടി രൂപതാ സഹായമെത്രാൻ മാർ അലക്സ് താരാമംഗലം പിതാവിന്റെ സഹോദരൻ മാത്തുകുട്ടി താരാമംഗലം, സഹോദര പുത്രൻ വിൻസ് മാത്യു താരാമംഗലം, ഫാ. ജോൺ പന്നിയമാക്കൽ, മുൻ രൂപത-സംസ്ഥാന - ദേശീയ ഡയറക്ടറും ഇപ്പോൾ അന്തർദേശീയ വൈസ് ഡയറക്ടറുമായ ഫാ. ആന്റണി തെക്കേമുറിയുടെ വത്സലപിതാവ് ജോസഫ് തെക്കേമുറി എന്നിവർക്ക് അതിരൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*അതിരൂപതാ ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ദൈവത്തിന്റെ കരുണയുള്ള സ്നേഹം കരകവിഞ്ഞൊഴുകിയ മഹാസംഭവമായ തിരുപ്പിറവിയുടെ പുണ്യ ദിനത്തിന്റെ ഓർമ്മ ആഘോഷിക്കുവാൻ നാം ഒരുങ്ങിക്കൊണ്ടിരിക്കുമ്പോൾ കൊച്ചു കൊച്ചു ത്യാഗങ്ങളും സുകൃതങ്ങളും നന്മപ്രവർത്തികളും കോർത്തിണക്കി നമ്മുടെ കൊച്ചുഹൃദയങ്ങളിൽ ഉണ്ണീശോയ്ക്ക് പിറക്കാൻ മനോഹരമായ പുൽക്കൂട് നിർമ്മിക്കാം. ഉണ്ണീശോയുടെ എല്ലാ കൊച്ചു കൂട്ടുകാർക്കും ഒരായിരം ക്രിസ്തുമസ് മംഗളങ്ങൾ...

| |
|---|
| അനുസ്മരിക്കുന്ന തിരുനാൾ : ഈശോയുടെ തിരുപ്പിറവി |
| അനുസ്മരിക്കുന്ന വിശുദ്ധൻ : വി. ഫ്രാൻസീസ് സേവ്യർ |
| പ്രാർത്ഥനാനിയോഗം : കുഞ്ഞിപൈതങ്ങൾക്കുവേണ്ടി |
| സുകൃതംജപം : ഉണ്ണീശോയെ എന്റെ ഹൃദയത്തിൽ വന്ന് പിറക്കണമേ. |
| വചനം : പരിശുദ്ധാത്മാവ് നിന്റെ മേൽവരും; അത്യുന്നതന്റെ ശക്തി നിന്റേമേൽ ആവസിക്കും ആകയാൽ, ജനിക്കാൻപോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്ന് വിളിക്കപ്പെടും (ലൂക്കാ 1:35). |
| പ്രവൃത്തി : ക്രിസ്തുമസിനൊരുക്കമായി ഓരോ ദിവസവും ഒരു സുകൃതജപം വീതം കുട്ടികളെ ചൊല്ലാൻ പഠിപ്പിക്കുക. 25 ദിവസവും വി. കുർബാനയിൽ പങ്കെടുക്കുക. |
| മനഃപാഠമാക്കുക : 25 വചനങ്ങൾ പഠിക്കുക. |
| എയ്ഞ്ചൽസ് വോയ്സ് : കരോൾഗാനമത്സരം |

## 1. ശാഖകൾ ശ്രദ്ധിക്കാൻ

1 വ്യാഴം : 25 നോമ്പ് ആരംഭം. വചനമരം നിർമ്മാണം. എല്ലാ ദിവസവും വി. കുർബാനയിൽ പങ്കെടുക്കുക.

| | | |
|---|---|---|
| 3 ശനി | : | വി. ഫ്രാൻസീസ് സേവ്യറിന്റെ തിരുനാൾ, മാർ ജോസഫ് പാംപ്ലാനി പാതാവിന്റെ ജന്മദിനം |
| 8 വ്യാഴം | : | അമലോത്ഭവമാതാവിന്റെ തിരുനാൾ |
| 11 ഞായർ | : | ശാഖകളിൽ കരോൾഗാന മത്സരം നടത്തുക. |
| 25 ഞായർ | : | പിറവിത്തിരുനാൾ |
| 27 ചൊവ്വ | : | തിരുകുടുംബത്തിന്റെ തിരുനാൾ |
| 28 ബുധൻ | : | കുഞ്ഞിപൈതങ്ങളുടെ തിരുനാൾ |
| 31 ശനി | : | വർഷാവസാനം - ദിവ്യബലിയിൽ പങ്കെടുത്ത് ദൈവത്തിന് നന്ദിപറയാം. |

**2. കരോൾഗാന മത്സരം**

ക്രിതുമസ് ആഘോഷഭാഗമായി തിരുബാലസഖ്യം അംഗങ്ങൾക്കായി വ്യക്തിഗത കരോൾ ഗാന മത്സരം നടത്തുന്നു.

**നിബന്ധനകൾ**

- ആൺ പെൺ വിത്യാസം ഇല്ല
- ഒന്നാം ക്ലാസ്സ് മുതൽ നാലാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായിരിക്കും മത്സരം
- ശാഖയിൽ ഒന്നാം സ്ഥാനം കിട്ടുന്ന വീഡിയോ ആണ് emil അക്കൗണ്ടിലേക്ക് അയയ്ക്കേണ്ടത്.
- പാട്ടിന്റെ പല്ലവി, അനുപല്ലവി, വീണ്ടും പല്ലവി പാടി അവസാനിപ്പിക്കണം.
- സംഗീതോപകരണങ്ങൾ, മൈക്ക് എന്നിവ അനുവദനീയമല്ല.
- പാടുന്നതിന് മുമ്പ് പേര്, വീട്ടുപേര്, ഇടവക എന്നിവ കൃത്യമായി പറഞ്ഞിരിക്കണം. അല്ലാത്തവ പരിഗണിക്കുന്നതല്ല.
- പാടുന്ന വീഡിയോ എടുത്ത് holychildhoodtly01@gmail.com എന്ന emil അക്കൗണ്ടിലേക്ക് അയയ്ക്കുക.
- അതിരൂപതയിൽ ലഭിക്കേണ്ട അവസാന ദിവസം ഡിസംബർ 20 ന്.

**3. ഉണ്ണീശോയ്ക്ക് സ്നേഹസമ്മാനം**

ഡിസംബർ 1-ാം തീയതി മുതൽ 25-ാം തീയതി വരെ കുഞ്ഞുമക്കൾ അവരുടെ ഹൃദയത്തിൽ സുകൃതങ്ങളാകുന്ന പൂമെത്തയൊരുക്കി ഉണ്ണീശോയെ വരവേൽക്കാനായി **ഉണ്ണീശോയ്ക്ക് സ്നേഹ സമ്മാനം** എന്ന പേരിൽ സുകൃതമഞ്ജരികൾ തയ്യാറാക്കി നൽകുന്നു. വൈസ്ഡയറക്ടേഴ്സ് ഓരോ ദിവസത്തെയും സുകൃതങ്ങൾ കുട്ടികൾക്ക് നൽകുവാൻ ശ്രദ്ധിക്കുമല്ലോ.

**4. വചനമരം**

തിരുബാലസഖ്യം കുഞ്ഞുമക്കൾ ക്രിസ്തുമസിനോടനുബന്ധിച്ച് ആത്മീയമായി വളരുന്നതിന് ധാരാളം ദൈവവചനങ്ങൾ പഠിക്കാൻ ശ്രദ്ധിക്കുമല്ലോ. പഠിച്ചവചനങ്ങൾ ആകർഷകമായ കാർഡുകളിൽ എഴുതി മറ്റ്

അലങ്കാര വസ്തുക്കളോടൊപ്പം മാതാപിതാക്കളുടെ സഹായത്തോടെ വീടിനുള്ളിലോ, പുറത്തോ, വലിയ ചെടികളിലോ, സൗകര്യപ്രദമായ മരത്തിലോ തൂക്കി അലങ്കരിക്കുമല്ലോ. ശാഖാ തലത്തിൽ ഇടവക പള്ളിമുറ്റത്തും വചനമരങ്ങൾ ഒരുക്കുവാനും കുട്ടികൾക്ക് വചനങ്ങൾ എഴുതികൊണ്ടുവന്ന് തൂക്കുവാനുമുള്ള ക്രമീകരണം ഒരുക്കുമല്ലോ. ഏറ്റവും നന്നായി അലങ്കരിക്കുന്ന വചനമരത്തിന് ശാഖാതലത്തിൽ സമ്മാനങ്ങൾ നൽകുവാൻ ശാഖാ ഡയറക്ടേഴ്സും, വൈസ്ഡയറക്ടേഴ്സും ശ്രദ്ധിക്കുമല്ലോ.

### 5. ഉണ്ണീശോയ്ക്കൊരു കട്ടിൽ : പഞ്ചാബ് മിഷനിലേക്ക്

എല്ലാവർഷവും ക്രിസ്തുമസ്സിനോടനുബന്ധിച്ച് മിഷൻപ്രദേശത്തേയ്ക്ക് എല്ലാ ശാഖകളുടെയും സഹകരണത്തോടെ നാം തുക ശേഖരിച്ച് നൽകാറുണ്ടല്ലോ. ഈ വർഷം നാം സമാഹരിക്കുന്ന തുക തലശ്ശേരി അതിരൂപതയുടെ മിഷൻപ്രദേശമായ പഞ്ചാബ് മിഷനാണ് നൽകുന്നത്. അവിടെയുള്ള അനാഥമന്ദിരത്തിലെ കുട്ടികൾക്ക് കിടക്കുവാനുള്ള കട്ടിലുകളും അനുബന്ധസൗകര്യങ്ങളും ഒരുക്കുവാനാണ് ഇപ്രാവശ്യത്തെ മുഴുവൻ തുകയും ഉപയോഗപ്പെടുത്തുക. ഈ കുഞ്ഞുങ്ങളെ സഹായിക്കുവാനായി 25 നോമ്പിൽ നാം ത്യാഗപൂർവ്വം സമ്പാദിക്കുന്ന തുക നമുക്ക് മാറ്റിവയ്ക്കാം. 25 നോമ്പിൽ കുട്ടികൾ സമ്പാദിക്കുന്ന സമർപ്പണ ഫണ്ട് ഈ പ്രത്യേക നിയോഗത്തിൽ സമാഹരിച്ച് ഓഫീസിൽ എത്തിക്കുവാൻ ബഹു. വൈസ് ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ. ഒരു കട്ടിലിന് **5000** രൂപയാണ്. ഒന്നോ അതിൽ കൂടുതൽ കട്ടിലുകൾക്കുള്ള തുകയോ, ഒരു കട്ടിലിനുള്ള ഭാഗികതുകകളോ നൽകണമെന്ന് ഏവരേയും ഓർമ്മിപ്പിക്കുന്നു. നമ്മുടെ മിഷനായ പഞ്ചാബ് മിഷനെ സഹായിക്കാൻ നമുക്ക് പൂർണ്ണ മനസ്സോടെ സഹകരിക്കാം... പഞ്ചാബ് മിഷനുവേണ്ടി പ്രാർത്ഥിക്കാം.

### 6. അഭിവന്ദ്യപിതാക്കൻമ്മാർക്ക് ആശംസകൾ നേരാം

ക്രിസ്തുമസ് പുതുവത്സരങ്ങളോടനുബന്ധിച്ച് അഭിവന്ദ്യ പിതാക്കൻമാർക്ക് ക്രിസ്മസ് - പുതുവത്സരാശംസാ കാർഡുകൾ അയക്കുവാൻ ബഹു. വൈസ്ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

### 7. ശാഖാ സന്ദർശനങ്ങൾ

അതിരൂപതാ ഭാരവാഹികൾ ഡിസംബർ മാസം വെള്ളരിക്കുണ്ട് (ഡിസംബർ - 4), പനത്തടി (ഡിസംബർ - 18) എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. തിരുബാലസഖ്യം ആനിമെറ്റേഴ്സ് അന്നേ ദിവസം തിരുബാലസഖ്യം റെക്കോഡുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുകയും ചെയ്യുമല്ലോ.

**8. ഈശോയെപ്പോലെ സ്നേഹത്തിൽ വളരാം...**

ഈ മാസം നമുക്ക് ഈശോയെപ്പോലെ ജോലിചെയ്യാം എന്ന ആറാം അധ്യായം പഠിക്കാം. മാതാപിതാക്കളെ യാതൊരു മടിയും കൂടാതെ ജോലികളിൽ സഹായിച്ച ഈശോയെപ്പോലെ കൂട്ടുകാരെ, നമുക്കും നമ്മുടെ മാതാപിതാക്കളെ ജോലികളിൽ സഹായിക്കാം.

**9. നിറം കൊടുക്കാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ ജോലിചെയ്യാം എന്ന ആറാം അധ്യായത്തിലെ പേജ് 33 ലെ ചിത്രം ക്രയോൺസ് ഉപയോഗിച്ച് മനോഹരമായി കളർചെയ്ത് ഏറ്റവും നല്ല 3 എണ്ണം ഡിസംബർ 20 ന് മുമ്പ്അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**10. നിങ്ങൾക്കറിയാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ ജോലി ചെയ്യാം എന്ന ആറാം അധ്യായത്തിലെ പേജ് 34 ൽ കൊടുത്തിരിക്കുന്നത് സുവിശേഷത്തിലെ ഒരു ഉപമയുടെ ചിത്രമാണ്. സുവിശേഷവും അദ്ധ്യായവും വാക്യവും വ്യക്തമാക്കി ഉപമയ്ക്ക് ഉചിതമായ അടിക്കുറിപ്പ് തയ്യാറാക്കി ഏറ്റവും നല്ല 3 എണ്ണം ഡിസംബർ 20 ന് മുമ്പ്അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**11. എയ്ഞ്ചൽസ് ഫെസ്റ്റ്**

അതിരൂപതാ എയ്ഞ്ചൽസ് ഫെസ്ററ് ജനുവരി 14 ന് ആണെന്നകാര്യം ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തുന്നു. മേഖലകളിൽ മത്സരം നടത്തി വിജയികളുടെ ലിസ്റ്റ് ഡിസംബർ 30 ന് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. (മത്സരത്തെ സംബന്ധിച്ച്കൂടുതൽ വിവരങ്ങൾക്ക് നവംബർ മാസത്തെ ഗിരിദീപം പേജ് 62-64 കാണുക)

**12. രാജത്വത്തിരുനാൾ - അതിരൂപതാതല ആഘോഷം**

നവംബർ 20-ാം തീയതി ഞായറാഴ്ച മണിപ്പാറ ശാഖയിൽ വച്ച് രാജത്വത്തിരുനാൾ ആഘോഷിച്ചു. ശാഖാ ഡയറക്ടർ ഫാ. ഫ്രാൻസീസ് റാത്തപ്പള്ളി രാജത്വത്തിരുനാളിന് നേതൃത്വം നൽകി. ആഘോഷപൂർവ്വകമായ റാലിയും കലാവിരുന്നും അണിയിച്ചൊരുക്കിയ ശാഖാ വൈസ്ഡയറക്ടർ സിസ്റ്ററിനും, വിശ്വാസപരിശീലകർക്കും, സീനിയർ- ജൂനിയർ ഭാരവാഹികൾക്കും പ്രത്യേകം നന്ദി.

**13. മതാദ്ധ്യാപകദിനം - അതിരൂപതാതല ആഘോഷം**

നവംബർ 6-ാം തീയതി ഞായറാഴ്ച പുറവയൽ ശാഖയിൽ വച്ച് മിഷൻലീഗ്, തിരുബാലസഖ്യം എന്നീ സംഘടനകൾ സംയുക്തമായി മതാദ്ധ്യാപകരെ ആദരിച്ചു. ശാഖാ ഡയറക്ടർ ഫാ. ജോസഫ് പൂവത്തോലിൽ മതാദ്ധ്യാപക ദിനത്തിന് നേതൃത്വം നൽകി. അതിരൂപതാ ഡയറക്ടർ ഫാ.

ജോസഫ് വടക്കേപ്പറമ്പിൽ എല്ലാ മതാദ്ധ്യാപകരെയും ഷോൾ അണിയിക്കുകയും അതിരൂപതാ പ്രസിഡന്റ് ശ്രീ. സുനിൽ കല്ലിടുക്കിൽ പൂക്കൾ നൽകി ആദരിക്കുകയും ചെയ്തു.

**14. നിറംകൊടുക്കാമോ നവംബർ മാസത്തെ വിജയികൾ**

I ആൽബിൻ ജിയോ മാത്യു - അരവഞ്ചാൽ

II എറിക് അബ്രാഹം ഇരുമ്പൂഴിയിൽ - കുട്ടാപ്പറമ്പ്

III എയ്ഡൻ ജോസ് - കോഴിച്ചാൽ

**15. നിങ്ങൾക്കറിയാമോ നവംബർ മാസത്തെ വിജയികൾ**

I സെറാ റോസ് പൊന്നാരത്തിൽ - പെരിങ്ങാല

II തോമസ് പൂവത്തിങ്കൽ - കരിക്കോട്ടക്കരി

III ലിസ് മരിയ ജോൺ ചെന്നോത്തിൽ - വെള്ളാട്

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# യുവജന ശുശ്രൂഷ

"യുവജനങ്ങളെ, നിങ്ങളുടെ ജീവിതം സത്യമായും സഭയിൽ ആഘോഷി ക്കപ്പെടേണ്ടതാണ്." *(വി. ജോൺ പോൾ പാപ്പാ)*

പ്രിയപ്പെട്ട വികാരിയച്ചാ, ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

ദിവ്യരക്ഷകന്റെ പിറവിത്തിരുനാളിനൊരുങ്ങുകയാണല്ലോ. നോമ്പുദിനങ്ങളിലേക്ക് പ്രവേശിക്കുമ്പോൾ എല്ലാ ദിവസവും വി. ബലിയിൽ പങ്കെടുക്കുന്നതിനും ഭക്തകൃത്യങ്ങൾ അനുഷ്ഠിക്കുന്നതിനും യുവജനങ്ങൾ പ്രത്യേകം താൽപര്യം കാണിക്കുമല്ലോ. കെസിവൈഎം ന്റെ നേതൃത്വത്തിൽ എല്ലാ ഇടവകയിലും പുൽക്കൂട് നിർമ്മിക്കുവാനും കരോൾ യാത്ര ക്രമപ്പെടുത്തുവാനും ശ്രദ്ധിക്കണം.

**കരുതലിന്റെ കരം :** ഇടവകയിലെ പാവപ്പെട്ട കുടുംബങ്ങൾക്ക് ക്രസ്മസ് കേക്കും, നോമ്പുവീടലിനുള്ള ഭക്ഷണസാധനങ്ങളും നൽകി യുവജനങ്ങൾ ക്രസ്തുമസ് ആഘോഷം അർത്ഥപൂർണ്ണമാക്കുമല്ലോ.

**മെഗാ ക്രിസ്തുമസ് ആഘോഷം**

ക്രിസ്തുമസിനോടനുബന്ധിച്ച് വിപുലമായ ആഘോഷങ്ങളാണ് ക്രമപ്പെടുത്തിയിരിക്കുന്നത്. എല്ലാവരുടെയും അകമഴിഞ്ഞ സഹകരണം പ്രതീക്ഷിക്കുന്നു.

**1. കരോൾ ഗാനമത്സരം**

തലശ്ശേരി അതിരൂപത കെസിവൈഎം-ന്റെയും കല്ലറയ്ക്കൽ മഹാറാണി ജ്വല്ലേഴ്സിന്റെയും സംയുക്താഭിമുഖ്യത്തിൽ ക്രിസ്തുമസ് സന്ദേശം പകർന്നുകൊണ്ട് അതിരൂപതാതല കരോൾ ഗാനമത്സരം നടത്തപ്പെടുന്നു. എല്ലാവരെയും സ്വാഗതം ചെയ്യുന്നു. റീജണൽ തലത്തിലും അതിരൂപത തലത്തിലുമാണ് മത്സരങ്ങൾ നടക്കുന്നത്.

റീജണൽ തലത്തിൽ വിജയികളാകുന്ന മൂന്ന് ടീമുകൾക്ക് ഫൈനൽ റൗണ്ടിൽ (ഗ്രാന്റ് ഫിനാലെ) മത്സരിക്കാവുന്നതാണ്. ഡിസംബർ 10-ാം തീയതി ശനിയാഴ്ച ഇരിട്ടി റീജിയനിൽ എടൂർ ഫൊറോന പള്ളി ഓഡിറ്റോറിയത്തിലും, ചെമ്പേരി റീജിയനിൽ ചെമ്പന്തൊട്ടി ഫൊറോന പള്ളി ഓഡിറ്റോറിയത്തിലും കരോൾ ഗാനമത്സരം നടക്കും. ഡിസംബർ 11-ാം തീയതി ഞായറാഴ്ച ആലക്കോട് റീജിയനിൽ നെല്ലിപ്പാറ പള്ളി ഓഡിറ്റോറിയത്തിലും, വെള്ളരിക്കുണ്ട് റീജിയനിൽ വെള്ളരിക്കുണ്ട് കോളേജ് ഓഡിറ്റോറിയത്തിലും, കരോൾ ഗാനമത്സരം നടക്കുന്നു.

ഗ്രാന്റ് ഫിനാലെ (ഫൈനൽ റൗണ്ട്) ഡിസംബർ 17 ശനിയാഴ്ച ഇരിട്ടി സെന്റ് ജോസഫ് പാരീഷ് ഹാളിൽ വച്ച് നടത്തപ്പെടുന്നു.

ഫൈനൽ റൗണ്ടിൽ ആദ്യ മൂന്ന് സമ്മാനങ്ങൾ ലഭിക്കുന്നവർ 17 ന് വൈകുന്നേരം ഇരിട്ടി ടൗണിൽ നടക്കുന്ന ബോൺ നതാലെ സ്റ്റേജിൽ കരോൾ ഗാനം അവതരിപ്പിക്കേണ്ടതണ്. അവിടെ വച്ച് മാത്രമായിരിക്കും സമ്മാനങ്ങൾ നൽകുക.

റീജണൽ തലത്തിൽ ഒന്നാം സമ്മാനം ലഭിക്കുന്നവർക്ക് 5000 രൂപയും, രണ്ടാം സ്ഥാനം കരസ്ഥമാക്കുന്നവർക്ക് 4000 രൂപയും, മൂന്നാം സ്ഥാനം ലഭിക്കുന്നവർക്ക് 3000 രൂപയും, 4,5 സ്ഥാനക്കാർക്ക് 1500 രൂപയും സമ്മാന തുകയായി നൽകുന്നു. മറ്റ് ടീമുകൾക്ക് പ്രോത്സാഹനസമ്മാനവും ഉണ്ടായിരിക്കും.

ഫൈനൽ റൗണ്ടിൽ ഓരോ റീജനുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന മൂന്ന് ടീമുകൾക്കാണ് മത്സരിക്കാവുന്നത്. ഫൈനൽ മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിക്കുന്നവർക്ക് 20000 രൂപയും, സർട്ടിഫിക്കറ്റും, 2-ാം സ്ഥാനം ലഭിക്കുന്നവർക്ക് 15000 രൂപയും സർട്ടിഫിക്കറ്റും, 3-ാം സമ്മാനം ലഭിക്കുന്നവർക്ക് 10000 രൂപയും സർട്ടിഫിക്കറ്റും നൽകും. ഫൈനൽ റൗണ്ടിൽ യോഗ്യത നേടുന്ന എല്ലാ ടീമുകൾക്കും 2000 രൂപയും മഹാറാണി ജ്വല്ലേഴ്സ് നൽകുന്ന പ്രോത്സാഹനസമ്മാനവും ലഭിക്കും.

അതിരൂപതയിൽ നിന്നും നല്കപ്പെടുന്ന ഗൂഗിൽ ഫോമിലാണ് രജിസ്ട്രേഷൻ നടത്തേണ്ടത്. രജിസ്ട്രേഷൻ പൂർത്തിയായാൽ പിന്നീട് ക്യാൻസൽ ചെയ്യാൻ സാധിക്കുന്നതല്ല.

### കരോൾ ഗാനമത്സര നിർദ്ദേശങ്ങൾ

1. തലശ്ശേരി അതിരൂപതയിൽപ്പെട്ട ഇടവകയിൽ നിന്നുമാണ് ടീമുകൾക്ക് മത്സരിക്കാൻ സാധിക്കുന്നത്.
2. ഒരു ഇടവകയിൽ നിന്നും ഒരു ടീമിനെ മത്സരിക്കാൻ സാധിക്കുകയുള്ളു. മത്സരാർത്ഥികൾ ഇടവകാംഗങ്ങൾ ആണെന്ന് തെളിയിക്കുന്ന വികാരിയച്ചന്റെ കത്തോടുകൂടി മാത്രമേ പങ്കെടുക്കാനാവൂ. വൈദികരെയും സന്യസ്തരെയും ഉൾപ്പെടുത്തേണ്ടതില്ല.
3. ഒരു ടീമിൽ 7 മുതൽ 12 വരെ അംഗങ്ങൾക്ക് പങ്കെടുക്കാവുന്നതാണ്. 2

പുരുഷൻമാർ ഉണ്ടായിരിക്കണം. (ഇൻസ്ട്രുമെന്റ് വായിക്കുന്ന ആളുകൾ ഉൾപ്പടെ). മത്സരാർത്ഥികൾക്ക് പ്രായപരിധി ഉണ്ടായിരിക്കുന്നതല്ല.

4. ക്രിസ്ത്യൻ മലയാള കരോൾഗാനങ്ങളാണ് ആലപിക്കേണ്ടത്.
5. ഒന്നോ രണ്ടോ ഗാനങ്ങൾ ആലപിക്കാവുന്നതാണ്. 10 മിനിറ്റ് വരെ സമയം ഉപയോഗിക്കാം. 6 മിനിറ്റ് പാടണം. 9 മിനിറ്റിൽ വാണിങ്ങ് ഉണ്ടായിരിക്കും. മൈനസ് ട്രാക്ക് ഉപയോഗിക്കണം (കോറസിന്റെ പാർട്ട് കരോക്കയിൽ ഉണ്ടായിരിക്കാൻ പാടില്ല).
6. മത്സരത്തിന് കരോക്ക ഉപയോഗിക്കാം. ഇൻസ്ട്രുമെൻസായി കീ ബോഡ് മാത്രമേ ഉപയോഗിക്കാവൂ.
7. സ്വരങ്ങൾ പാട്ടിൽ ഉപയോഗിക്കരുത്. ഹമ്മിങ്ങ്, കോറസ് എന്നിവ ഉപയോഗിക്കാവുന്നതാണ്.
8. പാട്ടിന് 80% മാർക്കും ഡ്രസ്സ് യൂണിഫോമിറ്റി, കോറസ്സ് സിഗിങ്ങ് എന്നിവക്ക് 10% വീതം മാർക്കും ഉണ്ടായിരിക്കുന്നതാണ്.
9. രജിസ്ട്രേഷൻ നടത്താനുള്ള അവസാന തീയതി നവംബർ 27 നാണ്. (രജിസ്ട്രേഷൻ ഫീസ് 600 രൂപ, 9446979851 (ജോയൽ ജോയി - ട്രഷറർ) എ ഗൂഗിൾ പേ നമ്പറിൽ അയക്കണം).
10 Stage decorations, Christmas Crib എന്നിവ പൊതുവായി ക്രമപ്പെടുത്തുന്നതാണ്.
11 റീജണൽ തലത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും മൊമന്റോയും പ്രോത്സാഹനസമ്മാനവും ഉണ്ടാകും.
12 റീജണൽ തലത്തിൽ വൈകുന്നേരങ്ങളിൽ നടത്തുന്നതാണ് ഉചിതം. കൂടുതൽ പങ്കാളിത്തം ഉണ്ടെങ്കിൽ മത്സരങ്ങൾ നേരത്തെ ആരംഭിക്കാവുന്നതാണ്.

വിശദമായ വിവരങ്ങൾക്ക് ബന്ധപ്പെടുക.
നിഖിൽ സാബു - ജനറൽ സെക്രട്ടറി - 9061089861
ഫാ. ജിൻസ് വാളിപ്ലാക്കൽ ഡയറക്ടർ - 9400062918

### 2. ബോൺ നതാലെ 2k22 മെഗാ ക്രിസ്മസ് പാപ്പാ സംഗമം

ക്രൈസ്തവ തനിമ വിളിച്ചോതുന്ന ക്രിസ്തുമസ് സന്ദേശ യാത്ര യുവജനങ്ങളുടെ നേതൃത്വത്തിൽ മഹാറാണി ജ്വല്ലേഴ്സിന്റെ സഹകരണത്തോടെ ഇരിട്ടി ടൗണിൽ ഡിസം. 17 ന് നടത്തപ്പെടുന്നു. 3000 പാപ്പാമാർ അണിനിരക്കുന്ന മഹാറാലിക്കുശേഷം കലാസന്ധ്യ ഉണ്ടായിരിക്കും. ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്യും. എല്ലാവരെയും 17-ാം തീയതി വൈകുന്നേരം 4.30ന് ഇരിട്ടി പട്ടണത്തിലേക്ക് ക്ഷണിക്കുന്നു.

### 3. അഗതിമന്ദിരങ്ങളിലൂടെ കരോൾ യാത്ര

അതിരൂപതയിലെ 26 അഗതിമന്ദിരങ്ങളിലൂടെ കേക്ക് നല്കിയും ആശംസകളറിയിച്ചും കരോൾ സന്ദേശയാത്ര നടത്തപ്പെടുന്നു.

എല്ലാവരെയും ക്രിസ്തുമസ് ആഘോഷങ്ങളിലേക്ക് ക്ഷണിക്കുന്നു.

## സംയുക്ത സിൻഡിക്കേറ്റ്

2022-23 സമിതിയുടെ സംയുക്ത സിൻഡിക്കേറ്റ് തളിപ്പറമ്പിൽ വച്ച് ചേരുകയുണ്ടായി. 16 ഫൊറോനയിലെയും ഡയറക്ടർമാർ, പ്രസിഡന്റുമാർ, ആനിമേറ്റേഴ്സ് തുടങ്ങിയവർ പങ്കെടുത്തു. മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ചിഞ്ചു വട്ടപ്പാറ അദ്ധ്യക്ഷയായിരുന്നു. 2022-23 സമിതിയുടെ പ്രവർത്തനങ്ങൾ അവതരിപ്പിച്ചു. യൂണിറ്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി T Time എന്ന പേരിൽ യൂണിറ്റിലെ എല്ലാ യുവജനങ്ങളെയും ഉൾകൊള്ളിച്ചുകൊണ്ട് ഒരു ചെറിയ പ്രോഗ്രാം നടത്താൻ തീരുമാനിച്ചു. 2022-23 വർഷത്തെ പ്രവർത്തനങ്ങൾ 16 ഫൊറോനകളിലുമായി നടത്താൻ ഓരോ ഫൊറോനയും ഏറ്റെടുത്ത പരിപാടികൾ താഴെ കൊടുക്കുന്നു.

നെല്ലിക്കാംപൊയിൽ - പരിസ്ഥിതി ദിനം, വായാട്ടുപറമ്പ് - നേഴ്സസ് ഡെ, ചെമ്പന്തൊട്ടി - തോമസ്മൂർ ദിനാചരണം, വെള്ളരിക്കുണ്ട് - നേതൃത്വ പരിശീലന ക്യാമ്പ്, എടൂർ - ഗേൾചൈൽഡ് ഡെ, കുന്നോത്ത് - പ്രകൃതി സഹവാസ ക്യാമ്പ്, പേരാവൂർ - തെരുവ്നാടകം സമാപനം, തളിപ്പറമ്പ് - തലയെടുപ്പോടെ തലശ്ശേരി, ചെമ്പേരി - വാർഷിക സെനറ്റ്, പൈസക്കരി - ടീ ടൈം ഉദ്ഘാടനം, തോമാപുരം - ക്രിക്കറ്റ്, ചെറുപുഴ - കുരിശുമല തീർത്ഥാടനം, മേരിഗിരി - വിമൻസ് ഡെ, പനത്തടി - ടീ ടൈം സമാപനം, ആലക്കോട് - കലോത്സവം, കാഞ്ഞങ്ങാട് - തീരം ക്യാമ്പ്.

## റോസ് ഗാർഡൻ ഓൺലൈൻ ജപമാല തീർത്ഥാടനം

ജപമാല മാസത്തോടനുബന്ധിച്ച് 10 ദിവസത്തെ ജപമാല തീർത്ഥാടനം നടത്തി. 10 ഫൊറോനകളിലും യുവജനങ്ങൾ ഒന്നുചേർന്ന് വൈകുന്നേരം 6 മണിമുതൽ 8 മണിവരെ പ്രാർത്ഥനയിൽ പങ്കുചേർന്നു. ചെമ്പന്തൊട്ടി ഫൊറോനയിലെ കരയത്തുംചാൽ യൂണിറ്റിൽ വച്ചും, എടൂർ ഫൊറോനയിലെ ഉരുപ്പുംകുറ്റി യൂണിറ്റിൽ വച്ചും, ചെറുപുഴ ഫൊറോനയിലെ രാജഗിരി യൂണിറ്റിൽ വച്ചും, പേരാവൂർ ഫൊറോനയിലെ ചെങ്ങോം യൂണിറ്റിൽ വച്ചും, പൈസക്കരി ഫൊറോനയിലെ പൈസക്കരി യൂണിറ്റിൽ വച്ചും, വായാട്ടുപറമ്പ് ഫൊറോനയിലെ വായാട്ടുപറമ്പ് യൂണിറ്റിൽ വച്ചും, ആലക്കോട് ഫൊറോനയിലെ ഒറ്റത്തൈ യൂണിറ്റിൽ വച്ചും, മേരിഗിരി ഫൊറോനയിലെ മേരിഗിരി യൂണിറ്റിൽ വച്ചും, ചെമ്പേരി ഫൊറോനയിലെ ചെമ്പേരി യൂണിറ്റിൽ വച്ചും, നെല്ലിക്കാംപൊയിൽ ഫൊറോനയിലെ മണിപ്പാറ യൂണിറ്റിൽ വച്ചും ഓൺലൈൻ ജപമാല നടന്നു. ബഹു. ഡയറക്ടർ അച്ചൻമാർ ജപമാലയുടെ സന്ദേശവും ദിവ്യകാരുണ്യ ആശിർവ്വാദവും നൽകി. ലൈവ് ടെലികാസ്റ്റിംങ്ങ് നടത്തിയ അച്ചൂസ് ഡിജിറ്റൽ സ്റ്റുഡിയോയ്ക്കും ഫൊറോന, യൂണിറ്റ് ഭാരവാഹികൾക്കും അതിരൂപതയുടെ നന്ദി.

## ലഹരിക്കെതിരെ പോരാട്ടം - ഫ്ളാഷ് മോബ്

അതിരൂപത കെസിവൈഎം-ന്റെ നേതൃത്വത്തിൽ ലഹരിക്കെതിരായ പോരാട്ടത്തിന് തുടക്കംകുറിച്ചു. തളിപ്പറമ്പ് ടൗണിൽ വച്ച് ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, പ്രസിഡന്റ്മാർ, യുവജനങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ

അതിരൂപത സമിതി ഫ്ളാഷ് മോബ് സംഘടിപ്പിച്ചു. അതിരൂപത പ്രസിഡന്റ് ചിഞ്ചു വട്ടപ്പാറ അദ്ധ്യക്ഷത വഹിച്ച പ്രോഗ്രാം കെസിബിസി മദ്ധ്യവിരുദ്ധ സമിതി വക്താവ് ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. അതിരൂപത ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ ആമുഖ പ്രഭാഷണം നടത്തി. സഹകരിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

**ഹൃദയ സെ :** കെസിവൈഎം എടൂർ ഫൊറോനയുടെ നേതൃത്വത്തിൽ ജപമാല മാസത്തോടനുബന്ധിച്ച് വിവിധ യൂണിറ്റുകളുടെ നേതൃത്വത്തിൽ അവശ്യ വസ്തുക്കൾ സമാഹരിച്ച് അഗതി മന്ദിരങ്ങൾക്ക് കൈമാറി.

**സ്നേഹപ്പൊതി :** അപരന്റെ വിശപ്പ് മാറ്റാൻ മനസ്സറിഞ്ഞ് ഒരു സ്നേഹപ്പൊതി. കാരുണ്യത്തിന്റെ മുഖം സമൂഹത്തിൽ തുറന്ന് കാട്ടികൊണ്ട് എടൂർ ഫൊറോനയുടെ നേതൃത്വത്തിൽ ഞായറാഴ്ചകളിൽ അഗതി മന്ദരങ്ങളിൽ പൊതിച്ചോറ് നൽകുന്നു.

**റെഡിറ്റസ് :**

റെഡിറ്റസ് എന്ന പേരിൽ നെല്ലിക്കാംപൊയിൽ ഫൊറോനയുടെ എല്ലാ യൂണിറ്റിലും ലഹരി വിരുദ്ധ ക്ലാസ്സും പ്രതിജ്ഞയും സംഘടിപ്പിച്ചു.

**ആവേ മരിയ, അമ്മയോടൊപ്പം**

ജപമാല മസാചരണത്തോടനുബന്ധിച്ച് ചെമ്പേരി ഫൊറോനയിൽ ഒക്ടോബർ 22 മുതൽ 31 വരെ തീയതികളിൽ ഓരോ യൂണിറ്റുകളിൽ യുവജനങ്ങൾ ഒത്തു ചേർന്ന് ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

ജപമാല മസാചരണത്തോടനുബന്ധിച്ച് കുന്നോത്ത്, പൈസക്കരി, പനത്തടി, പേരാവൂർ, ഫൊറോനയിലെ എല്ലാ യൂണിറ്റിലും യുവജനങ്ങൾ ഒന്നു ചേർന്ന് ജപമാല ചെല്ലി പ്രാർത്ഥിക്കുകയും ജപമാല റാലി നടത്തുകയും ചെയ്തു.

**നൈറ്റ് വിജിൽ**

ഫൊറോന തലത്തിൽ നൈറ്റ് വിജിൽ ദൈവാനുഗ്രഹപ്രദമായി ക്രമീകരിക്കുന്ന ഫൊറോന ഭാരവാഹികളെ അഭിനന്ദിക്കുന്നു. ചെമ്പേരി ഫൊറോനയിലെ നൈറ്റ് വിജിൽ പൂപ്പറമ്പ സെന്റ് ഫുസ്കോ ദേവാലയത്തിൽ വച്ചും, ആലക്കോട് ഫൊറോനയിലെ നൈറ്റ് വിജിൽ കാർത്തികപുരം ദേവാലയത്തിൽ വച്ചും, പൈസക്കരി ഫൊറോനയിലെ നൈറ്റ് വിജിൽ വെമ്പുവ ദേവാലയത്തിൽ വച്ചും നടത്തപ്പെട്ടു. യുവജനങ്ങൾക്കായി ക്ലാസ്സ്, ആരാധന, കുമ്പസാരം എന്നിവയും ക്രമീകരിച്ചു.

**Reminder - A day of remembrance (സിമിത്തേരി ക്ലീനിങ്ങ്)**

അതിരൂപത കെസിവൈഎം-ന്റെ നിർദ്ദേശപ്രകാരം സകല മരിച്ച വിശ്വാസികളെയും അനുസ്മരിച്ചുകൊണ്ട് കുന്നോത്ത്, പൈസക്കരി, ചെറുപുഴ, കാസറഗോഡ്, പേരാവൂർ, പനത്തടി എന്നീ ഫൊറോനകളിലെ വിവിധ ഇടവകയിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ സിമിത്തേരി വൃത്തിയാക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

**മലബാർ സോക്കോ ഫുട്ബോൾ ടൂർണമെന്റ്**

കാഞ്ഞങ്ങാട് ഫൊറോനയുടെ നേതൃത്വത്തിൽ വിവിധ രൂപതകൾക്കുവേണ്ടി ഉത്തരകേരളത്തിന്റെ മഹാകാൽപന്തു മാമാങ്കം മലബാർ സോക്കോ എന്ന പേരിൽ ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിച്ചു. വിവിധ രൂപതകളിലെ 32 ടീമുകൾ ആവേശപൂർവ്വം ടൂർണമെന്റിൽ പങ്കെടുത്തു.

**ആദരം :** ലോകപോലീസ് ദിനത്തോടനുബന്ധിച്ച് കുന്നോത്ത് ഫൊറോനയിലെ യുവജനങ്ങൾ ഇരിട്ടി പോലീസ് സ്റ്റേഷനിലെ പോലീസുകാരെ ആദരിച്ചു.

**പഠനോപകരണങ്ങൾ വിതരണം നല്കി**

അന്താരാഷ്ട്ര വിദ്യാർത്ഥി ദിനത്തോടനുബന്ധിച്ച് ചെമ്പന്തൊട്ടി ഫൊറോനയിലെ യുവജനങ്ങൾ ചെമ്പന്തൊട്ടി ഗുരുകുലത്തിൽ പഠനോപകരണങ്ങൾ വിതരണം ചെയ്തു.

**ശിശുദിനാഘോഷം**

കുന്നോത്ത് ഫൊറോനയുടെ ആഭിമുഖ്യത്തിൽ യുവജനങ്ങൾ പാലത്തുംകടവ് ഇടവകയിലെ ബാലികാ ഭവനിലെ കുട്ടികളെ സന്ദർശിക്കുകയും അവരൊടൊപ്പം ശിശുദിനം ആഘോഷിക്കുകയും ചെയ്തു.

**മതാദ്ധ്യാപകർക്ക് ആദരം :** കാസറഗോഡ് ഫൊറോനയുടെ നേതൃത്വത്തിൽ യുവജനങ്ങൾ മതാദ്ധ്യാപകരെ ആദരിച്ചു.

**ഓൺലൈൻ ക്വിസ്സ് മത്സരം**

പനത്തടി ഫൊറോനയുടെ നേതൃത്വത്തിൽ ശിശുദിനാഘോത്തിന്റെ ഭാഗമായി ജവഹർലാൽ നെഹ്റുവിനെകുറിച്ചുള്ള ഓൺലൈൻ ക്വിസ്സ് മത്സരം സംഘടിപ്പിച്ച് വിജയികളെ കണ്ടെത്തി.

**പന്തംകൊളുത്തി പ്രകടനം**

ഒക്ടോബർ 2 ഞായറാഴ്ച പ്രവർത്തി ദിനമായി പ്രഖ്യാപിച്ച സർക്കാർ നയത്തിനെതിരെ വായാട്ടുപറമ്പ് ഫൊറോനയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ കരുവഞ്ചാൽ ടൗണിൽ വച്ച് പന്തം കൊളുത്തി പ്രകടനം നടത്തി.

**വയോജന ദിനാചരണം**

വയോജന ദിനത്തോടനുബന്ദിച്ച് കുന്നോത്ത് ഫൊറോനയിലെ യുവജനങ്ങൾ മുടയിരഞ്ഞി സെന്റ് ജോസഫ് ഓൾഡേജ് ഹോമിൽ ആഘോഷം സംഘടിപ്പിച്ചു.

**ലഹരി വിരുദ്ധ പ്രതിജ്ഞ എടുത്തു**

കുന്നോത്ത് ഫൊറോനയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ വിവിധ യൂണിറ്റുകളിൽ ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലി.

**യൂത്ത് & ട്രൂത്ത്**

നെല്ലിക്കാംപൊയിൽ ഫൊറോനയുടെയും സിഎംസി പ്രെവിൻഷ്യൽ

ഹൗസിന്റെയും സംയുക്താഭിമുഖ്യത്തിൽ യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തിൽ റവ. ഫാ. ആന്റണി തറേക്കടവിൽ യുവജനങ്ങൾക്കായി ക്ലാസ്സെടുത്തു.

**കാവൽ :** ഈ കാലഘട്ടത്തിൽ യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികളെ കുറിച്ച് അമ്മമാർക്ക് ബോധവൽക്കരണം നൽകുന്നതിനായി പേരാവൂർ ഫൊറോനയുടെ നേതൃത്വത്തിൽ നടത്തുന്ന കാവൽ എന്ന പ്രോഗ്രാം മൂന്ന് യൂണിറ്റുകളിൽ ഭംഗിയായി നടന്നു.

**പ്രതിഷേധം :** പേരാവൂർ കേളകം റോഡിന്റെ ശോചനീയവസ്ഥക്കെതിരെ പേരാവൂർ ഫൊറോനയുടെ നേതൃത്വത്തിൽ തെരുവുനാടകം നടത്തി പ്രതിഷേധിച്ചു.

## ഹൃദയം നിറഞ്ഞ നന്ദി

തലശ്ശേരി അതിരൂപതയിലെ കെസിവൈഎം, എസ്എംവൈഎം ഡയറക്ടേഴ്സിന്റെയും, ആനിമേറ്റേഴ്സിന്റെയും സിൻഡിക്കേറ്റ് പ്രതിനിധികളായി സേവനം ചെയ്ത റവ. ഫാ. പോൾ എടത്തിനകത്ത്, സി. ഹെലൻ എഫ് സി സി, സന്തോഷ് വട്ടപ്പറമ്പിൽ നിങ്ങൾക്ക് അതിരൂപത യുവജനകുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി. തുടർന്നും എല്ലാവിധ സഹകരണവും പ്രോത്സാഹനവും പ്രതീക്ഷിക്കുന്നു.

## സിൻഡിക്കേറ്റ് പ്രതിനിധികൾക്ക് - ഹൃദ്യമായ സ്വാഗതം

തലശ്ശേരി അതിരൂപതയിലെ കെസിവൈഎം, എസ്എംവൈഎം ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് സിൻഡിക്കേറ്റ് പ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ട റവ. ഫാ. ജിതിൻ വയലുങ്കൽ, സി. ടെസ്ന എസ് എച്ച്., ജോമോൻ കരിനാട്ട് എന്നിവർക്ക് അഭിനന്ദനങ്ങളും അനുഗ്രഹീതമായ ശുശ്രൂഷാ നാളുകളും ആശംസിക്കുന്നു.

സ്നേഹപൂർവം,

**ഫാ. തോമസ് വാളിപ്ലാക്കൽ**
*ഡയറക്ടർ*

# കുടുംബ പ്രേഷിതത്വം

## I) മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

903 എം.പി.സി കോഴ്സ് തലശ്ശേരി സന്ദേശഭവനിൽ വച്ച് നവം ബർ 3–5 വരെയുള്ള തീയതികളിൽ നടക്കുകയുണ്ടായി. കോഴ്സിൽ 152 ഓളം പേർ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

| MPC 2023 | |
|---|---|
| January 26 - 28 | (Thursday, Saturday) Padannakkad |
| February 23 - 25 | (Thursday, Saturday) Thalassery |
| March 16 -18 | (Thursday, Saturday) Padannakkad |
| April 20 -22 | (Thursday, Saturday) Thalassery |
| May 25 - 27 | (Thursday, Saturday) Padannakkad |

## Time Schedule :

കോഴ്സിന്റെ ഒന്നാംദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേ ഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.30 ന് എം. പി.സി സമാപിക്കുന്നു.

- എം.പി.സി കോഴ്സ് Online & Offline ആയി കൂടാൻ ആഗ്രഹിക്കു ന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സി യുടെ ഫീസ് **1250** രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 650 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 600 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.

**3.**

| **Online MPC** |
|---|
| 2022 December 05 - 07, 2023 March 27 - 29 |
| **Time Schedule** |
| • I[st] Day 10.00 am - 05.00 pm |
| • II[nd] Day 02.00 pm - 07.00 pm |
| • III[rd] Day 02.00 pm - 07.00 pm |

## 4. Prolife Marriage Bureau

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ. പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി. ഫീ 500 രൂപ നാല് മാസത്തേക്ക്.

Web site: www.prolifemarry.com Contact No : 6235445544.

## III. മാതൃവേദി

1. **തൂവാനീസ നിയോഗം –** ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് മക്കളില്ലാത്ത ദമ്പതികൾക്കുവേണ്ടി പ്രാർത്ഥിക്കാം.

2. **യൂണിറ്റ്തല പ്രവർത്തനം** – ഈ മാസത്തെ യൂണിറ്റ്തല പ്രവർത്തനം – ഗർഭിണികളെ സന്ദർശിച്ച് പ്രാർത്ഥിക്കുക. സാമ്പത്തിക സഹായം ആവശ്യമുള്ളവർക്ക് നൽകുക.

3. **ഓൺലൈഫ് മീഡിയ പ്രോഗ്രാമുകൾ നൽകേണ്ട മേഖല**
   – പനത്തടി മേഖല

4. **മാതൃവേദി പ്രവർത്തന പദ്ധതി – ഡിസംബർ 2022**

| | | |
|---|---|---|
| 1 | – | 25 നോമ്പാംരംഭം |
| 3 | – | വി. ഫ്രാൻസീസ് സേവ്യർ |
| | | **ജീവോത്സവം – തളിപ്പറമ്പ്** |
| 8 | – | പരി. കന്യകാമറിയത്തിന്റെ അമലോത്ഭവത്തിരുനാൾ |
| 19 | – | **അതിരൂപതാ ജനറൽബോഡി – തലശ്ശേരി** |
| | | **ഇലക്ഷൻ, അർദ്ധവാർഷിക റിപ്പോർട്ട്** |
| 20 | – | **സ്പിരിച്വൽ ഗാതറിംഗ് (ഓൺലൈൻ) 8.30pm – 9.30pm** |
| 25 | – | ക്രിസ്തുമസ്സ് & തിരുക്കുടുംബത്തിരുനാൾ |
| 27 | – | വി. യോഹന്നാൻ ശ്ലീഹ |
| 28 | – | കുഞ്ഞിപൈതങ്ങൾ |
| 30 | – | ദൈവമാതൃത്വത്തിരുനാൾ |
| | | **പുഞ്ചിരി പൂന്തോട്ടം മത്സരം (ഓൺലൈൻ)** |
| 31 | – | വർഷാവസാനം |

## 5. ബിബ്ലിയ ബൈബിൾ ക്വിസ്സ്

അതിരൂപതയിലെ അമ്മമാർക്കായി ബിബ്ലിയ എന്ന പേരിൽ ഒരു ബൈബിൾ ക്വിസ്സ് മത്സരം ഒക്ടോബർ 15-ാം തീയ്യതി അഞ്ച് റീജിയണുകളിലായി നടന്നു. 16 മേഖലകളിൽ നിന്നുമായി 2 പേർ വീതം റീജിയണൽ തലത്തിൽ മത്സരിച്ചു.

### വിജയികൾ

**ഒന്നാം സ്ഥാനം** : എൽസമ്മ തോണക്കര - അമലഗിരി (വെള്ളരിക്കുണ്ട് മേഖല)

**രണ്ടാം സ്ഥാനം** : ഫിലോമിന പൊടിമറ്റത്തിൽ - ആനപന്തി (കുന്നോത്ത് മേഖല)

**മൂന്നാം സ്ഥാനം** : ത്രേസ്യാമ്മ നരിമറ്റത്തിൽ - മണിക്കടവ് (നെല്ലിക്കാം പൊയിൽ മേഖല)

**പ്രോത്സാഹന സമ്മാനങ്ങൾ**

1. ലിസ്സി ബെന്നി ആഞ്ഞിലിതോപ്പിൽ - മണിപ്പാറ (നെല്ലിക്കാംപൊയിൽ മേഖല)
2. ജെസ്സി രാജു കുന്നത്ത് - ചെമ്പന്തൊട്ടി (ചെമ്പന്തൊട്ടി മേഖല)
3. മേരിക്കുട്ടി രാജു മുട്ടത്ത് - പനത്തടി (പനത്തടി മേഖല)

വിജയികൾക്ക് അനുമോദനങ്ങൾ...

## 6. ഡിബേറ്റ് മത്സരം

ഒക്ടോബർ 24-ാം തീയതി തലശ്ശേരി അതിരൂപതാ മാതൃവേദി അംഗങ്ങൾക്കായി അണുകുടുംബം ആവശ്യമോ അപകടമോ എന്ന വിഷയത്തെക്കുറിച്ച് ഒരു സംവാദ മത്സരം നടന്നു.

### വിജയികൾ

**ഒന്നാം സ്ഥാനം : നെല്ലിക്കാംപൊയിൽ മേഖല**

മോളി പൈനാടത്ത് - അറബി

ബിൻസി തുമ്പശ്ശേരി - കല്ലുവയൽ

**രണ്ടാം സ്ഥാനം : കുന്നോത്ത് മേഖല**

ഷീജ സെബാസ്റ്റ്യൻ കാറുകുളം - അങ്ങാടിക്കടവ്

**മൂന്നാം സ്ഥാനം : വെള്ളരിക്കുണ്ട് മേഖല**

അന്നമ്മ പടിഞ്ഞാത്ത് - കനകപ്പള്ളി

ജോസ്ന നെല്ലയ്ക്കൽ - പറമ്പ

## 7. Onlife Media സബ്സ്ക്രിപ്ഷൻ

ഒക്ടോബർ മാസം സബ്സ്ക്രൈബേഴ്സ് മാസമായി മാതൃവേദി മേഖലകൾക്ക് നൽകിയിരുന്നല്ലോ. അതിൽ ഒക്ടോബർ 13, 14 തീയതികളിൽ

ഏറ്റവും കൂടുതൽ സബ്സ്ക്രിപ്ഷൻ നടത്തി (177) പ്രോത്സാഹനസമ്മാന മായ 1000 രൂപ കരസ്ഥമാക്കിയ **കുന്നോത്ത്** മേഖലയ്ക്ക് അഭിനന്ദനങ്ങൾ...

## 8. വചന ദീപ്തി

ഒക്ടോബർ മാസത്തിൽ വചനദീപ്തിയിലേക്ക് ഓരോ മേഖലയിൽ നിന്നും ലഭിച്ച വീഡിയോകൾ യൂട്യൂബിലൂടെ പ്രക്ഷേപണം ചെയ്തതിൽ ഏറ്റവും കൂടുതൽ വ്യൂവേഴ്സ് ലഭിച്ച മേഖലകൾ താഴെ കൊടുക്കുന്നു. നവംബർ 15 ന് ഉച്ചയ്ക്ക് 12 മണിവരെയാണ് വ്യൂവേഴ്സിന്റെ എണ്ണം നോക്കി യിരുന്നത്.

**വ്യൂവേഴ്സുകളുടെ എണ്ണം ഏറ്റവും കൂടുതൽ ലഭിച്ച മേഖലകൾ**

1) ശ്രീജ സന്തോഷ് - ഷിമോഗനഗർ - പൈസക്കരി മേഖല - 2447
2) സ്വപ്ന സിബി മറ്റത്തിനാനിക്കൽ - രത്നഗിരി - ചെമ്പേരി മേഖല - 2209
3) ബിന്ദു ബിജി പൊരുക്കോണിൽ - തോമാപുരം - തോമാപുരം മേഖല - 1779

## 9. മേഖലാ സന്ദർശം

തലശ്ശരി അതിരൂപതാ മാതൃവേദിയുടെ മേഖലാ വിസിറ്റ് നവംബർ മാസ ത്തിൽ നടന്നു. എല്ലാ മേഖലകളിലും അതിരൂപതാ ടീം വിസിറ്റ് നടത്തി എല്ലാ യൂണിറ്റുകളുടെയും റിക്കോർഡ്സ് പരിശോധിക്കുകയും ചെയ്തു. പുതുതായി നിലവിൽ വന്ന മേഖലാ സമിതിയും, പഴയ മേഖല സമിതിയും പുതിയതും പഴയതുമായ പ്രസിഡണ്ടുമാരും ഈ മീറ്റിംഗിൽ പങ്കുകൊണ്ടു.

## 10. അതിരൂപതാ ജനറൽബോഡി & ഇലക്ഷൻ

2022 ഡിസംബർ 19 ന് തലശ്ശേരി സന്ദേശഭവനിൽ വച്ച് നടക്കുന്ന ജന റൽബോഡി യോഗത്തിൽ വച്ച് അടുത്ത രണ്ട് വർഷത്തേക്കുള്ള പുതിയ അതിരൂപതാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തുന്നതാണ്. ജന റൽബോഡി യോഗത്തിൽ പങ്കെടുക്കേണ്ടത് നിലവിലുള്ള രൂപതാ ഭാര വാഹികളും എല്ലാ മേഖലകളുടെയും ഭാരവാഹികളും സെനറ്റ് മെമ്പർമാരിൽ ഒരാളുമാണ്. നിലവിലുള്ള അതിരൂപതാ ഭാരവാഹികൾക്കും മേഖലാ ഭാരവാ ഹികൾക്കും സെനറ്റുമെമ്പർമാരിൽ ഒരാൾക്കുമാണ് തെരഞ്ഞെടുപ്പിൽ വോട്ട വകാശമുള്ളത്. കൃത്യം 10 മണിക്ക് മീറ്റിംഗ് ആരംഭിക്കുന്നതാണ്. മാതൃവേ ദിയുടെ യൂണിഫോം, അംഗത്വകാർഡ്, ബാഡ്ജ് എന്നിവ ഉള്ളവർക്കുമാത്ര മാണ് വോട്ട് ചെയ്യാൻ സാധിക്കുന്നത്. മേഖലകളിൽ നിന്ന് മുൻകൂട്ടി ലഭി ക്കുന്ന നോമിനേഷൻ അനുസരിച്ച് ബാലറ്റു പേപ്പറിൽ വോട്ട് രേഖപ്പെടു ത്തിയാണ് ഇലക്ഷൻ നടത്തപ്പെടുന്നത്. പങ്കെടുക്കുന്നവർ രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 100 രൂപ കൊണ്ടുവരേണ്ടതാണ്.

## 11. പുഞ്ചിരി പൂന്തോട്ട മത്സരം

വീടുകളിൽ ഉണ്ടാക്കിയിട്ടുള്ള പൂന്തോട്ടത്തിൽ പുഞ്ചിരി തൂകി നിൽക്കുന്ന അമ്മയുടെ ഫോട്ടോയെടുത്ത് അയക്കുക. യൂണിറ്റുകളിൽ നിന്ന്

തെരഞ്ഞെടുക്കുന്ന 5 എണ്ണം മേഖലകൾക്ക് അയക്കുക. ഓരോ മേഖലക ളിൽ നിന്ന് സെലക്റ്റ് ചെയ്യുന്ന 5 എണ്ണം വീതം രൂപതയിലേക്ക് അയച്ചുത രിക. മത്സരിക്കുന്നവർ മാതൃവേദി അംഗത്വകാർഡ് ഉള്ളവരായിരിക്കണം. സ്വന്തം പൂന്തോട്ടത്തിൽ നിന്നാണ് ഫോട്ടോയെടുത്തതെന്ന് യൂണിറ്റുകൾ ഉറപ്പു വരുത്തി മേഖലയെ അറിയിക്കണം. പൂക്കളും ചെടികളും ഉൾപ്പെ ടുന്ന തോട്ടമായിരിക്കണം മേഖലകളിൽ നിന്ന് രൂപതയിലേക്ക് അയച്ചുത രേണ്ട ദിവസം **ഡിസംബർ 30** ന് രാവിലെ 10 മണിമുതൽ വൈകുന്നേരം 4 മണിവരെ.

**വാട്ട്സ് ആപ്പ് നമ്പർ : 9400206974**

ഫോട്ടോയോടൊപ്പം അയക്കേണ്ട വിവരങ്ങൾ : പേര്, വീട്ടുപേര്, ഇടവക, അംഗത്വ നമ്പർ.

## 12. അറിയിപ്പുകൾ

- ജീവോത്സവം തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവച്ച് ഡിസം ബർ 3 ന് രാവിലെ 10 മണിക്ക് നടത്തപ്പെടുന്നതാണ്.
- 25 നോമ്പ് കാലത്ത് മാതൃവേദി അംഗങ്ങൾ അവതരിപ്പിക്കുന്ന വചനവി ചിന്തനം വീഡിയോകൾ പരമാവധി ഷെയർ ചെയ്യുക.
- ഡിസംബർ 20 ന് വൈകിട്ട് 8.30 മുതൽ 9.30 വരെ ഓൺലൈൻ സ്പിരി ചൽ ഗാതറിംഗ് നടക്കുന്നു. എല്ലാ യൂണിറ്റുകളിൽ നിന്നും പരമാവധി അമ്മമാരെ പങ്കെടുപ്പിക്കുക.
- ജനറൽബോഡി യോഗത്തിൽ വച്ച് 2023 മെയ്മാസം വരെയുള്ള പുതിയ മാർഗ്ഗരേഖ നൽകുന്നതാണ്. അതനുസരിച്ച് ജനുവരി മാസം മുതലുള്ള മേഖല - യൂണിറ്റ് മാർഗ്ഗരേഖ തയ്യാറാക്കേണ്ടതാണ്.
- ജനറൽ ബോഡിയോഗത്തിൽ സംബന്ധിക്കുന്ന മേഖലാ ഭാരവാഹികൾ തങ്ങളുടെ മേഖലകളിലെ യൂണിറ്റുകളിൽ നിന്നുള്ള അർദ്ധവാർഷിക റിപ്പോർട്ടുകൾ ശേഖരിച്ച് കൊണ്ടുവരേണ്ടതാണ്.
- ഓൺലൈഫ് മീഡിയയ്ക്കുവേണ്ടി കഴിഞ്ഞമാസത്തെ പ്രോഗ്രാം ഒരു ക്കിയ നെല്ലിക്കാംപൊയിൽ മേഖലയ്ക്ക് അഭിനന്ദനങ്ങൾ

## 13. സഖറിയാസ് കൺവെൻഷൻ

പേരാവൂർ മേഖലയ്ക്കുവേണ്ടി നവംബർ 22 - 24 വരെയും, പനത്തടി മേഖലയ്ക്കുവേണ്ടി നവംബർ 28 - 30 വരെയും സഖറിയാസ് കൺവെൻഷൻ നടത്തപ്പെട്ടു. വികാരി ജനറാൾമാരായ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ, ഫൊറോന വികാരിമാരായ വെരി. റവ. ഫാ. തോമസ് കൊച്ചുകരോട്ട്, വെരി. റവ. ഫാ. തോമസ് പട്ടാംകുളം, മേഖലാ ഡയറക്ടർമാരായ റവ. ഫാ. സെബാസ്റ്റ്യൻ പൊടിമറ്റം, റവ. ഫാ. അബ്രാഹം പുതുശ്ശേരി എന്നിവർ കൺവെൻഷൻ ദിവസങ്ങളിൽ വി. ബലി

യർപ്പിച്ചു പ്രാർത്ഥിച്ചു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, ബ്ര. സന്തോഷ് ടി, ബ്ര. ജോയ്സ് കുരുവിത്താനം എന്നിവർ വചനശുശ്രൂഷകൾക്ക് നേതൃത്വം നൽകി. രജിസ്ട്രേഷൻ, കൺവെൻഷൻ ശുശ്രൂഷകൾ എന്നിവയ്ക്ക് സജീവമായി സഹകരിച്ച മാതൃവേദി പേരാവൂർ, പനത്തടി മേഖലാ സമിതിയ്ക്കും മറ്റ് അംഗങ്ങൾക്കും ക്രിസ്റ്റീൻ ടീം അംഗങ്ങൾക്കും ഹൃദ്യമായ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

### 14. യാത്രാമംഗളങ്ങൾ

ഫാമിലി അപ്പൊസ്റ്റൊലേറ്റ് റീജന്റ് ബ്രദറായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ചതിനുശേഷം അടുത്ത സേവനമേഖലയിലേക്ക് കടന്നു പോയ ബ്രദർ ആദിത്ത് പാഴൂത്തടത്തിനു ഫാമിലി അപ്പൊസ്റ്റൊലേറ്റ് കുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും യാത്രാമംഗളങ്ങളും നേരുന്നു.

### 15. സ്വാഗതം

ഫാമിലി അപ്പൊസ്റ്റൊലേറ്റ് റീജന്റ് ബ്രദറായി സേവനമനുഠിക്കാനായി കടന്നു വന്നിരിക്കുന്ന ബ്രദർ. ഗോഡ്വിൻ വേങ്ങത്തടത്തിനു ഹൃദ്യമായ സ്വാഗതമാശംസിക്കുന്നു.

## V. അമല പ്രോലൈഫ്

പ്രോലൈഫ് അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ ഇടവകാ പ്രോലൈഫ് സംഗമം - പ്രോലൈഫ് സന്ധ്യ കോട്ടൂർ ഇടവകയിൽ വച്ച് ഡിസംബർ 13 ന് വൈകിട്ട് 6 മണി മുതൽ നടത്തപ്പെടുന്നു. വി. കുർബ്ബാന, ആരാധന, ബോധവത്ക്കരണ സെമിനാർ എന്നിവ ഉണ്ടായിരിക്കും.

### 1) ജീവോപഹാരം

മേരിഗിരി ഇടവകയിലെ കുളങ്ങര ബെന്നി കെ.എം. - ആനി ബെന്നി ദമ്പതികളുടെയും ഡോ. അഫിൽ എം. അലക്സ് - പ്രിയങ്ക ജോൺ മൈലാടൂർ, എന്നീ ദമ്പതികളുടെയും നാലാമത്തെ കുട്ടിയ്ക്ക് പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ ജീവോപഹാരം നൽകി ആദരിച്ചു.

സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
*ഡയറക്ടർ*

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## ആദരാഞ്ജലികൾ



തോമാപുരം സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂളിലെ അധ്യാപികയായ ശ്രീമതി. ബിന്ദു ജോസഫ് 28.10.2022 ന് ദൈവസന്നിധിയിലേക്ക് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ബിന്ദു ജോസഫ് ടീച്ചറിന്റെ വേർപാടിൽ വേദനിക്കുന്ന കുടുംബാംഗങ്ങളെയും അധ്യാപകരെയും വിദ്യാർത്ഥികളെയും അനുശോചനമറിയിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

പാലാവയൽ സെന്റ് ജോൺസ് ഹയർസെക്കണ്ടറി സ്കൂളിലെ പ്ലസ് വൺ വിദ്യാർത്ഥിയായ ടെസ്സ ചെറിയാൻ കാപ്പിൽ 27.10.2022 ന് ദൈവസന്നിധിയിലേക്ക് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. അകാലത്തിൽ പൊലിഞ്ഞുപോയ ടെസ്സ ചെറിയാൻ കാപ്പിലിന്റെ വേർപാടിൽ വേദനിക്കുന്ന കുടുംബാംഗങ്ങളെയും അധ്യാപകരെയും വിദ്യാർത്ഥികളെയും അനുശോചനമറിയിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

## സ്കൂൾ മാനേജർമാരുടെ സമ്മേളനം

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലുള്ള എല്ലാ സ്കൂളുകളുടെയും മാനേജർമാരുടെ സമ്മേളനം 2022 നവംബർ 15-ാം തീയതി സന്ദേശഭവനിൽ സംഘടിപ്പിച്ചു. അഭിവന്ദ്യ മാർ ജോസഫ് പാംബ്ലാനി പിതാവിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ മോൺ. ഫാ. സെബാസ്റ്റ്യൻ പാലാക്കുഴിയും സംബന്ധിച്ചു. ദീർഘ വീക്ഷണത്തോടെ നമ്മുടെ ഇടവകകളിൽ വിദ്യാലയങ്ങൾ ആരംഭിക്കുന്നതിന് നേതൃത്വം കൊടുത്ത വൈദികരെയും കാലാകാലങ്ങളിൽ ഈ വിദ്യാലയങ്ങളെ സംരക്ഷിച്ച്, നവീകരിച്ച്, പ്രോത്സാഹിപ്പിച്ച് നേതൃത്വം കൊടുക്കുന്ന എല്ലാ ബഹുമാനപ്പെട്ട വൈദികരെയും നന്ദിയോടെയും സ്നേഹത്തോടെയും സ്മരിക്കുന്നു. വിദ്യാഭ്യാസ പ്രേഷിത ശുശ്രൂ

ഷയിൽ ഈ കാലഘട്ടത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഈ സമ്മേളന ത്തിൽ ചർച്ച ചെയ്തു.

### ക്രിസ്മസ്

ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശവുമായി ഈ മണ്ണിൽ അവതരിച്ച ഉണ്ണി യേശുവിന്റെ ജനനത്തിരുനാളായി എല്ലാവരും തീക്ഷ്ണ തയോടെ ഒരുങ്ങുകയാണല്ലോ.. ക്രിസ്മസ് പരീക്ഷകൾക്കു ശേഷം നമ്മുടെ എല്ലാ സ്കൂളുകളിലും ക്രിസ്മസ് ആഘോഷങ്ങൾ സംഘടിപ്പിക്കണം. പുൽക്കൂട് നിർമ്മിച്ചും കരോൾഗാനങ്ങൾ ആലപിച്ചും ഉണ്ണിയോശുവിന്റെ ജന്മ ദിനം ആഘോഷമാക്കണം.

### പി.ടി. ചാക്കോ പ്രസംഗമത്സരം

ഡിസംബർ 10-ാം തീയതി ശനിയാഴ്ച എടൂർ, വായാട്ടുപറമ്പ്, ചെമ്പേരി, തോമാപുരം, എന്നീ സെന്ററുകളിൽ വെച്ച് പ്രസംഗമത്സരം നടത്തുന്നു.

### ഉപജില്ല കലോത്സവങ്ങൾ

വിവിധ ഉപജില്ല കലോത്സവങ്ങളിൽ വിവിധ മത്സരയിനങ്ങളിൽ പങ്കെ ടുക്കുന്നവർക്കും വിജയികളായവർക്കും അവരെ പരിശീലിപ്പിച്ച അധ്യാപ കർക്കും രക്ഷിതാക്കൾക്കും അഭിനന്ദനങ്ങൾ.

### ഇരിട്ടി ഉപജില്ല

**കലോത്സവം - ഹയർസെക്കണ്ടറി വിഭാഗം**

| | | |
|---|---|---|
| | ഒന്നാം സ്ഥാനം | - എടൂർ എച്ച്.എസ്.എസ്. |
| | രണ്ടാം സ്ഥാനം | - അങ്ങാടിക്കടവ് എച്ച്.എസ്.എസ്. |

**കലോത്സവം - ഹൈസ്കൂൾ വിഭാഗം**

| | | |
|---|---|---|
| **ജനറൽ** | ഒന്നാംസ്ഥാനം | - എടൂർ എച്ച്. എസ്. |
| | രണ്ടാം സ്ഥാനം | - കുന്നോത്ത് എച്ച്.എസ്. |
| **സംസ്കൃതോത്സവം** | ഒന്നാം സ്ഥാനം | - എടൂർ എച്ച്.എസ്. |
| | മൂന്നാം സ്ഥാനം | - പേരാവൂർ എച്ച്.എസ്. |

**കലോത്സവം - യു.പി വിഭാഗം**

| | | |
|---|---|---|
| **ജനറൽ** | ഒന്നാം സ്ഥാനം | - മഞ്ഞളാംപുറം യു.പി. |
| | | - കുന്നോത്ത് യു.പി. |
| | മൂന്നാം സ്ഥാനം | - അങ്ങാടിക്കടവ് യു.പി. |

**കലോത്സവം - എൽ.പി വിഭാഗം**

| | | |
|---|---|---|
| | ഒന്നാം സ്ഥാനം | - എടൂർ എൽ.പി, കുന്നോത്ത് യു.പി |
| | രണ്ടാം സ്ഥാനം | - കരിക്കോട്ടക്കരി യു.പി. |
| **സംസ്കൃതോത്സവം** | ഒന്നാം സ്ഥാനം | - തൊണ്ടിയിൽ യു.പി. |
| | രണ്ടാം സ്ഥാനം | - വീർപാട് യു.പി. |
| **പ്രവൃത്തിപരിചയമേള** | ഒന്നാം സ്ഥാനം | - തൊണ്ടിയിൽ യു.പി. |
| **ഗണിതശാസ്ത്രമേള** | രണ്ടാം സ്ഥാനം | - തൊണ്ടിയിൽ യു.പി. |
| **സാമൂഹ്യശാസ്ത്രമേള** | മൂന്നാം സ്ഥാനം | - തൊണ്ടിയിൽ യു.പി. |

**ശാസ്ത്രോത്സവം - യു.പി./എൽ.പി/ഹൈസ്കൂൾ വിഭാഗം**

ഒന്നാം സ്ഥാനം - തൊണ്ടിയിൽ യു.പി., കുന്നോത്ത് യു.പി., എടൂർ എൽ.പി

രണ്ടാം സ്ഥാനം - എടൂർ എച്ച്.എസ്

**പ്രവൃത്തിപരിചയമേള - യു.പി./ഹൈസ്കൂൾ വിഭാഗം**

രണ്ടാം സ്ഥാനം - വീർപ്പാട് യു.പി., എടൂർ എച്ച്.എസ്.

**സാമൂഹ്യശാസ്ത്രമേള - യു.പി. വിഭാഗം/ഹൈസ്കൂൾ വിഭാഗം**

ഒന്നാം സ്ഥാനം - കുന്നോത്ത് യു.പി.

മൂന്നാം സ്ഥാനം - കുന്നോത്ത് എച്ച്.എസ്.

**ഗണിതശാസ്ത്ര മേള - യു.പി.വിഭാഗം**

മൂന്നാം സ്ഥാനം - കുന്നോത്ത് യു.പി.

**ഐ.ടി.മേള - ഹൈസ്കൂൾ വിഭാഗം**

രണ്ടാം സ്ഥാനം - എടൂർ എച്ച്.എസ്.

**കായിക മേള** ഒന്നാം സ്ഥാനം - പേരാവൂർ എച്ച്.എസ്.

രണ്ടാംസ്ഥാനം - കുന്നോത്ത് എച്ച്.എസ്.

**സബ്ജൂനിയർ വിഭാഗം** - ഒന്നാം സ്ഥാനം - തൊണ്ടിയിൽ യു.പി.

മൂന്നാം സ്ഥാനം - വീർപ്പാട് യു.പി.

**തളിപ്പറമ്പ് നോർത്ത് ഉപജില്ല - കായിക മേള**

ഒന്നാം സ്ഥാനം - വായാട്ടുപറമ്പ എച്ച്.എസ്.എസ്.

രണ്ടാം സ്ഥാനം - ബി.വി.ജെ.എം.എച്ച്.എസ്. പെരുമ്പടവ്

**പ്രവൃത്തിപരിചയമേള - എൽ.പി.വിഭാഗം**

രണ്ടാം സ്ഥാനം - വിളക്കന്നൂർ എൽ.പി.

**ഇരിക്കൂർ ഉപജില്ല**

**കലോത്സവം - ഹൈസ്കൂൾ വിഭാഗം**

ഒന്നാം സ്ഥാനം - മണിക്കടവ് എച്ച്.എസ്.

**സംസ്കൃതോത്സവം**

മൂന്നാം സ്ഥാനം - പൈസക്കരി എച്ച്.എസ്.

**കലോത്സവം - യുപി വിഭാഗം**

ഒന്നാം സ്ഥാനം - മണിക്കടവ് യു.പി, ചെമ്പേരി യു.പി

രണ്ടാം സ്ഥാനം - ചന്ദനക്കാംപാറ യു.പി

മൂന്നാം സ്ഥാനം - വയത്തൂർ യുപി

**സംസ്കൃതോത്സവം**

രണ്ടാം സ്ഥാനം - അറബി യു.പി., പൈസക്കരി യു.പി. വയത്തൂർ യു.പി.

**കലോത്സവം - എൽ.പി വിഭാഗം**

ഒന്നാം സ്ഥാനം - പൈസക്കരി യു.പി.

രണ്ടാംസ്ഥാനം - വയത്തൂർ യുപി., മണിക്കടവ് യു.പി.

മൂന്നാം സ്ഥാനം - അറബി യു.പി., കുടിയാന്മല യു.പി.

**കലോത്സവം - ഹയർസെക്കന്ററി വിഭാഗം**

രണ്ടാം സ്ഥാനം - മണിക്കടവ് എച്ച്.എസ്.എസ്.

**കായികമേള - മണിക്കടവ് എച്ച്.എസ്.എസ്**

**ജില്ലാതലം** - മൂന്നാം സ്ഥാനം

**ഉപജില്ലാതലം** - ഒന്നാം സ്ഥാനം

**നീന്തൽമത്സരം - സബ്ജൂനിയർ ബോയ്സ്**

ഒന്നാം സ്ഥാനം - മണിക്കടവ് യു.പി.

**ശാസ്ത്രമേള - എച്ച്.എസ്.എസ്. വിഭാഗം**

ഒന്നാം സ്ഥാനം - മണിക്കടവ് എച്ച്.എസ്.എസ്.

**പ്രവൃത്തിപരിചയം - യു.പി. വിഭാഗം**

രണ്ടാം സ്ഥാനം - കുടിയാന്മല യു.പി

**സാമൂഹ്യശാസ്ത്രം - എൽ.പി. വിഭാഗം**

രണ്ടാം സ്ഥാനം - കുടിയാന്മല യു.പി.

**ഐ.ടി. മേള - യു.പി. വിഭാഗം**

മൂന്നാം സ്ഥാനം - കുടിയാന്മല യു.പി.

**ഗണിതശാസ്ത്രമേള - എൽ.പി. വിഭാഗം**

മൂന്നാം സ്ഥാനം - കുടിയാന്മല യു.പി.

## ചിറ്റാരിക്കാൽ ഉപജില്ല

**കായികമേള -** എൽ.പി. വിഭാഗം

ഒന്നാം സ്ഥാനം - തോമാപുരം എൽ.പി.

രണ്ടാം സ്ഥാനം - വെള്ളരിക്കുണ്ട് എൽ.പി.

മൂന്നാം സ്ഥാനം - പാലാവയൽ എൽ.പി.

**കിഡീസ് ബോയ്സ് -** ഒന്നാം സ്ഥാനം - തോമാപുരം എൽ.പി.

**മിനി ഗേൾസ -** ഒന്നാം സ്ഥാനം - തോമാപുരം എൽ.പി.,
- വെള്ളരിക്കുണ്ട് എൽ.പി.

**ശാസ്ത്രമേള -** ഒന്നാം സ്ഥാനം - വെള്ളരിക്കുണ്ട് എൽ.പി.
രണ്ടാം സ്ഥാനം - തോമാപുരം എൽ.പി.

**പ്രവൃത്തിപരിചയമേള -** ഒന്നാം സ്ഥാനം - വെള്ളരിക്കുണ്ട് എൽ.പി.
രണ്ടാം സ്ഥാനം - തോമാപുരം എൽ.പി.

**ഗണിതശാസ്ത്രമേള -** ഒന്നാം സ്ഥാനം - തോമാപുരം എൽ.പി.

**സാമൂഹ്യശാസ്ത്രമേള -** രണ്ടാം സ്ഥാനം - വെള്ളരിക്കുണ്ട് എൽ.പി.

**വിജയികൾക്ക് എല്ലാ നന്മകളും നേരുന്നു**
**ഏവർക്കും ക്രിസ്തുമസ് പുതുവത്സര മംഗളങ്ങൾ ആശംസിക്കുന്നു**

സ്നേഹപൂർവ്വം,

**ഫാ. മാത്യു ശാസ്താംപടവിൽ**

കോർപ്പറേറ്റ് മാനേജർ

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

**അഡ്മിഷൻ 2022-23**

2022-23 അദ്ധ്യയന വർഷത്തേക്കുള്ള B.Tech, M.Tech, MBA അഡ്മിഷൻ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലായിരിക്കുകയാണ്. ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. താല്പര്യമുള്ളവർ ഉടൻതന്നെ കോളേജ് ഓഫീസുമായി ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് **9400062919, 8281750777, 9846423448, 0460 2212240** എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

**Website : www.vjec.ac.in E-mail: admission@vjec.ac.in**

### പ്ലേസ്മെന്റ് വാർത്തകൾ

- ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ ഐ.ടി. കമ്പനിയായ 6D Technologies നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിൽ 100-ലധികം കുട്ടികൾ പങ്കെടുത്തു. 6 വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു. പ്രതിവർഷം 4 ലക്ഷത്തിൽ അധികം ശബളം വാഗ്ദാനം ചെയ്യുന്നു.
- QUEST GLOBAL സംഘടിപ്പിച്ച ക്യാമ്പസ് റിക്രൂട്ട്മെന്റിൽ 90 അവസാനവർഷ വിദ്യാർത്ഥികൾ പങ്കെടുത്തു. 20 വിദ്യാർത്ഥികൾ ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ പേരുകൾ ഈ മാസം അവസാനത്തോടെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.
- ഐ.ടി സർവ്വീസസ് മേഖലയിൽ പ്രവർത്തിക്കുന്ന TALENTPACE, Bangalore വിമൽ ജ്യോതിയിൽവച്ച് പൂൾ ക്യാമ്പസ് റിക്രൂട്ട്മെന്റ് സംഘടിപ്പിച്ചു. വിമൽ ജ്യോതിയിലെയും മറ്റ് സമീപപ്രദേശങ്ങളിലുള്ള കോളേജുകളിലെയും കുട്ടികളെ ഉൾപ്പെടുത്തി നടത്തിയ റിക്രൂട്ട്മെന്റ് ആയിരുന്നു. വിമൽ ജ്യോതിയിലെ 4 വിദ്യാർത്ഥി

കൾക്കും, മറ്റ് കോളേജുകളിൽ നിന്നെത്തിയ 3 വിദ്യാർത്ഥികൾക്കും ജോലി ഓഫർ ലഭിച്ചു.

- കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി സംഘടിപ്പിക്കുന്ന NEST DIGITAL ക്യാമ്പസ് റിക്രൂട്ട്മെന്റിൽ വിമൽ ജ്യോതിയിലെ 140 അവസാനവർഷ വിദ്യാർത്ഥികൾ പങ്കെടുക്കുന്നു. ഓൺലൈൻ ടെസ്റ്റ് നവംബർ അവസാനവും, ഇന്റർവ്യു ഡിസംബർ 20-ാം തീയതിയോടെയും പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.
- തിരുവനന്തപുരം ടെക്നോപാർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന SPERIDIAN TECHNOLOGIES നവംബർ 22-ാം തീയതി ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തുന്നു. സെലക്ഷൻ ലിസ്റ്റ് ഡിസംബർ പകുതിയോടെ ലഭ്യമാകുമെന്ന് കരുതുന്നു.

## വിമൽജ്യോതിയിൽ ദേശീയതല വെർച്ച്വൽ കോൺഫറൻസ്

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ നവംബർ 11,12 തീയതികളിൽ ദേശീയതല വിർച്ച്വൽ കോൺഫറൻസ് നടക്കുന്നു. സിവിൽ എൻജിനീയറിംഗ് വിഭാഗം സസ്റ്റേയിനബിൾ കൺസ്ട്രക്ഷൻ ആൻഡ് മെറ്റീരിയൽസ് ഫോർ ഇൻഫ്രാസ്ട്രക്ച്ചർ എന്ന വിഷയത്തിലാണ് കോൺഫറൻസ് സംഘടിപ്പിക്കുന്നത്. കോഴിക്കോട് എൻ.ഐ.ടി മുൻ ഡീൻ ഡോ. ഗണേശൻ കോൺഫറൻസ് ഉദ്ഘാടനം ചെയ്യും. ഡോ. രാജേന്ദ്രൻ (കോയമ്പത്തൂർ കാരുണ്യ യൂണിവേഴ്സിറ്റി), ഡോ. അജയകുമാർ (ഒമാൻ യൂണിവേഴ്സിറ്റി) ഡോ. സുദർശൻ (ചെന്നൈ) തുടങ്ങിയവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദ്യാർഥികളും അദ്ധ്യാപകരും ഗവേഷകരും നൂതന ആശയങ്ങൾ അവതരിപ്പിക്കും. നിർമാണ മേഖലയിലെ നൂതന നിർമാണ സാമഗ്രികൾ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഇത്തരം കോൺഫറൻസ് സംഘടിപ്പിച്ചിരിക്കുന്നത് എന്ന് കോളേജ് മാനേജർ ഫാ. ജെയിംസ് ചെല്ലംകോട്ട്, പ്രിൻസിപ്പൽ ഡോ. ബെന്നി ജോസഫ്, വകുപ്പ് മേധാവി ഡോ. ബിജു മാത്യു എന്നിവർ അറിയിച്ചു.

## ഇന്റർകോളജിയറ്റ് ബാസ്ക്കറ്റ്ബോൾ മത്സരത്തിൽ വിമൽ ജ്യോതി ജേതാക്കൾ

കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി ഇന്റർകോളജിയറ്റ് ബാസ്ക്കറ്റ്ബോൾ മത്സരത്തിൽ വനിതാ വിഭാഗത്തിൽ വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് ജേതാക്കളായി. ഗവൺമെന്റ് എൻജിനീയറിംഗ് കോളേജ് കണ്ണൂർ രണ്ടാം സ്ഥാനം കരസ്ഥമാക്കി. പുരുഷ വിഭാഗത്തിൽ ഗവൺമെന്റ് എൻജിനീയറിംഗ് കോളേജ് ഒന്നാം സ്ഥാനവും വിമൽജ്യോതി എൻജിനീയറിംഗ് കോളേജ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി. വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ വച്ച് നടന്ന മത്സരം കോളേജ് ബർസാർ റവ. ഫാ. ലാസർ വരമ്പകത്ത് ഉദ്ഘാടനം ചെയ്തു. സമ്മാനദാനം

മുൻ ഇന്ത്യൻ ബാസ്ക്കറ്റ്ബോൾ താരവും ഡെപ്യൂട്ടി കമാൻഡന്റ് പോലീസ് ശ്രീ. ജോണി അഗസ്റ്റിനും അസിസ്റ്റന്റ് മാനേജർ റവ. ഫാ. സോണി വടശ്ശേരിയും നിർവഹിച്ചു. ഫിസിക്കൽ എജ്യൂക്കേഷൻ മേധാവി ശ്രീ. ഷാജി എം. എ. നന്ദിയും പറഞ്ഞു.

## സാങ്കേതിക സർവകലാശാല എഫ് സോൺ ചെസ്സ് വിജയികൾ

ഡോ. എ.പി.ജെ അബ്ദുൽ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ ചെമ്പേരി വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ നടന്ന ചെസ്സ് മത്സരത്തിന്റെ പുരുഷ വിഭാഗത്തിൽ ഗവൺമെന്റ് എൻജിനീയറിംഗ് കോളേജ് വയനാട് ഒന്നാം സ്ഥാനവും, കോളേജ് ഓഫ് എൻജിനീയറിംഗ് തലശ്ശേരി രണ്ടാം സ്ഥാനവും, വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് ചെമ്പേരി മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വനിതാ വിഭാഗത്തിൽ ഗവൺമെന്റ് എൻജിനീയറിംഗ് കോളേജ് വയനാട് ഒന്നാം സ്ഥാനവും, ഗവൺമെന്റ് എൻജിനീയറിംഗ് കോളേജ് കണ്ണൂർ രണ്ടാം സ്ഥാനവും, വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് ചെമ്പേരി മൂന്നാം സ്ഥാനവും കരസ്ഥമാക്കി. മത്സരം വിമൽ ജ്യോതി എൻജിനീയറിംഗ് കോളജ് ബർസാർ ഫാ. ലാസർ വരമ്പകത്ത് ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോ. ബെന്നി ജോസഫ് അധ്യക്ഷത വഹിച്ചു. ഫിസിക്കൽ എജ്യൂക്കേഷൻ മേധാവി പ്രൊഫ. ഷാജി എം എ സ്വാഗതം ആശംസിച്ചു. സോൺ കൺവീനർ കാസർഗോഡ് എൽ.ബി.എസ് കോളേജിലെ പ്രൊഫ. പി. വൈ. ജോഷ്വ, വിമൽ ജ്യോതി പി.ആർ.ഒ ശ്രീ. സെബാസ്റ്റ്യൻ പുത്തൻപുര എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. കോളേജ് യൂണിയൻ ചെയർമാൻ ശ്രീ. വിജയകൃഷ്ണ എ.കെ നന്ദി രേഖപ്പെടുത്തി.

## വിമൽ ജ്യോതി എം.ബി.എ. കോളേജ്

### ജ്യോതിർഗമയ 2022

2022 അധ്യയനവർഷത്തെ എം.ബി.എ വിദ്യാർത്ഥികളുടെ പ്രവേശനോത്സവം, ജ്യോതിർഗമയ 2022 നവംബർ 19-ാം തീയതി കോളേജ് ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ടു. കണ്ണൂർ യൂണിവേഴ്സിറ്റി രജിസ്ട്രാർ പ്രൊഫ. ഡോ. ജോബി കെ ജോസ് ഉദ്ഘാടനവും മുഖ്യപ്രഭാഷണവും നടത്തി. കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. ജിനുവച്ചൻ വടക്കേമുളഞ്ഞനാൽ സ്വാഗതം പറഞ്ഞ ചടങ്ങിന് വിമൽ ജ്യോതി സ്ഥാപനങ്ങളുടെ മാനേജർ റവ. ഫാ. ജെയിംസ് ചെല്ലംകോട്ട് അദ്ധ്യക്ഷപ്രസംഗം നടത്തി. ബർസാർ റവ. ഫാ. ലാസർ വരമ്പകത്ത് നവാഗതർക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അഡ്മിനിസ്ട്രേറ്റർ ഫാ. ബിബിൻ തെക്കേടത്ത് ആശംസകൾ നേർന്നു. ബാച്ച് കോർഡിനേറ്റർ ശ്രീ. തോമസ് ജോൺ നന്ദിയും പറഞ്ഞു.

### ഗ്രാമദർശൻ 2022

വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & റിസർച്ചിന്റെ സോഷ്യൽ സെൻസിറ്റൈസേഷൻ പ്രോഗ്രാമിന്റെ ഭാഗമായ റൂറൽ ക്യാമ്പ്

ഗ്രാമദർശൻ 2022 കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിത മേഖലയിലെ എൻമകജെ പഞ്ചായത്തിൽ 2022 ഒക്ടോബർ 19 മുതൽ 24 വരെ നടത്തപ്പെടുകയുണ്ടായി. ഒന്നാം വർഷ എം.ബി.എ വിദ്യാർത്ഥികളും അദ്ധ്യാപകരും മാനേജ്മെന്റ് പ്രതിനിധികളായ വൈദികരും ക്യാമ്പിൽ പങ്കെടുത്തു. ക്യാമ്പിന്റെ ഭാഗമായി ബദിയടുക്കയിലെ പബ്ലിക്ക് ഹെൽത്ത് സെന്ററിൽ മനോഹരമായ ഒരു പൂന്തോട്ടവും നിർമ്മിച്ചു. പെർളയിലെ പുനരധിവാസവും ട്രെയിനിംഗും നല്കുന്ന നവജീവൻ സ്കൂളിന്റെ നിർമ്മാണപ്രവർത്തിയിലും പങ്കുചേർന്നു. വിദ്യാർത്ഥികളിൽ സാമൂഹികപ്രതിബദ്ധത വളർത്താൻ ഇത് ഉപകരിച്ചു. ക്യാമ്പിന്റെ വിജയത്തിനായി കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. ജിനു വടക്കേമുളഞ്ഞനാൽ, അസിസ്റ്റന്റ് മാനേജർ റവ. ഫാ. സോണി വടശ്ശേരിൽ, അഡ്മിനിസ്ട്രേറ്റർ റവ. ഫാ. ബിബിൻ തെക്കേടത്ത് എന്നിവർ നിർദ്ദേശങ്ങൾ നല്കി. ക്യാമ്പ് കോർഡിനേറ്റർ തോമസ് ജോൺ സാറിന്റെ നേതൃത്വത്തിലാണ് സ്റ്റാഫ് അംഗങ്ങളും വിദ്യാർത്ഥികളും ഈ പ്രോഗ്രാം വിജയകരമായി നടത്തിയത്. ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തുതന്ന ബദിയടുക്ക പള്ളി വികാരി റവ. ഫാ. ജോസഫ് നൂറമ്മാക്കൽ അച്ചനും, കമ്മറ്റി അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു.

**മാനേജ്മെന്റ് ഫെസ്റ്റ് – കർമ്മാന്ത 2022**

എം.ബി.എ കോളേജിലെ വിദ്യാർത്ഥികൾ സംഘടിപ്പിക്കുന്ന മാനേജ്മെന്റ് ഫെസ്റ്റ് കർമ്മാന്തയ്ക്ക് ഒരുക്കമായി ഫെവർനോവ എന്ന പേരിൽ പ്രോഗ്രാമുകൾ സംഘടിപ്പിച്ചു.

**ബ്രോഷർ റിലീസ് :** കർമ്മാന്ത 2022-ന്റെ ഔദ്യോഗിക ബ്രോഷർ ലോഞ്ചിംഗ് കണ്ണൂർ യൂണിവേഴ്സിറ്റി രജിസ്ട്രാർ പ്രൊഫ. ഡോ. ജോബി കെ ജോസ് നിർവ്വഹിച്ചു. അതോടൊപ്പം നടക്കുന്ന ഫുഡ്ഫെസ്റ്റിന്റെയും, സെവൻസ് ഫുട്ബോളിന്റെയും ബ്രോഷർ പ്രകാശനം റവ. ഫാ. ലാസർ വരമ്പകത്തും, ഫാ. ഡോ. ജിനുവച്ചൻ വടക്കേമുളഞ്ഞനാലും യഥാക്രമം നിർവ്വഹിച്ചു.

**ഫുഡ് ഫെസ്റ്റ് :** നവംബർ 21 മുതൽ 26 വരെ കർമ്മാന്തയുടെ ധനശേഖരണാർത്ഥം ഫുഡ് ഫെസ്റ്റ് നടത്തി.

നാഷണൽ ലെവൽ മാനേജ്മെന്റ് ഫെസ്റ്റ് ഡിസംബർ 8-ാം തീയതിയാണ് നടക്കുക. കേരളത്തിനകത്തും പുറത്തുനിന്നുമുള്ള കോളേജ് വിദ്യാർത്ഥികളാണ് ഈ ഫെസ്റ്റിൽ മാറ്റുരയ്ക്കുന്നത്. 2 ലക്ഷത്തോളം രൂപയുടെ സമ്മാനങ്ങളാണ് വിവിധങ്ങളായ മത്സരങ്ങളിലെ വിജയികളെ കാത്തിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് : www.karmanta.vjim.ac.in

സ്നേഹാശംസകളോടെ,

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# നിർമ്മലഗിരി കോളേജ്
## കൂത്തുപറമ്പ

### മാതൃ ഭാഷ ദിനം ആചരിച്ചു

നിർമ്മലഗിരി കോളേജ് മലയാള വിഭാഗവും എൻഎസ്എസും സംയുക്തമായി മാതൃഭാഷ ദിനം ആചരിച്ചു. കോളേജ് വൈസ് പ്രിൻസിപ്പൽ റവ. ഡോ. ജോബി ജേക്കബ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. സംസ്കൃത സർവകലാശാല (റിട്ട.) പ്രൊഫ. ഡോ. കുമാരൻ വയലേരി മാതൃഭാഷദിന സന്ദേശം നൽകി. ചടങ്ങിനു മലയാള വിഭാഗം അസി. പ്രൊഫ. ഡോ. ജെയ്സൻ ജോസഫ് സ്വാഗതവും അസി. പ്രൊഫ. ഡോ. ദീപ മോൾ മാത്യു നന്ദിയും പറഞ്ഞു. തുടർന്ന് മൂന്നാം വർഷ മലയാള വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഭക്ഷ്യമേള സംഘടിപ്പിച്ചു. അന്യം നിന്നുപോകുന്ന നാടൻ രുചികളെ പുതുതലമുറയ്ക്ക് മുൻപിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ നടത്തിയ ഭക്ഷ്യമേള വൈസ് പ്രിൻസിപ്പൽ റവ. ഡോ. ജോബി ജേക്കബ് ഉദ്ഘാടനം ചെയ്തു. ശ്രീ. ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി റിട്ട. പ്രൊഫസർ ശ്രീ. കുമാരൻ വയലേരി മുഖ്യാതിഥിയായി. അസി. പ്രൊഫ. ഡോ. ദീപമോൾ മാത്യു പരിപാടിക്ക് നേതൃത്വം നൽകി. വിദ്യാർത്ഥികളും അധ്യാപകരുമായി നിരവധിപേർ പരിപാടിയിൽ പങ്കെടുത്തു. രുചിമേളം 22 K എന്ന പേരിൽ നടത്തിയ പരിപാടിയിൽ എൺപതോളം വ്യത്യസ്ത വിഭവങ്ങൾ ഉണ്ടായിരുന്നു.

### നിർമ്മലഗിരി കോളേജിൽ ലഹരി വിരുദ്ധ പ്രതിജ്ഞ

നിർമ്മലഗിരി കോളേജിൽ ലഹരി വിരുദ്ധ പ്രതിജ്ഞ, മനുഷ്യ ചങ്ങല എന്നിവ സംഘടിപ്പിച്ചു. കോളേജ് വൈസ് പ്രിൻസിപ്പൽ റവ. ഡോ. ജോബി ജേക്കബ് അധ്യാപകർക്കും വിദ്യാർത്ഥികൾക്കും

പ്രതിജ്ഞ ചൊല്ലി കൊടുത്തു. ആന്റി ഡ്രഗ്സ് കമ്മിറ്റിയും എൻ എസ്.എസും എൻ.സി.സിയും പരിപാടികൾക്ക് നേതൃത്വം നൽകി.

## നിർമലഗിരി കോളജിൽ പച്ചക്കറി വികസന പദ്ധതി ആരംഭിച്ചു

മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെയും കൃഷിവകുപ്പിന്റെയും സഹകരണ ത്തോടെ നിർമ്മലഗിരി കോളജിൽ വിദ്യാർത്ഥികളുടെ പച്ചക്കറി കൃഷിക്കു തുടക്കം കുറിച്ചു. വിദ്യാർത്ഥികളെ കൃഷിയിലേക്കു ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ നിർമലഗിരി കോളജ് സസ്യശാസ്ത്ര വിഭാഗം നേതൃത്വം നൽകുന്ന പദ്ധതി മാങ്ങാട്ടിടം പഞ്ചായത്ത് പ്രസിഡന്റ് പി.സി. ഗംഗാധരൻ പദ്ധതി ഉദ്ഘാടനം ചെയ്തു.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, മാങ്ങാട്ടിടം കൃഷിഭവൻ എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. വിദ്യാർത്ഥികളിൽ കാർഷികാവബോധം സൃഷ്ടിക്കുന്നതിനും കാർഷിക പരിശീലനം നൽകുന്നതിനുമാണു പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. നിർമ്മലഗിരി കോളേജ് സസ്യശാസ്ത്ര വിഭാഗത്തിന്റെ നേതൃത്വത്തിൽ നവീകരിച്ച മഴമറയുടെ ഉദ്ഘാടനവും ചടങ്ങിൽ നടന്നു. നിർമ്മലഗിരി കോളേജ് പ്രിൻസിപ്പൽ ഡോക്ടർ കെ. വി ഔസേപ്പച്ചൻ മഴമറ ഉദ്ഘാടനം ചെയ്തു.

200 ഓളം പച്ചക്കറി തൈകളാണ് പദ്ധതിയുടെ ഭാഗമായി നട്ടത്. സി.കെ. ശ്രീജ അധ്യക്ഷയായി. കൂത്തുപറമ്പ് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ബിന്ദു കെ. മാത്യു പദ്ധതി വിശദീകരണം നടത്തി. മാങ്ങാട്ടിടം കൃഷി ഓഫീസർ എ. സൗമ്യ, കോളേജ് ബസാർ ഫാ. ഷാജി തെക്കേമുറിയിൽ, IQAC കോഡിനേറ്റർ ഡോ. സാബു സെബാസ്റ്റ്യൻ, ഡോ. അൻപിൻ രാജ, അനഘ തുടങ്ങിയവർ പ്രസംഗിച്ചു.

## ദേശിയ സെമിനാർ സംഘടിപ്പിച്ചു

നിർമലഗിരി കോളജ് കെമിസ്ട്രി ഡിപ്പാർട്ട്മെന്റും കേരള മാഗ്നറ്റിക്ക് റെസൊണൻസ് സൊസൈറ്റിയും (MRSK) സംയുക്തമായി സംഘടിപ്പി ക്കുന്ന ദ്വിദിന നാഷണൽ സെമിനാർ എൻ.എം.ആർ. സ്പെക്ട്രോസ് കോപ്പി കോളേജ് ബർസാർ റവ. ഫാ. മാത്യു തെക്കേമുറിയിൽ ഉദ്ഘാ ടനം ചെയ്തു. എം.ആർ.എസ്.കെ. പ്രസിഡന്റ് ഡോ. വിനേഷ് വിജയൻ (IISER തിരുവനന്തപുരം) അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. സ്വാഗതം പറഞ്ഞു. കെമിസ്ട്രി വിഭാഗം അധ്യക്ഷ ഡോ. മഞ്ജുഷ മാത്യു, അസി. പ്രൊഫ. ഡോ. നൈജിൽ തോമസ്, അസി. പ്രൊഫ. അജേഷ് പി. തോമസ്, അസി. പ്രൊഫ. ഡോ. സുമി ജോസഫ് എന്നിവർ സംസാരിച്ചു. രണ്ടു ദിവസം നീണ്ടു നിൽക്കുന്ന സെമിനാറിൽ ഡോ. വിനേഷ് വിജയൻ, ഡോ. സുനിൽകുമാർ പി. എൻ. (MG.

യൂണിവേഴ്സിറ്റി) ഡോ. രവിശങ്കർ എൻ. (NIST തിരുവനന്തപുരം) എന്നിവർ പ്രഭാഷണങ്ങൾ നൽകും.

## സ്വച്ഛത കാമ്പയിൻ നടത്തി

9 കേരള ഗേൾസ് എൻ.സി.സി. സീനിയർ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഒരു വർഷം നീണ്ടു നിൽക്കുന്ന ശുചീകരണ യജ്ഞത്തിന്റെ ഭാഗമായി നിർമലഗിരി കോളേജ് എൻ.സി.സി. വനിതാ കേഡറ്റുകൾ നിർമലഗിരി ടൗൺ ശുചീകരിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ. വി. പരിപാടി ഉദ്ഘാടനം ചെയ്തു. എ.എ9.ഒ. ലഫ്റ്റനന്റ്, ഡോ. സുജ മറിയാമ്മ ജോഷ്വാ, ട്രെയിനിങ് സ്റ്റാഫ് നായിക് ഗോപി എന്നിവർ ശുചീകരണ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി.

## കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ്

2022-23 അധ്യയന വർഷത്തിലെ കോളേജ് യൂണിയൻ ഭാരവാഹികളെ തിരഞ്ഞെടുത്തു. തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

## സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിച്ചു

നിർമലഗിരി കോളേജിൽ എൻ.എസ്.എസ്. വോളന്റിയേഴ്സിനായി സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിച്ചു. വേൾഡ് വിത്തൗട്ട് വാർ ആൻഡ് വയലൻസിന്റെയും എൻ.എസ്.എസിന്റെയും സംയുക്താഭിമുഖ്യത്തിലാണ് കോഴ്സ്. 30 മണിക്കൂർ ദൈർഘ്യമുള്ള കോഴ്സിന്റെ ഉദ്ഘാടനം സാമ്പത്തിക ശാസ്ത്രവിഭാഗം മേധാവി ഡോ. ടി.കെ. സെബാസ്റ്റ്യൻ നിർവ്വഹിച്ചു. 30 വേളണ്ടിയേഴ്സ് പങ്കെടുത്ത ഈ പരിപാടിയിൽ WWWV അംഗങ്ങളായ ശ്രീ. ചന്ദ്ര ബാബു, ശ്രീ. ബൈജു പള്ളികണ്ടി, ശ്രീ. പ്രദീപൻ മഠത്തിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. പ്രോഗ്രാം ഓഫീസർ ഡോ. ജയ്സൺ ജോസഫ്, വോളന്റിയേഴ്സായ ജുമാന, അഖിൽ ദേവ്, ഹർഷ, അതുൽ, എന്നിവർ സംസാരിച്ചു.

## വനിത സ്വയം പ്രതിരോധ പരിശീലന പരിപാടി സംഘടിപ്പിച്ചു

നിർമലഗിരി കോളേജ് വുമൺ സെല്ലും ഐക്യു എസിയും കൂത്തുപറമ്പ് ജനമൈത്രി പോലീസും സംയുക്തമായി വനിതാ സ്വയം പ്രതിരോധ പരിശീലന പരിപാടി സംഘടിപ്പിച്ചു. കൂത്തുപറമ്പ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. ശ്രീജിത്ത് കോടേരി ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. കെ. വി. ഔസേപ്പച്ചൻ അധ്യക്ഷത വഹിച്ചു. വുമൺ സെൽ സെക്രട്ടറി ഡോ. ദീപാ മോൾ മാത്യു സ്വാഗതം പറഞ്ഞു. വുമൺ സെൽ പ്രസിഡന്റ് ഡോ. റെൻസി കുര്യനും ഐക്യു എസി കോർഡിനേറ്റർ ഡോ. സാബു സെബാസ്റ്റ്യനും ആശംസകൾ നേർന്ന് സംസാരിച്ചു. വിദ്യാർത്ഥി പ്രതിനിധി അൽഫോൻസാ ജോസഫ് നന്ദി പറഞ്ഞു. കേരളവനിതാ സ്വയം പരിശീലന

പരിപാടിയുടെ പരിശീലകരായ ഷാജിന, ഷിനിതാ, മഹിതാ, സറീന, ഷംസീറ എന്നിവർ വിദ്യാർത്ഥിനികൾക്ക് പരിശീലനം നൽകി.

## പ്രഭാഷണം സംഘടിപ്പിച്ചു

നിർമലഗിരി കോളേജ് മലയാളവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ പ്രശസ്ത തെയ്യകലാകാരനായ ശ്രീ. നിഷാന്ത് പണിക്കർ കടവത്തൂർ തെയ്യത്തെക്കുറിച്ച് പ്രഭാഷണം നടത്തി. യുവതലമുറയ്ക്ക് മുൻപിൽ തെയ്യം എന്ന അനുഷ്ഠാനകലാരൂപത്തിന്റെ മഹത്വത്തേയും സാമൂഹിക മാറ്റങ്ങൾ ഇത്തരം കലാരൂപങ്ങളിൽ ഏതൊക്കെ രീതിയിൽ സ്വാധീനം ചെലുത്തുന്നു എന്നതിനെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു. തെയ്യത്തിന്റെ അണിയല ത്തെയും മുഖത്തെഴുത്തിനെയും കുറിച്ച് തെയ്യക്കലാകാരനായ ശ്രീ. ശരവണൻ സംസാരിച്ചു. കോളേജ് വൈസ് പ്രിൻസിപ്പൽ റവ. ഡോ. ജോബി ജേക്കബ് അധ്യക്ഷത വഹിച്ചു. അസി. പ്രൊഫ ഡോ. ദിപമോൾ മാത്യു സ്വാഗതവും സഞ്ജയ് ഷാജി നന്ദിയും പറഞ്ഞു.

## ശിശുദിനാഘോഷം

നവംബർ 14 ന് നിർമലഗിരി കോളേജ് എൻ.എസ്.എസ് വിദ്യാർഥികൾ ഉരുവച്ചാൽ പഴശ്ശിരാജ സ്പെഷൽസ്കൂളിലെ അന്തേവാസികൾക്കൊപ്പം കളികളും പാട്ടും ആട്ടവുമായി ഒത്തുചേർന്നു. പ്രോഗ്രാം ഓഫീസർമാരായ ഡോ. ജയ്സൺ ജോസഫ്, ശ്രീമതി ദീപ്തി ലിസ്ബത്ത് എന്നിവർ നേതൃത്വം വഹിച്ചു. പടം വരക്കാനും എഴുതാനുമുള്ള സാമഗ്രികൾക്കൊപ്പം കുട്ടികൾക്ക് കേക്കും നല്കി.

## യൂണിറ്റി റൺ സംഘടിപ്പിച്ചു

രാഷ്ട്രീയ ഏകതാ ദിനാഘോഷത്തിന്റെ ഭാഗമായി 31 കേരള എൻസിസി ബറ്റാലിയന്റെ നേതൃത്വത്തിൽ യൂണിറ്റി റൺ സംഘടിപ്പിച്ചു. നിർമ്മലഗിരി കോളേജിൽനിന്നും ആരംഭിച്ച കൂട്ടഓട്ടത്തിൽ സ്കൂളുകളിൽ നിന്നും കോളേജുകളിൽ നിന്നുമുള്ള 500 ഓളം എൻസിസി കേഡറ്റുകളും എൻ സി.സി. ഓഫീസർമാരും പങ്കെടുത്തു. ഏകതാദിനത്തിന്റെ സന്ദേശം കുട്ടികൾക്ക് പകർന്നു കൊടുത്തുകൊണ്ട് നിർമ്മലഗിരി കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി., 31 കേരള ബറ്റാലിയൻ എൻസിസി കമാന്റിംഗ് ഓഫീസർ കേണൽ എൻ. രമേശ്, നിർമ്മലഗിരി കോളേജ് ബർസാർ ഫാ. മാത്യു തെക്കേമുറി എന്നിവർ ഒത്തൊരുമിച്ച് യൂണിറ്റി റൺ ഫ്ളാഗ് ഓഫ് ചെയ്തു. നിർമ്മലഗിരി കോളേജ് എൻസിസി ഓഫീസർമാരായ കമില്ലോ ജോസഫ്, ലെഫ്. ഡോ. സുജ മറിയാമ്മ ജോഷ്വാ, എൻസിസി ഓഫീസർമാരായ ക്യാപ്റ്റൻ ഡോ. ഷമീർ എ.പി., ലെഫ്. ജയകൃഷ്ണൻ സി., ഫസ്റ്റ് ഓഫീസർ പി. വിനോദ്, ഫസ്റ്റ് ഓഫീസർ മനോജ് കുമാർ എൻ.കെ., സെക്കൻഡ് ഓഫീസർ പ്രേമരാജ കെ., തേർഡ്

ഓഫീസർ ശ്രീജിത്ത് പി., സി.ടി.ഒ. ധന്യാ കെ., 31 കേരള എൻ.സി.സി. ബറ്റാലിയൻ ആർമി ഓഫീസർ സുബൈദാർ അർണാബ് സിംഗ് എന്നിവർ ചടങ്ങിന് നേതൃത്വം കൊടുത്തു.

## ഭക്ഷ്യമേള സംഘടിപ്പിച്ചു

ലോക ഭക്ഷ്യദിനത്തോടനുബന്ധിച്ച് നിർമ്മലഗിരി കോളജ് ഹോം സയൻസ് വിഭാഗവും ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റും സംയുക്തമായി മില്ലറ്റു കൊണ്ടുള്ള പാചക മത്സരം സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. ഉദ്ഘാടനം ചെയ്തു. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഒന്നും മൂന്നും സ്ഥാനങ്ങളും നിർമ്മലഗിരി ആർട്സ് ആന്റ് സയൻസ് അക്കാദമി രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ഹോം സയൻസ് വിഭാഗം അധ്യക്ഷ ഡോ. സി. സെലിൻ മാത്യു, സി, IQAC കോർഡിനേറ്റർ ഡോ. സാബു സെബാസ്റ്റ്യൻ, ഫുഡ് സേഫ്റ്റി ഓഫീസർ ഷോണിമ അസി. പ്രൊഫ. ദീപ്തി ലിസ്ബത്ത് കെ., അസി. പ്രെഫ. ഡോ. ദീപാ മോൾ മാത്യു എന്നിവർ സംസാരിച്ചു.

## സെമിനാർ സംഘടിപ്പിച്ചു

കോമേഴ്സ് വിഭാഗവും IQAC യും സംയുക്തമായി Bettar World Happiness Program എന്ന വിഷയത്തിൽ ഏകദിന സെമിനാർ സംഘടിപ്പിച്ചു. കൗൺസിലിംഗ് തെറാപ്പിസ്റ്റും പത്രപ്രവർത്തകനുമായ ശ്രീ. ജോസി ജോസഫ് മുഖ്യപ്രഭാഷണം നടത്തി. പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. അധ്യക്ഷത വഹിച്ചു. വകുപ്പധ്യക്ഷ ഡോ. സി. ലിൻസാ, ഐക്യു എസി കോർഡിനേറ്റർ ഡോ. സാബു സെബാസ്റ്റ്യൻ എന്നിവർ സംസാരിച്ചു.

## ഹിന്ദി ഭാഷാദിന സമാപന സമ്മേളനം

ഹിന്ദി ഭാഷാ ദിനസമാപന സമ്മേളനം വിവിധ കലാപരിപാടികളോടെ സംഘടിപ്പിച്ചു. നിർമലഗിരി ആർട്ടസ് ആൻഡ് സയൻസ് അക്കാദമി വൈസ് പ്രിൻസിപ്പാൾ ഡോ. ടെസി ജോർജ് മുഖ്യാതിഥിയായി. നിർമലഗിരി കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. അധ്യക്ഷത വഹിച്ചു. ഹിന്ദി വകുപ്പധ്യക്ഷ ലഫ്. ഡോ. സുജാ മറിയാമ്മ ജോഷ്വാ, അസി. പ്രഫ. ലിന എന്നിവർ സംസാരിച്ചു.

## പ്രൊമൊ വീഡിയോ പ്രകാശനം ചെയ്തു

ഡിസംബർ 31 നു നടക്കുന്ന നിർമ്മലഗിരി കോളജ് ഗ്രാൻഡ് അലുമ്നി മീറ്റിന്റെ പ്രൊമൊ വീഡിയോ പ്രകാശനം അലുമ്നി അസോസിയേഷൻ പ്രസിഡന്റ് ശ്രീ മമ്പറം ദിവാകരൻ നിർവ്വഹിച്ചു. പ്രസ്തുത പരിപാടിയിൽ കോളജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ. വി., ബർസാർ ഫാ. മാത്യു തെക്കേമുറിയിൽ, IQAC കോർഡിനേറ്റർ ഡോ. സാബു സെബാസ്റ്റ്യൻ, അലുമ്നി സെക്രട്ടറി ഡോ. സിബി ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു.

## ഏകദിന സെമിനാർ സംഘടിപ്പിച്ചു

IOAC യുടെ നേതൃത്വത്തിൽ കോളേജിലെ മുഴുവൻ അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി IPR (ഇൻഡലക്ച്വൽ പ്രോപ്പർട്ടി റൈറ്റ്സ്) നെ കുറിച്ചുള്ള സെമിനാർ സംഘടിപ്പിച്ചു. ശ്രീധർ പഞ്ചമൂർത്തി മുഖ്യപ്രഭാഷണം നടത്തി. പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. അധ്യക്ഷത വഹിച്ചു. IOAC കോർഡിനേറ്റർ ഡോ. സാബു സെബാസ്റ്റ്യൻ സംസാരിച്ചു.

## നിർമലഗിരി കോളേജ് IOACയും വിമൽ ജ്യോതി എൻജിനിയറിംഗ് കോളേജും സംയുക്തമായി സെമിനാർ സംഘടിപ്പിച്ചു

ഗവേഷണ രംഗങ്ങളിലെ നൂതന പ്രവണതകൾ എന്ന വിഷയത്തിൽ കണ്ണൂർ യൂണിവേഴ്സിറ്റി രജിസ്ട്രാർ ഡോ. ജോബി. കെ. ജോസ് മുഖ്യ പ്രഭാഷണം നടത്തി. വിമൽ ജ്യോതി എം.ബി.എ. കോളേജ് പ്രിൻസിപ്പാൾ റവ. ഡോ. ജിനു വടക്കേമുളഞ്ഞിനാൽ അധ്യക്ഷത വഹിച്ചു. നിർമലഗിരി കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. സ്വാഗതവും IOAC കോർഡിനേറ്റർ ഡോ. സാബു സെബാസ്റ്റ്യൻ നന്ദിയും പറഞ്ഞു.

## ഓറിയന്റേഷൻ പ്രോഗ്രാം നടത്തി

ഒന്നാംവർഷ എൻ.എസ്.എസ്. വോളന്റിയേഴ്സിന് ഓറിയന്റേഷൻ പ്രോഗ്രാം നടത്തി. എൻ.എസ്.എസ്. സംസ്ഥാന അവാർഡ് ജേതാവും മുൻ പ്രോഗ്രാം ഓഫീസറുമായിരുന്ന ഡോ. ദീപ മോൾ മാത്യു ക്ലാസെടുത്തു.

## സെമിനാർ സംഘടിപ്പിച്ചു

9 കേരള ഗേൾസ് എൻ.സി.സി. ബറ്റാലിയന്റെ നേതൃത്വത്തിൽ യുവതയും ആരോഗ്യവും എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. ക്രിസ്തുരാജ ഹോസ്പിറ്റൽ ഗൈനോക്കോളജി വിഭാഗം സി. ഡോ. റീനാ മാത്യു മുഖ്യപ്രഭാഷണം നടത്തി. എ.എൻ.ഒ. ലഫ്റ്റനന്റ് ഡോ. സുജാ മറിയാമ്മ ജോഷ്വാ ഉദ്ഘാടനം നിർവഹിച്ചു. സംസാരിച്ചു.

**പി ആർ ഒ**
നിർമലഗിരി കോളേജ്



# കുടുംബ കൂട്ടായ്മ

**FAMILY RENEWAL UNITS IN THALASSERY (FRUITS)**

## കുടുംബകൂട്ടായ്മ ഓഫീസിൽനിന്ന് ആശംസകൾ

കോവിഡിന്റെ പ്രതിസന്ധികൾ മാറി ഇടവകജീവിതം സജീവമായി മാറിക്കഴിഞ്ഞിരിക്കുന്നു. വളരെ ഉണർവ്വോടെ ആരംഭിച്ച കുടുംബകൂട്ടായ്മ കോവിഡ്കാലത്ത് അല്പം തളർച്ച നേരിട്ടെങ്കിലും വീണ്ടും സജീവമായിത്തീരുകയാണ്. ഓൺലൈൻ കൂട്ടായ്മകളിൽനിന്ന് വ്യക്തികളുടെയും കുടുംബങ്ങളുടെയും ഒത്ത് ചേരലിന്റെ ആഘോഷമായി വീണ്ടും മാറിയതിൽ നമുക്ക് അഭിമാനിക്കാം. മിക്കവാറും എല്ലാ ഇടവകയിലും വീണ്ടും തുടങ്ങുവാൻ നേതൃത്വം കൊടുക്കുന്ന വൈദികരെയും സിസ്റ്റേഴ്സിനെയും കുടുംബക്കൂട്ടായ്മ ഭാരവാഹികളെയും അഭിനന്ദിക്കുന്നു.

വളരെ പ്രധാനപ്പെട്ട കാര്യം നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തുവാൻ ആഗ്രഹിക്കുന്നു. കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ കാലാവധി നിയമാവലി പ്രകാരം മൂന്ന് വർഷമാണ്. 2022 ഡിസംബർ മാസത്തോടെ നിലവിലുള്ള ഭാരവാഹികൾ സ്ഥാനം മാറേണ്ടിയിരിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷക്കാലം ഈ കൂട്ടായ്മയെ പ്രതിസന്ധി ഘട്ടത്തിലും നയിച്ച ഈ അത്മായ നേതാക്കളോട് നന്ദിപ്രകാശിപ്പിക്കുകയാണ്. ഡിസംബർ മാസത്തിലെ കുടുംബക്കൂട്ടായ്മയിൽ അടുത്ത മൂന്നുവർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുക്കുവാൻ അഭ്യർത്ഥിക്കുകയാണ്.

## തിരഞ്ഞെടുപ്പ് നിർദ്ദേശങ്ങൾ

1. അഞ്ച് ഭാരവാഹികളെയാണ് തിരഞ്ഞെടുക്കേണ്ടത്

1. പ്രസിഡണ്ട് - യൂണിറ്റ് ലീഡർ
2. വൈസ്പ്രസിഡണ്ട്
3. സിക്രട്ടറി
4. ട്രഷറർ
5. കൺവീനർ

2. മൂന്നിലൊന്ന് കൂട്ടായ്മകളിലെ ലീഡർമാർ വനിതകളായിരിക്കണം.

3. എല്ലാ വാർഡ് പ്രസിഡണ്ടുമാരും പാരിഷ് കൗൺസിൽ അംഗമായിരിക്കും.
4. അതിന് പുറമെ ഒരാളെക്കൂടി പാരിഷ്കൗൺസിൽ അംഗമായി നിശ്ച യിക്കണം.
5. എല്ലാകൂട്ടായ്മയ്ക്കും ഒരു സിസ്റ്റർ ആനിമേറ്റർ ഉണ്ടായിരിക്കണം. (വികാരിയച്ചൻ നിശ്ചയിക്കുന്നതാണ്)
6. ഓരോ ഭാരവാഹിയുടെയും കടമകളും ഉത്തരവാദിത്വങ്ങളും നിയമാവ ലിയിൽ രേഖപ്പെടുത്തിയിട്ടുണ്ട് (വായിച്ച് മനസ്സിലാക്കുക).
7. വാർഡിനെ നയിക്കേണ്ട വ്യക്തി എന്ന നിലയിൽ ഏറ്റവും കഴിവും നേതൃ ത്വഗുണവുമുള്ള ആളെ പ്രസിഡണ്ടാക്കുവാൻ ശ്രമിക്കുമല്ലോ.

പ്രിയപ്പെട്ട അച്ചന്മാരെ,

ഡിസംബറിലെ കൂട്ടായ്മകളിൽ ഭാരവാഹികളെ തിരഞ്ഞെടുക്കുവാൻ ശ്രമിക്കുമല്ലോ. വളരെ ശ്രമകരമായി അദ്ധ്വാനമാണെന്നറിയാം. ഓരോ വാർ ഡിലും ആളുകളെ വിളിച്ച് ചേർത്ത് പ്രാർത്ഥനാക്കൂട്ടായ്മയിൽനിന്ന് ഭാര വാഹികളെ തിരഞ്ഞെടുക്കുന്നതാണ് ഉചിതം. ജനുവരി 15ന് മുൻപായി ഭാര വാഹികളുടെ ലിസ്റ്റ് കുടുംബക്കൂട്ടായ്മ ഓഫീസ് വിലാസത്തിലോ അല്ലെ ങ്കിൽ കണ്ണൂർ ഹോളിഫാമിലിപള്ളി വിലാസത്തിലോ അയച്ച് തരുവാൻ അഭ്യർത്ഥിക്കുന്നു. ജനുവരി അവസാനത്തെ ആഴ്ചയിൽ പുതിയ ഭാരവാ ഹികളെ ഫൊറോനതലത്തിൽ വിളിച്ച് ചേർത്ത് പരിശീലനം നല്കുവാൻ ആഗ്രഹിക്കുന്നു.

പ്രാർത്ഥനപുസ്തകം, റിപ്പോർട്ട്-ഹാജർ ബുക്ക് ഇവ തീർന്നിരിക്കുക യാണ്. പുതിയ ഭാരവാഹികൾക്കായി ജനുവരിയിൽ അവ ക്രമീകരിക്കുന്ന താണ്. എത്ര പുസ്തകങ്ങൾ ആവശ്യമുണ്ടെന്ന് എന്നെ അറിയിക്കുമല്ലോ.

ഇടവക സജീവമാകുവാനും അത്മായ പങ്കാളിത്തം ഉറപ്പിക്കുവാനും ജനത്തെ സഭാകൂട്ടായ്മയിൽ ചേർത്ത് നിർത്തുവാനും ഏറ്റവും ഫലപ്രദ മായ സംവിധാനമാണ് കുടുംബകൂട്ടായ്മ എന്ന് അനുഭവത്തിലൂടെ നാം മനസ്സിലാക്കിയതാണ്. അതിനാൽ ഈ അജപാലനശൈലി കൂടുതൽ തീക്ഷ്ണതയോടെ ശക്തിപ്പെടുത്തുവാൻ എല്ലാവരോടും അഭ്യർത്ഥിക്കുക യാണ്. ഓരോ കൂട്ടായ്മയിൽനിന്ന് ഇടവകയിൽ സജീവമായ ഓരോ സംഘ ടയ്ക്കും ഒരു പ്രതിനിധിയെക്കൂടി കണ്ടെത്തിയാൽ എല്ലാ സംഘടനകളെയും ശക്തിപ്പെടുത്തുവാനും കഴിയും അതിനാൽ സമയബന്ധിതമായി തിരഞ്ഞെ ടുപ്പ് നടത്തുകയും കുടുംബക്കൂട്ടായ്മകൾ വീണ്ടും സജീവമാക്കണമെന്നും സ്നേഹപൂർവ്വം ആവശ്യപ്പെടുന്നു.

ഏവർക്കും ക്രിസ്തുമസ്സിന്റെയും പുതുവർഷത്തിന്റെയും ആശംസകൾ നേരുന്നു.

സ്നേഹപൂർവ്വം,

**ഫാ. മാത്യു ആശാരിപറമ്പിൽ**
*ഡയറക്ടർ*

# ACCOMPANYING DEAF AND AWAKENING MISSION (ADAM)

**ഓൺലൈൻ പ്രോഗ്രാം**

നവംബർ 5, 19, 26 തീയതികളിൽ വൈകുന്നേരം 6.30ന് വിശുദ്ധ കുർബാന അർപ്പിച്ചു.

**മെത്രാഭിഷേകം മാനന്തവാടി**

നവംബർ ഒന്നിന് മാനന്തവാടി രൂപത സഹായ മെത്രാനായി നിയമിതനായ മാർ അലക്സ് താരാമംഗലത്തിൽ പിതാവിന്റെ മെത്രാഭിഷേക കർമ്മത്തിൽ ആദം മിനിസ്ട്രി പങ്കുചേർന്നു. വയനാട് മിഷനിലെ പ്രവർത്തകർ പൂമല സെൻറ് റോസല്ലാസ് സ്കൂളിലെ അധ്യാപകർ, കുട്ടികൾ, ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മ പ്രതിനിധികൾ, കാത്തലിക് ഡഫ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

ആദം മിനിസ്ട്രിയുടെ പ്രാധാന്യത്തെ ഗൗരവമായി കണ്ട മാനന്തവാടി രൂപത മീഡിയ മിനിസ്ട്രി തിരുക്കർമ്മങ്ങൾക്ക് ആരംഭം മുതൽ ചാനലിലും, ടിവി സ്ക്രീനിലും ആംഗ്യഭാഷ പരിഭാഷ നൽകി. ബധിര വിശ്വാസ സമൂഹത്തെ ആദരവോടെ സ്വീകരിച്ച മാനന്തവാടി രൂപതയ്ക്ക് ആദം മിനിസ്ട്രിയുടെ ഒരായിരം നന്ദി.

**ആദരാഞ്ജലികളോടെ**

സഹോദരന്റെയും സഹോദരപുത്രന്റെയും വേർപാടിൽ ദുഃഖാർത്ഥരായ അഭിവന്ദ്യ മാർ അലക്സ് പിതാവിനും കുടുംബ ത്തിനും വേണ്ടി പ്രാർത്ഥിക്കുകയും, ഭവനം സന്ദർശിച്ച് ആദം മിനിസ്ട്രി അംഗങ്ങൾ ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു.

**കേരള ബധിര കായികമേള**

10 മുതൽ 12 വരെ നീലേശ്വരത്ത് വച്ച് നടന്ന കേരള ബധിര കായിക മേളയിൽ പങ്കുചേർന്ന് കായിക താരങ്ങൾക്കും, മീഡിയ പ്രവർത്തകർക്കും ആവശ്യമായ സഹായങ്ങൾ നൽകി.

**നിമ്മി ഏലിയാസ് ലോഗോസ് *ക്വിസ് പ്രതിഭ* 2022**

പത്തൊമ്പതാം തീയതി ശനിയാഴ്ച കെസിബിസി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ബധിര ബൈബിൾ ക്വിസ് മത്സരത്തിൽ ആദം മിനിസ്ട്രി അംഗമായ നിമ്മി ഏലിയാസ് തുടർച്ചയായ രണ്ടാം പ്രാവശ്യവും ഒന്നാം സ്ഥാനം കരസ്ഥമാക്കി. നിമ്മി ഏലിയാസിന് ആദം മിനിസ്ട്രിയുടെ അഭിനന്ദനങ്ങൾ.

**ഡോൺ ബോസ്കോ സ്പീച്ച് ആൻഡ് ഹിയറിങ് സ്കൂൾ**

ക്രിസ്തുമസിന് ഒരുക്കമായി ഡോൺബോസ്കോ ബധിര വിദ്യാലയ ത്തിലെ കുട്ടികൾക്ക് 29, 30 തീയതികളായി കുമ്പസാരവും വിശുദ്ധ കുർബാനയും നൽകി. കുട്ടികൾക്ക് ക്രിസ്മസ് ഒരുക്ക സുകൃത മഞ്ചേരികൾ നൽകി.

**ഡിസംബർമാസ പ്രോഗ്രാം**

- 3, 17, 31 തീയതികളിൽ ഓൺലൈൻ മാധ്യമത്തിൽ വിശുദ്ധ കുർബാന.

**വിശുദ്ധ കുർബാന ക്രിസ്തുമസ് ആഘോഷം**

- 11 ഞായറാഴ്ച ബാംഗ്ലൂർ
- 18 ഞായറാഴ്ച ആലക്കോട്

സ്നേഹപൂർവം,

**ഫാ. ജോർജ് കളരിമുറിയിൽ**

*ഡയറക്ടർ*

# ഇൻഫാം

സ്നേഹമുള്ളവരെ,

കർഷകർ അതിജീവനത്തിനായി കഷ്ടപ്പെടുന്ന ഒരു കാലഘട്ട മാണിത്. എങ്ങനെ വരവ് ചിലവുകളെ കൂട്ടിയോജിപ്പിക്കും എന്ന് ഒരു കർഷകനും ഇന്ന് അറിയില്ല. അഥവാ സാധ്യമല്ല. റബ്ബറിന് ഇരുന്നൂറ്റി അൻപത് രൂപ വാഗ്ദാനം ചെയ്ത് അധികാരത്തിലെ ത്തിയ ഗവൺമെൻറ് ഇന്ന് 149 രൂപയാണ് റബ്ബറിന് എന്നത് സൗകര്യ പൂർവ്വം മറക്കുന്നു. പച്ച തേങ്ങയ്ക്ക് കിലോയ്ക്ക് കേവലം 24 രൂപ ഈ സാഹചര്യത്തിൽ എല്ലാ കർഷകരും ഒപ്പം അവരെ ചേർത്ത് നിർത്തുന്ന ഇൻഫാമും സഭയും സാമൂഹ്യ പ്രതിബദ്ധതയുള്ള എല്ലാവരും ഒന്നിച്ച് നിൽക്കുകയും കാർഷിക പ്രശ്നങ്ങളിൽ ഇടപ്പെടുകയും ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

## ഇൻഫാം ദേശീയസമിതി

നവമ്പർ 14 ന് താമരശ്ശേരി ബിഷപ്പസ് ഹൗസിൽ വച്ച് ചേർന്ന ദേശീയ സമിതിയിൽ ഇൻഫാം ദേശീയ ചെയർമാൻ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ അദ്ധ്യക്ഷത വഹിച്ചു. കെ.സി.ബി.സി. ഇൻഫാം ചെയർമാൻ മാർ. റെമീജിയസ് ഇഞ്ചനാനിക്കൽ ഉദ്ഘാടനം ചെയ്തു. തലശ്ശേരിയിൽ നിന്നും ദേശീയ ജനറൽ സെക്രട്ടറി. വെരി. റവ. ഫാ. ജോസഫ് കാവനാടി, അതിരൂപതാ ഡയറക്ടർ ഫാ. തോമസ് ചെരുവിൽ, പി.ആർ.ഒ. ജോസഫ് തോമസ് സർ, ജില്ലാ ജനറൽ സെക്രട്ടറി സണ്ണി തുണ്ടത്തിൽ എന്നിവർ പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ കെ.സി.ബി.സി. കർഷക ദിനമായ ജനുവരി 15 എല്ലാ ജില്ലകളിലും സമുചിതമായി ആഘോഷിക്കാൻ തീരുമാനിച്ചു.

യൂണിറ്റ് & ജില്ലാ സമ്മേളനങ്ങൾ നടത്തുകയും പതാക ഉയർത്തുകയും, മികച്ച കർഷകരെ കണ്ടെത്തി യൂണിറ്റ് തലത്തിൽ ആദരിക്കുക.

- കർഷക മൂല്യവർദ്ധിത ഉൽപന്നങ്ങൾ സാധിക്കുന്ന വിധത്തിൽ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുക.
- സംഘടനയുടെ അടിസ്ഥാന യൂണിറ്റ് സ്ഥാപിച്ച് സംഘടനയെ ശക്തിപ്പെടുത്തുക.
- ഗവൺമെന്റ് ആനുകൂല്യങ്ങൾ പരമാവധി കർഷകരിൽ എത്തിക്കുന്നതിന് സംവിധാനം ഒരുക്കുക. തുടങ്ങിയ ചർച്ചകളും തീരുമാനങ്ങളും ഉണ്ടായി.

ജൂബിലി ഇൻഫാമിന്റെ സ്ഥാപക പിതാക്കൻമാരിൽ ഒരാളായിരുന്ന മോൺ. ആന്റണി കൊഴുവനാൽ അച്ചന്റ പൗരോഹിത്യ സുവർണ്ണ ജൂബിലി ദേശീയ സമിതിയിൽ സമുചിതമായി ആഘോഷിച്ചു. മെമെന്റോയും ഷാളും നല്കി അഭിവന്ദ്യ പിതാവ് അച്ചനെ ആദരിച്ചു. അച്ചന്റെ ജീവിതം കർഷകർക്കു വേണ്ടി സമർപ്പിച്ചതായിരുന്നു. അക്കാര്യം ഇൻഫാം അടിവരയിട്ട് ഓർത്തു.

## യൂണിറ്റ് സ്ഥാപിച്ചു

കരയത്തുംചാൽ ഇൻഫാം സ്വയാശ്രയ സംഘം സ്ഥാപിച്ചു. ബഹു. സുബീഷ് ഓരത്തേലച്ചൻ സംഘം രൂപീകരിക്കുന്നതിന് നേതൃത്വം നല്കി. ഇൻഫാം ഭാരവാഹികളെ തിരഞ്ഞെടുത്തു. ഇൻഫാം അതിരൂപത ഡയറക്ടർ ഫാ. തോമസ് ചെരുവിൽ പ്രവർത്തനങ്ങൾ വിശദീകരിച്ച് ക്ലാസ് എടുത്തു.

ഇൻഫാം സ്വയാശ്രയസംഘങ്ങൾ നമ്മുടെ എല്ലാ ഇടവകയിലും സ്ഥാപിച്ചുകൊണ്ട് കാർഷിക മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉത്പാദിപ്പിച്ചും ബയോ മൗണ്ടൻ കമ്പനിയിലൂടെ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ പരമാവധി വിതരണം ചെയ്തും കാർഷിക ഉപകരണങ്ങൾ സബ്സിഡി നിരക്കിൽ ജനങ്ങളിൽ എത്തിച്ചും നമുക്ക് കർഷകർക്ക് ഒപ്പം നില്ക്കാം.

സ്നേഹപൂർവ്വം

**ഫാ. തോമസ് ചെരുവിൽ**
*ഡയറക്ടർ*

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

## മുക്തിശ്രീ, എ.ഡി.എസ്.യു, പ്രതീക്ഷാ മദ്യപാന ചികിത്സാകേന്ദ്രം

**1. ലഹരി വിരുദ്ധ സെമിനാർ, ഒക്ടോബർ 30**

പൊന്മലയിൽ വിദ്യാർത്ഥികൾക്കായ് ഡയറക്ടറച്ചൻ മദ്യ-ലഹരി വിരുദ്ധ സെമിനാർ നടത്തി. മാനേജ് കൊച്ചുപുരയച്ചന് നന്ദി.

**2. കേരളപ്പിറവി**

നവംബർ 1ന് കേരളപ്പിറവി ദിനത്തിൽ മദ്യ-ലഹരി വിരുദ്ധ റാലിയും സന്ദേശവും പ്രതിജ്ഞയും പേരാവൂർ ആർക്കി എപ്പിസ്ക്കോപ്പൽ ദൈവാലയത്തിൽ നടന്നു. ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ആർച്ച് പ്രീസ്റ്റ് റവ.ഡോ. തോമസ് കൊച്ചുകരോട്ട് അദ്ധ്യക്ഷത വഹിച്ചു. ഫാ. ഓസ്റ്റിൻ ചക്കാംകുന്നേൽ പ്രസംഗിച്ചു. നൂറുകണക്കിന് ആളുകൾ പങ്കെടുത്തു.

**3. മികച്ച മേഖല പുരസ്ക്കാരം നെല്ലിക്കാംപൊയിൽ മേഖലയ്ക്ക്**

മികച്ച പ്രവർത്തനത്തിനുള്ള അവാർഡ് നെല്ലിക്കാംപൊയിൽ മേഖല കരസ്ഥമാക്കി. ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ട്രോഫി കൈമാറി. ഫാ. അരുൺ മുണ്ടപ്ലാക്കലിന്റെ നേതൃത്വത്തിൽ മേഖലാ ടീം ട്രോഫി ഏറ്റുവാങ്ങി. നവംബർ 2ന് പ്രതീക്ഷയിൽ വച്ച് നടന്ന പരിപാടിയിൽ അതിരൂപതാ ഭാരവാഹികളും പങ്കെടുത്തു.

**4. ടി. പി. ആർ. നാഥ് മികച്ച മദ്യവിരുദ്ധ പ്രവർത്തകൻ**

മികച്ച മദ്യവിരുദ്ധ പ്രവർത്തകനുള്ള പുരസ്ക്കാരം ടി.പി.ആർ. നാഥിന് ലഭിച്ചു. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയും മുക്തിശ്രീയും പ്രതീക്ഷയും സംയുക്തമായി നല്കിയ പുരസ്ക്കാരം ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി നല്കി. നവംബർ 2ന് നടന്ന പരിപാടിയിൽ മദ്യവിരുദ്ധ പ്രവർത്തകരും പങ്കെടുത്തു.

**5. ജാഗരണപ്രാർത്ഥന**

വായാട്ടുപറമ്പ് ഫൊറോനപ്പള്ളിയിൽ മദ്യ-ലഹരി പ്രവർത്തനങ്ങളെയും അടിപ്പെട്ടവരേയും സമർപ്പിച്ച് വൈകുന്നേരം 5.30 മുതൽ 9 വരെ ജാരഗണ പ്രാർത്ഥന നടന്നു. ഡയറക്ടർ നേതൃത്വം നല്കി. റവ. ഡോ. തോമസ് തെങ്ങുംപള്ളിയച്ചൻ ക്രമീകരണങ്ങൾ ചെയ്തു.

**6. നവംബർ 16 മദ്യ-ലഹരി വിരുദ്ധ സംഗമം**

പച്ചാണിയിൽ മദ്യ-ലഹരി വിരുദ്ധ പ്രവർത്തകരുടെ സംഗമം നവംബർ 16ന് നടന്നു. അതിരൂപതാ ഡയറക്ടർ ഉദ്ഘാടനം ചെയ്തു. മേഖലാ ഡയറക്ടർ ഫാ. ജിയോ മാളിയേക്കൽ അദ്ധ്യക്ഷത വഹിച്ചു.

**7. തളിപ്പറമ്പ് ടൗണിൽ ബോധവത്ക്കരണം**

നവംബർ 18ന് തളിപ്പറമ്പ് ടൗണിൽ നടന്ന മദ്യ-ലഹരി വിരുദ്ധ ബോധവത്ക്കരണം ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ഫാ. ജിൻസ് വാളിപ്ലാക്കൽ അദ്ധ്യക്ഷത വഹിച്ചു. തളിപ്പറമ്പ് ബസ് സ്റ്റാന്റ് പരിസരത്ത് യുവജനങ്ങളുടെ കലാവിരുന്ന് നടന്നു.

ആദരവോടെ,

**ഫാ. മാത്യു കാരിക്കൽ**
അഡ്മിനിസ്ട്രേറ്റർ, പ്രതീക്ഷ

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുടെ ഡയറക്ടർ

# എയ്ഞ്ചൽ ട്രസ്റ്റ്

## ഏയ്ഞ്ചൽ ഡയാലിസിസ് സെന്റർ

അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി സ്മാരകമായി തലശ്ശേരി അതിരൂപത രൂപം നൽകിയ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ കണ്ണൂർ ജില്ലയിലെ രണ്ടാമത്തെ സംരംഭമായി പ്രവർത്തനമാരംഭിച്ച ഡയാലിസിസ് സെന്ററിന്റെ സേവനങ്ങൾ മലയോര ജനതയ്ക്കായി സമർപ്പിച്ചു. ഇരിട്ടിയിലെ കടത്തുംകടവിൽ പ്രവർത്തനമാരംഭിച്ച ഡയാലിസിസ് സെന്ററിൽ വിദഗ്ധ ഡോക്ടറുടെയും ടീം അംഗങ്ങളുടെയും സേവനങ്ങളാണ് ഒരുക്കിയിരിക്കുന്നത്. നിർധനരായ വൃക്കരോഗികൾ തങ്ങളുടെ ഫൊറോനകൾ മുഖേനയോ, ഇടവകാ വികാരിയച്ചന്മാർ മുഖേനയോ ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ സേവനങ്ങൾ പരമാവധി ഉപകാരപ്രദമാക്കുവാൻ ശ്രമിക്കുമല്ലോ.

**ഈ പുണ്യപ്രവൃത്തിക്കായി സംഭാവന നൽകിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു**

(2022 ഒക്ടോബർ 20-ന് ശേഷം 2022 നവംബർ 20 വരെയുള്ള കണക്ക്)

1. St. Francis Assisi Church, Mele Chovva 10,000/-
2. Miss. Aleesha Jose, Mullamkuzhiyil, Iritty 1000/-

## ഏയ്ഞ്ചൽ - പണമിടപാടുകൾ

ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ സാമ്പത്തിക ഇടപാടുകൾ കൂടുതൽ സുഗമമാക്കുന്നതിനായി എല്ലാ ഫൊറോനകളിലും

ബാങ്ക് അക്കൗണ്ടുകളുടെ പാസ്ബുക്കുകളും, പണമിടപാടുകൾ നടത്തുന്നതിനായി റെസീപ്റ്റ് ബുക്കുകളും ചെക്ക് ബുക്കുകളും ലഭ്യമാക്കിയിട്ടുണ്ട്. പരമാവധി 2000/- (രണ്ടായിരം) രൂപ വരെ പണമായിട്ട് വാങ്ങുന്നതായിരിക്കും കൂടുതൽ ഉചിതം. സുതാര്യത ഉറപ്പുവരുത്തുന്നതിനായി സംഭാവനയായി ലഭിക്കുന്ന തുക പരമാവധി ബാങ്ക് വഴി ഇടപാടുകൾ നടത്തുവാൻ ശ്രമിക്കേണ്ടതാണ്. 80G ഉള്ളതിനാൽ ഓഡിറ്ററുടെ നിർദ്ദേശപ്രകാരം ലഭിച്ച സംഭാവനകളുടെ കണക്കുകൾ ഇൻകം ടാക്സിൽ സമർപ്പിക്കുമ്പോൾ തുക നൽകുന്ന വ്യക്തിയുടെ പാൻനമ്പർ കൂടി ചേർക്കേണ്ടതാണ്. അതിനാൽ പണമായോ ചെക്ക് ആയോ സംഭാവനകൾ തരുന്നവരുടെ ആധാർ കാർഡിന്റെയും പാൻകാർഡിന്റെയും ഓരോ കോപ്പി വീതം വാങ്ങിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ഏറ്റവും അർഹതപ്പെട്ട രോഗികൾക്ക് മാത്രം കൂപ്പൺ നൽകുവാൻ എല്ലാ ഫൊറോനകളിൽ നിന്നും പ്രത്യേകം ശ്രദ്ധിക്കേണ്ടതും, ട്രസ്റ്റുമായി ബന്ധപ്പെട്ട എല്ലാ ചിലവുകളും വൗച്ചർ എഴുതി കണക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

ഫൊറോനകളിൽ നിന്നും ഏയ്ഞ്ചൽ ട്രസ്റ്റിന്റെ വരവ് - ചെലവ് കണക്കുകൾ എല്ലാ മാസവും 5-ാം തീയതിക്കു മുമ്പായി ഇതോടൊപ്പം തന്നിരിക്കുന്ന മെയിൽ ഐഡിയിലേക്ക് അയയ്ക്കേണ്ടതാണ്. അതിനായി ഫൊറോനയിലെ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ ഉത്തരവാദിത്വമുള്ള വികാരിയച്ചന്മാരുടെ സഹകരണം സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

E-mail : angeltrust50@gmail.com
കൂടുതൽ വിവരങ്ങൾക്ക് : +918281955563

ഒത്തിരി സ്നേഹത്തോടെ,

**ഫാ. ജിൻസ് വാളിപ്ലാക്കൽ**
*കോർഡിനേറ്റർ, ഏയ്ഞ്ചൽ ട്രസ്റ്റ്*

**ഫാ. ബെന്നി നിരപ്പേൽ**
*മാനേജിംഗ് ട്രസ്റ്റി, ഏയ്ഞ്ചൽ ട്രസ്റ്റ്*

# സാമൂഹ്യസേവനവേദി

**തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി (ടി.എസ്.എസ്.എസ്.)**

## MARY GLOWREY - LILIANE BREKELMANS AWARD

കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യ (CHAI) യുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് പ്രത്യേകമായി നൽകുന്ന Mary Glowrey - Liliane Brekelmans Award-ന് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ തെരഞ്ഞെടുത്തു. ആരോഗ്യമേഖലയിലും ഇന്ത്യയിലെ ഭിന്നശേഷിക്കാരായ 33000-ത്തിൽ പരം കുട്ടികളുടെയും യുവതീ-യുവാക്കളുടെയും ഉന്നമനത്തിനായും പ്രവർത്തിച്ചുവരുന്ന CHAI ഇന്ത്യയിലെ NGO-കളിൽ നിന്നും ഭിന്നശേഷിയുള്ളവർക്കും കുട്ടികൾക്കും ആരോഗ്യ, സാമൂഹിക, വിദ്യാഭ്യാസ, കാർഷിക, തൊഴിൽ മേഖലകളിലുള്ളവർക്കും വേണ്ടി ഏറ്റവും മികച്ച രീതിയിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിവരുന്ന NGO ആയാണ് TSSS-നെ തെരഞ്ഞെടുത്തിരിക്കുന്നത്.

അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ TSSS-ന്റെ അഭിമാനകരമായ ഈ നേട്ടത്തിന് എല്ലാവിധ സഹായ സഹകരണങ്ങളും നൽകി ഒപ്പമായിരിക്കുന്ന അഭിവന്ദ്യ പാംപ്ലാനി പിതാവിന്റെയും, ഞറളക്കാട്ട് പിതാവിന്റെയും, വലിയമറ്റം പിതാവിന്റെയും സ്നേഹപൂർവ്വമായ കരുതലിനും ഇടപെടലുകൾക്കും ഒത്തിരി നന്ദി... TSSS-ന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കുകയും ആവശ്യമായ സേവനങ്ങളും സഹകരണങ്ങളും നൽകുകയും ചെയ്യുന്ന അതിരൂപതയിലെ എല്ലാ വൈദികരേയും പ്രത്യേകം ഓർക്കുന്നു. TSSS റീജിയണൽ ഡയറക്ടറച്ചന്മാർക്കും ഈ വലിയ കൂട്ടായ്മയുടെ നെടുംതൂണുകളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നാനാ ജാതി മതസ്ഥരായ എല്ലാ TSSS മെമ്പർമാർക്കും RCC, യൂണിറ്റ് ഭാരവാഹികൾക്കും TSSS സ്റ്റാഫ് അംഗങ്ങൾക്കും എല്ലാ ഉപകാരികൾക്കും ഈ

അവസരത്തിൽ പ്രത്യേകം നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുകയും ഈ അവാർഡ് സമർപ്പിക്കുകയും ചെയ്യുന്നു.

## SHG ലോൺ വിതരണം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ധനലക്ഷ്മി ബാങ്കും സംയുക്തമായി കാർഷികമേഖലയുടെ ഉന്നമനത്തിനായി SHG ഗ്രൂപ്പുകൾക്ക് ലോണുകൾ വിതരണം ചെയ്തു. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വിവിധ യിടങ്ങളിലായി ആറ് കോടി നാൽപ്പത് ലക്ഷം രൂപയുടെ വിതരണമാണ് നടത്തിയത്.

## സ്നേഹപൂർവ്വം സ്വാഗതം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ ഇരിട്ടി പ്രദേശം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സച്ചിദാനന്ദ പ്രകൃതിക്ഷേത്ര ട്രസ്റ്റിന്റെ എടൂർ മൈത്രി ഭവൻ വൃദ്ധസദനത്തിലേക്ക് പുതുതായി സേവനം ചെയ്യുവാൻ കടന്നുവന്ന സി. ഫിൽസി SH-ന് സ്നേഹപൂർവ്വമായ സ്വാഗതം. പുതിയ ഉത്തരവാദിത്വത്തിന് ബഹു. സിസ്റ്ററിനെ ചുമതപ്പെടുത്തിയ ബഹു. സി. പ്രൊവിൻഷ്യലിന് TSSS-ന്റെയും സച്ചിദാനന്ദ പ്രകൃതിക്ഷേത്ര ട്രസ്റ്റിന്റെയും നന്ദി.

## ഐ.ടി.ഐ. ഡയറക്ടേഴ്സ് മീറ്റിംഗ്

ഇന്ത്യയിലെ പ്രൈവറ്റ് മേഖലയിൽ പ്രവർത്തിച്ചുവരുന്ന മുഴുവൻ ഐ.ടി.ഐ. കോളേജുകളുടെയും ഡയറക്ടർമാർക്കായി ഡൽഹിയിൽ സംഘടിപ്പിക്കുന്ന മീറ്റിംഗിൽ ഐ.ടി.ഐ. കോളേജ് ഡയറക്ടറും, TSSS ഡയറക്ടറുമായ ഫാ. ബെന്നി നിരപ്പേൽ പങ്കെടുത്തു.

## സ്വാഭിമാൻ ട്രെയിനിംഗ്

മലയോര മേഖലയിലെ സാധാരണക്കാരായ കുടുംബങ്ങളെ സ്വയം പര്യാപ്തരാക്കുന്നതിനായി തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി യുടെ നേതൃത്വത്തിൽ നൽകിവരുന്ന സ്വാഭിമാൻ ഉൽപന്നങ്ങളുടെ ട്രെയിനിംഗ് സംഘടിപ്പിച്ചു. കണ്ണൂർ ജില്ലയിലെ കോളയാട് അന്നപൂർണ്ണ ഗ്രാമസേവാ സമിതിയുടെ സഹകരണത്തോടെയാണ് സോപ്പ് പൊടി, ഹാൻഡ്‌വാഷ്, ഫിനോയിൽ, ഹാർപ്പിക്, ഷാംബൂ, ലിക്വിഡ് വാഷ് തുടങ്ങിയ ഉൽപന്നങ്ങ ളുടെ ട്രെയിനിംഗ് സംഘടിപ്പിച്ചത്.

## വാർഷിക പൊതുയോഗം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പനത്തടി, പേരാവൂർ മേഖലകളുടെ വാർഷിക പൊതുയോഗം സംഘടിപ്പിച്ചു. പൊതുയോഗത്തിൽ മേഖലകളുടെ കണക്ക് അവതരണവും തുടർ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച സംഘടിപ്പിക്കുകയും ചെയ്തു. യോഗത്തിൽ TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, അതാത് മേഖലാ ഭാരവാഹികൾ, മെമ്പർമാർ എന്നിവർ പങ്കെടുത്തു.

ഒത്തിരി സ്നേഹത്തോടെ,

**ഫാ. ബെന്നി നിരപ്പേൽ**
*ഡയറക്ടർ*

# ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

### ബയോ മൗണ്ടൻ ടീ പൗഡർ ലോഞ്ചിംങ്ങ്

തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ തുടക്കം കുറിച്ച ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ആദ്യ ഉൽപന്നമായ ബയോ മൗണ്ടൻ ടീ പൗഡർ പൊതുവിപണിയിൽ അവതരിപ്പിച്ചു. തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി ചെമ്പേരി മേഖലയിലെ മികച്ച കർഷക നായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. ജെയ്സൺ മുതലക്കുഴിക്ക് ബയോ മൗണ്ടൻ ടീ പൗഡർ കൈമാറികൊണ്ട് കമ്പനിയുടെ ആദ്യ ഉൽപന്ന ത്തിന്റെ ഔദ്യോഗിക ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. കാർഷിക മേഖലയുടെയും കർഷകരുടെയും ഉന്നമനത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകിവരുന്ന സേവനങ്ങളും ആനുകൂല്യ ങ്ങളും പരമാവധി ഉപകാരപ്രദമാക്കുന്നതിന് ഈ കർഷക കൂട്ടായ്മയുടെ പ്രവർത്തനങ്ങൾ ഏറെ സഹായകരമാണെന്ന് അഭിവന്ദ്യ പാംപ്ലാനി പിതാവ് ഉദ്ഘാടനവേളയിൽ അഭിപ്രായപ്പെട്ടു. കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി നാനാജാതി മതസ്ഥരായ ആയിരക്കണക്കിന് കർഷകരെ സംയോജിപ്പിച്ചുകൊണ്ട് ഒരു വലിയ കൂട്ടായ്മയായി പ്രവർത്തനമാരംഭിച്ച ബയോ മൗണ്ടൻ കമ്പനിയുടെ ആദ്യ ഉത്പന്നമായാണ് ബയോ മൗണ്ടൻ ടീ പൗഡർ പുറത്തിറ ക്കിയത്. ഇതിനുപുറമെ ഘട്ടംഘട്ടമായി കറിമസാലകൾ ഉൾപ്പെടെ നിരവധി മൂല്യവർദ്ധിത ഉത്പന്നങ്ങളും കമ്പനിയുടെ നേതൃത്വത്തിൽ പുറത്തിറക്കുന്നു. കാൻസർ പോലുള്ള മാരകരോഗങ്ങളെ ഒരു പരിധിവരെ ചെറുത്തുനിൽക്കുന്നതിന് മായമോ മറ്റു രാസപദാർത്ഥ ങ്ങളോ ചേർക്കാതെയാണ് പൊതുവിപണിയിലേക്കും ഭവനങ്ങ ളിലേക്കും പ്രത്യേകമായി ബയോ മൗണ്ടൻ കമ്പനിയുടെ വിവിധ ഉത്പന്നങ്ങൾ തയ്യാറാക്കി വരുന്നത്.

ചെമ്പേരി ലൂർദ്ദ്മാതാ ഫൊറോന ചർച്ച് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ തലശ്ശേരി അതിരൂപതാ വികാരി ജനറാളും, ബയോ മൗണ്ടൻ കമ്പനിയുടെ ചെയർമാനുമായ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അദ്ധ്യക്ഷത വഹിച്ചു. തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടറും, ബയോ മൗണ്ടൻ കമ്പനിയുടെ മാനേജിംഗ് ഡയറക്ടറുമായ റവ. ഫാ. ബെന്നി നിരപ്പേൽ ചടങ്ങിന് സ്വാഗതമരുളി. കണ്ണൂർ ഹോളി ഫാമിലി ചർച്ച് വികാരി റവ. ഫാ. മാത്യു ആശാരിപ്പറമ്പിൽ, ചെമ്പേരി ഫൊറോന വികാരി വെരി റവ. ഫാ. ജോർജ് കാഞ്ഞിരക്കാട്ട്, ഇൻഫാം ദേശീയ സെക്രട്ടറിയും നെല്ലിക്കാംപൊയിൽ ഫൊറോന വികാരിയുമായ വെരി റവ. ഫാ. ജോസഫ് കാവനാടി, ബയോ മൗണ്ടൻ കോ-ഓർഡിനേറ്റർ റവ. ഫാ. ജോജോ പൊടിമറ്റം, തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി റീജിയണൽ ഡയറക്ടർ റവ. ഫാ. ജോസഫ് ഈനാച്ചേരി, തലശ്ശേരി അതിരൂപത ഇൻഫാം ഡയറക്ടർ റവ. ഫാ. ജോബി ചെരുവിൽ, ബയോ മൗണ്ടൻ കമ്പനി ഡയറക്ടർ ബോർഡ് മെമ്പർമാരായ ശ്രീ. പി.ടി. ജോസ്, ശ്രീ. ബിനോയി മാട്ടേൽ, തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി അതിരൂപതാ പ്രസിഡണ്ട് ശ്രീ. ജോഷി കുന്നത്ത്, ശ്രീ. സജിൻ ഉറുമ്പടയിൽ, തലശ്ശേരി അതിരൂപതയിലെ നിരവധി വൈദികർ, ഇടവകളിൽ ആരംഭിച്ച ബയോ മൗണ്ടൻ യൂണിറ്റുകളുടെ പ്രസിഡണ്ട്, സെക്രട്ടറി, മെമ്പർമാർ തുടങ്ങി 500-ഓളം കർഷകർ ചടങ്ങിൽ സംബന്ധിച്ചു.

### ടീ പൗഡർ വിതരണം

തലശ്ശേരി അതിരൂപതയിൽ ബയോ മൗണ്ടൻ കമ്പനിയുടെ ആദ്യ ഉത്പന്നമായ ബയോ മൗണ്ടൻ ടീ പൗഡർ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ വിതരണം ആരംഭിച്ചു. 250 ഗ്രാം തൂക്കം വരുന്ന ബോട്ടിലുകളിലാണ് ഏറ്റവും മികച്ച രീതിയിൽ തയ്യാറാക്കിയ ചായപ്പൊടി വിതരണം ചെയ്തു വരുന്നത്. TSSS & ബയോ മൗണ്ടൻ അംഗങ്ങൾക്ക് കുറഞ്ഞ നിരക്കിലാണ് ഇവ ലഭ്യമാവുക. അംഗങ്ങളെല്ലാവരും ബയോ മൗണ്ടൻ ചായപ്പൊടികൾ വാങ്ങി ഉപയോഗിച്ചുകൊണ്ട് ഈ കർഷക കൂട്ടായ്മയെ ഉയർച്ചയിലേക്ക് നയിക്കുന്നതിന് പ്രിയ ബഹുമാനപ്പെട്ട എല്ലാ അച്ചന്മാരുടെയും മെമ്പർമാരുടെയും സഹകരണം സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

സ്നേഹത്തോടെ,

**ഫാ. ബെന്നി നിരപ്പേൽ**
*മാനേജിംഗ് ഡയറക്ടർ*
*ബയോ മൗണ്ടൻ*

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*ചെയർമാൻ, ബയോ മൗണ്ടൻ*

**ഫാ. ജോജോ പൊടിമറ്റം**
*കോ-ഓർഡിനേറ്റർ, ബയോ മൗണ്ടൻ*

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

**ഒക്ടോബർ 2022**

22 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. 11.30 ന് നടന്ന കൂരിയാ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം ചായോത്ത് പള്ളിയിൽവച്ച് ന്യൂമലബാർ ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ ശ്രീ. ചാക്കോ മുല്ലക്കൊടിയുടെയും അദ്ദേഹത്തിന്റെ ജാമാതാവ് അന്നമ്മ യുടെയും മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് ദിവ്യബലിയർപ്പിക്കുകയും പുതുതായി നിർമ്മിച്ച അൽഫോൻസാമ്മയുടെ ഗ്രോട്ടോ വെഞ്ചരിക്കുകയും ചെയ്തു. വൈകുന്നേരത്തോടെ ചീമേനി പള്ളിയിലെത്തുകയും ഇടയസന്ദർശനത്തിന്റെ ഭാഗമായി കിടപ്പുരോഗികളെ അവരുടെ ഭവനങ്ങളിലെത്തി സന്ദർശിക്കുകയും ചെയ്തു.

23 ചീമേനി പള്ളിയിൽ ഇടയസന്ദർശനം നടത്തി. ഉച്ചകഴിഞ്ഞ് ചീമേനിയിലുള്ള യാഹ്‌വെയിരെ ധ്യാനകേന്ദ്രം സന്ദർശിച്ചു. വൈകുന്നേരത്തോടെ പയ്യന്നൂർ സെന്റ് തോമസ് പള്ളിയിലെത്തി ദിവ്യബലിയർപ്പിക്കുകയും വി. തോമാശ്ലീഹായുടെ തിരുശേഷിപ്പ് പ്രതിഷ്ഠ നടത്തുകയും ചെയ്തു.

24 രാവിലെ മൈനർ സെമിനാരിയിലെത്തി സ്പോർട്സ് ഡേയുടെ ഫ്ളാഗ് ഹോസ്റ്റിംഗ് നടത്തി. രാവിലെ 9 മണിമുതൽ അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. 11 മണിയോടെ ഗുഡ്നെസ്സ് ടെലിവിഷന്റെ ഷൂട്ടിംഗിൽ പങ്കെടുത്തു. ഉച്ചയ്ക്കുശേഷം സാന്റാ മാതാ നഴ്സിംഗ് കോളേജിന്റെ ട്രസ്റ്റ് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരത്തോടെ നിർമ്മലഗിരി ക്യാമ്പസിൽ പുതുതായി അനുവദിച്ച കോളേജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എഞ്ചിനീയർമാരുമായി കൂടിക്കാഴ്ച നടത്തി.

25 രാവിലെ 9 മണിയോടെ ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽവച്ച് 2022 ബാച്ചിന്റെ പ്രവർത്തന വർഷ ഉദ്ഘാടനം (ജ്യോതിർഗമയ) നിർവ്വഹിച്ചു സംസാരിച്ചു. തുടർന്ന് പൈസക്കരിയിൽവച്ച് ബഹു. ജോസഫ് കൊരട്ടിപ്പറമ്പിൽ അച്ചന്റെ ജൂബിലി മീറ്റിംഗിൽ അധ്യക്ഷത

വഹിച്ചു. ഉച്ചയ്ക്കുശേഷം 2 മണിക്ക് ചെമ്പേരിയിൽവച്ച് അതിരൂപതാ ആലോചനാ സമിതി യോഗത്തിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിലെത്തിയ മാനന്തവാടി നോർബെർട്ടൈൻസ് സന്ന്യാസസഭയുടെ പുതിയ പ്രെലേറ്റിനെയും ടീമംഗങ്ങളെയും സ്വീകരിച്ചു. രാത്രിയോടെ കോട്ടയത്തേക്കു യാത്ര തിരിച്ചു.

26 പാലാ രൂപതാകേന്ദ്രത്തിൽവച്ച് നടത്തപ്പെട്ട സീറോമലബാർ സഭയുടെ എഡ്യൂക്കേഷൻ കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരത്തോടെ മാന്നാനത്തെത്തി ബൈബിൾ കൺവെൻഷനിൽ വചനസന്ദേശം നൽകി. തുടർന്ന് കോട്ടയം നമ്പ്യാകുളത്തെത്തി ബഹു. മാത്യു കുഴിപ്പള്ളി അച്ചനെ സന്ദർശിച്ചു.

27 ചെമ്പേരിയിൽവച്ച് നടത്തപ്പെട്ട സഖറിയാസ് കൺവെൻഷനിൽ സന്ദേശം നൽകി. തുടർന്ന് ടി.ഒ.ആർ ബാംഗ്ലൂർ പ്രൊവിൻസിന്റെ പുതിയ പ്രൊവിൻഷ്യൽ ഫാ. തോമസ് പാലാകുടിയെ ചെമ്പേരിയിൽ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം പാലാവയലിലെത്തി അന്തരിച്ച വിദ്യാർത്ഥി ടെസ്സാമോൾ കാപ്പിലിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരത്തോടെ ഇരിട്ടി പള്ളിയിൽവച്ച് നടന്ന ജപമാല സമർപ്പണത്തിൽ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. രാത്രിയോടെ കണ്ണൂർ ഡി.സി.സി. ഓഫീസിലെത്തി അന്തരിച്ച മുൻ ഡി.സി.സി പ്രസിഡന്റ് സതീൻ പാച്ചേനിയെ സന്ദർശിച്ചു.

28 പതിനൊന്ന് മണിയോടെ താമരശ്ശേരി ബെഥാനിയാ ധ്യാനകേന്ദ്രത്തിൽ ദിവ്യബലിയർപ്പിച്ച് വചന സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് ശാലോം ടി.വിയുടെ സ്റ്റുഡിയോയിൽ വിവിധ പരിപാടികളുടെ ഷൂട്ടിംഗിൽ പങ്കെടുത്തു.

29 രാവിലെ ഭദ്രാവതി റിപ്പൺപേട്ട് പള്ളിയിലെത്തി രൂപതാദിനത്തിൽ പ്രധാനാതിഥിയായി പങ്കെടുത്തു. വി. കുർബ്ബാനയ്ക്കു ശേഷം നടന്ന പൊതുസമ്മേളനത്തിന്റെ ഉദ്ഘാടനവും നിർവ്വഹിച്ചു. ഉച്ചയ്ക്കുശേഷം ഭദ്രാവതി ബിഷപ്സ് ഹൗസ് സന്ദർശിച്ചു. വൈകുന്നേരത്തോടെ തിരിച്ചുള്ള യാത്രാമധ്യേ എൻ.ആർ.പുരയിൽവച്ച് ശ്രീ. മാത്യു പേരൂർകുന്നേലിന്റെ ഭവനവും കക്കിഞ്ചയിൽവച്ച് വടക്കേമുളഞ്ഞനാൽ ജോർജിന്റെ ഭവനവും സന്ദർശിച്ചു.

30 രാവിലെ ഹൊസങ്കടിയിൽ പുതുതായി നിർമ്മിച്ച പള്ളിമുറിയുടെ വെഞ്ചരിപ്പ് കർമ്മം നടത്തി. ഉച്ചയ്ക്കുശേഷം കണ്ണൂർ ചേമ്പർ ഓഫ് കൊമേഴ്സ് ഹാളിൽവച്ച് നടത്തപ്പെട്ട കർഷക സെമിനാറിൽ പങ്കെടുക്കുകയും വിവിധ കർഷക പ്രശ്നങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. വൈകുന്നേരത്തോടെ വെളിമാനത്തെത്തി ബഹു. ആന്റണി ആനക്കല്ലിലച്ചന്റെ

മാതാവ് ത്രേസ്യാമ്മ ആനക്കല്ലിലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. രാത്രിയോടെ അതിരൂപതാ കേന്ദ്രത്തിലെത്തിയ കെ.എസ്.ഇ.ബി. മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയെ സ്വീകരിച്ചു.

31 രാവിലെ 6.30 ന് കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബ്ബാനയർപ്പിക്കുകയും മാതാവിന്റെ വിമലഹൃദയ പ്രതിഷ്ഠയുടെ അതിരൂപതാതല ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. 10 മണിയോടെ രയറോത്തെത്തി കപ്പൂച്ചിൻ സന്ന്യാസ സഭയുടെ പുതിയ ദൈവാലയത്തിന്റെയും ആശ്രമത്തിന്റെയും വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. ഉച്ചയോടെ കരുവഞ്ചാൽ സെന്റ് ജോസഫ്സ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന ബഹു. ജോൺ പന്നിയാമാക്കൽ അച്ചനെ സന്ദർശിച്ചു. 3 മണിയോടെ രത്നഗിരി പള്ളിയിലെത്തി ബഹു. ജോസഫ് കാവനാടി അച്ചന്റെ പിതാവ് മാത്യു കാവനാടിയിലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരത്തോടെ മാനന്തവാടിയിലേക്ക് യാത്രതിരിച്ചു. രാത്രി 9 മണിക്ക് ആഗോളതലത്തിൽ നടത്തപ്പെട്ട (Walk with Christ) അഖണ്ഡ ജപമാല യജ്ഞത്തിന്റെ ഓൺലൈൻ കൂട്ടായ്മയിൽ സന്ദേശവും സമാപനാശീർവ്വാദവും നൽകി.

## നവംബർ 2022

01 മാനന്തവാടി ദ്വാരകാ പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെട്ട അഭിവന്ദ്യ അല്ക്സ് താരാമംഗലം പിതാവിന്റെ മെത്രാഭിഷേക ചടങ്ങിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം ഇരിട്ടി അമലാ ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്ന ബഹു. ഷിൻസ് കുടിലിൽ അച്ചനെ സന്ദർശിച്ചു.

02 രാവിലെ കല്ലുമുതിരക്കുന്ന് പള്ളിയിലെത്തി ദിവ്യബലിയർപ്പിക്കുകയും തുടർന്ന് സിമിത്തേരി വെഞ്ചരിക്കുകയും ചെയ്തു. 10.30 മുതൽ അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം 3 മണിയോടെ പൊന്ന്യം പ്രതീക്ഷയിൽവച്ച് കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെ ഏറ്റവും നല്ല യൂണിറ്റുനുള്ള അവാർഡ് ലഭിച്ച നെല്ലിക്കാംപൊയിൽ മേഖലയ്ക്കുള്ള അവാർഡുദാനം നിർവ്വഹിച്ചു. തുടർന്ന് മദ്യവിരുദ്ധ മേഖലയിലുള്ള 45 വർഷത്തെ സന്നദ്ധ സേവനത്തിന് ശ്രീ. ടി.പി. ആർ നാഥിന് പുരസ്കാരം സമർപ്പിച്ചു. വൈകുന്നേരം 5 മണിയോടെ പാത്തൻപാറയിലെത്തി അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവിന്റെ ഭവനം സന്ദർശിച്ച് ശ്രി. മാത്തുക്കുട്ടിയുടെയും മകൻ വിൻസിന്റെയും വിയോഗത്തിൽ ദുഃഖാർത്തരായിരുന്ന കുടുംബാംഗങ്ങളെ ആശ്വസിപ്പിച്ചു.

രാത്രി 9 മണിമുതൽ ഓൺലൈനായി നടത്തപ്പെട്ട പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

03 പാത്തൻപാറയിൽവച്ച് അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവിന്റെ സഹോദരൻ ശ്രീ. മാത്തുക്കുട്ടിയുടെയും മകൻ വിൻസിന്റെയും മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

04 രാവിലെ ജോസ്ഗിരി ഹോസ്പിറ്റൽ ചാപ്പലിൽ വി. കുർബ്ബാനയർപ്പിച്ചു. രാവിലെ 9 മണിമുതൽ അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. 12 മണി മുതൽ ഡോക്ട്രൈനൽ കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചയ്ക്കുശേഷം ചെമ്പന്തൊട്ടിയിലെത്തി ഫാ. ജോൺ പന്നിയാമാക്കലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം 9 മണിയ്ക്ക് തലശ്ശേരി സന്ദേശഭവനിൽ മാര്യേജ് പ്രിപ്പറേറ്ററി കോഴ്സിനെത്തിയവരെ സന്ദർശിച്ച് സംസാരിച്ചു.

05 രാവിലെ ചേറ്റംകുന്ന് എസ്.എ.ബി.എസ്. കോൺവെന്റിൽ ദിവ്യബലിയർപ്പിക്കുകയും വിശ്രമജീവിതത്തിലായിരിക്കുന്ന ബഹു. സിസ്റ്റേഴ്സിനെ സന്ദർശിക്കുകയും ചെയ്തു. രാവിലെ 9 ന് രാജ്കോട്ട് രൂപതയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട അന്താരാഷ്ട്ര സെമിനാറിൽ മീഡിയാ റെവല്യൂഷൻ ആൻഡ് ദ മിഷൻ ഓഫ് ചർച്ച് എന്ന വിഷയത്തെക്കുറിച്ച് ഓൺലൈനായി പേപ്പർ അവതരിപ്പിച്ചു. 11.30 ന് ചെമ്പേരിയിലെത്തി ബയോ മൗണ്ടൻ ഫാർമർ പ്രൊഡ്യൂസർ കമ്പനിയുടെ പുതിയ പ്രൊഡക്റ്റുകളുടെ ഉദ്ഘാടനം നടത്തി. ഉച്ചയോടെ വെള്ളരിക്കുണ്ടിലെത്തി ബിഷപ്പ് വള്ളോപ്പിള്ളി ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച വീട് സന്ദർശിച്ചു. തുടർന്ന് ARISE പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. വൈകുന്നേരത്തോടെ തലശ്ശേരിയിലെത്തി അതിരൂപതാ ഓഡിറ്റർമാരുമായി സംവദിച്ചു. രാത്രിയോടെ നിർമ്മലഗിരി കോളേജിന്റെ നാക് അക്രെഡിഷനുമായി ബന്ധപ്പെട്ട് നടന്ന മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

06 രാവിലെ തലശ്ശേരി എം.എസ്.എം.ഐ. കോൺവെന്റിൽ ദിവ്യബലിയർപ്പിച്ചു. 10 മണിയോടെ നിര്യാതനായ ശ്രീ. റെയ്സൺ ചാക്കോയുടെ കരിക്കോട്ടക്കരിയിലെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. 3 മണിയോടെ തലശ്ശേരി സാൻജോസ് സ്കൂളിലെത്തി പുതുതായി നിർമ്മിക്കേണ്ട സ്കൂൾ കെട്ടിടത്തെക്കുറിച്ചുള്ള ചർച്ചയിൽ പങ്കെടുത്തു. വൈകുന്നേരം കൂരിയാ മീറ്റിംഗിൽ സംബന്ധിച്ചു. തുടർന്ന് റീജൻസി ബ്രദേഴ്സുമായി അഭിമുഖം നടത്തി. രാത്രിയിൽ സി.ബി.സി.ഐ. മീറ്റിംഗിനായി ബാംഗ്ലൂരിലേക്കു പുറപ്പെട്ടു.

07-11 ബാംഗ്ലൂർ വച്ച് നടത്തപ്പെട്ട സി.ബി.സി.ഐ. പ്ലീനറിയിൽ പങ്കെടുത്തു.

12 സന്ദേശവനിൽവച്ച് നടത്തപ്പെട്ട വിവിധ സെക്ടുകളിൽനിന്നു കത്തോലിക്കാസഭയിലേക്ക് തിരികെ വന്ന ആളുകളുടെ മീറ്റിംഗിൽ സംബന്ധിച്ച് അവരുമായി സംവദിച്ചു. വൈകുന്നേരം നിർമ്മലഗിരി ഇടവകയിൽവച്ച് ജോയൽ ബേബി മുക്കാലായിലിന്റെയും ടോംസി മരിയ കുടകശ്ശേരിയുടെയും വിവാഹം ആശീർവ്വദിച്ചു. വൈകുന്നേരത്തോടെ ചരൾ ഇടവകാ സന്ദർശനത്തോടനുബന്ധിച്ച് കിടപ്പുരോഗികളെ ഭവനങ്ങളിലെത്തി സന്ദർശിച്ചു.

13 ചരൾ ഇടവകയിൽ ഇടയസന്ദർശനം നടത്തി. ഉച്ചയ്ക്ക് ചെമ്പേരി വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽവച്ച് പ്ലസ്ടു വിദ്യാർത്ഥികളുടെ സംഗമം (SALT) ഉദ്ഘാടനം ചെയ്ത് വിദ്യാർത്ഥികളുമായി സംവദിച്ചു. വൈകുന്നേരത്തോടെ ബിഷപ്സ് ഹൗസിൽവച്ച് റീജൻസി ബ്രദേഴ്സിനുള്ള യാത്രയയപ്പ് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

14 രാവിലെ 7 ന് പേരാവൂർ കല്ലടിയിൽ പുതുതായി പണികഴിപ്പിച്ച സി. എം.സി. ഡെറാഡൂൺ പ്രൊവിൻസിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. തുടർന്ന് നെല്ലിക്കുറ്റി സ്കൂളിൽ ചിൽഡ്രൻസ് ഡേ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. എം.എസ്.എം.ഐ. സന്ന്യാസസമൂഹത്തിലെ നാല് സന്ന്യാസിനിമാരുടെ വ്രതവാഗ്ദാന ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. നിർമ്മലഗിരി അക്കാദമിയുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് എഞ്ചിനീയർമാരുമായി കൂടിക്കാഴ്ച നടത്തി. വൈകുന്നേരത്തോടെ മൈനർ സെമിനാരിയിലെത്തി ഹോം ഡേ പ്രോഗ്രാമിൽ അധ്യക്ഷത വഹിച്ചു.

15 രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചശേഷം സെമിനാരി വിദ്യാർത്ഥികളുടെ മാതാപിതാക്കളുമായി സംവദിച്ചു. സന്ദേശഭവനിൽ വച്ച് നടത്തപ്പെട്ട സ്കൂൾ മാനേജർമാരുടെ യോഗത്തിൽ അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം വിളക്കന്നൂർ ക്രിസ്തു രാജാ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. രാത്രി 9 ന് ഉപരിപഠനത്തിലായിരിക്കുന്ന തലശ്ശേരി അതിരൂപതാംഗങ്ങളായ ബഹു. വൈദികരുടെ ഓൺലൈൻ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

16 കണ്ണൂർ മേലെചൊവ്വ സെന്റ് ഫ്രാൻസീസ് ദൈവാലയത്തിൽവച്ച് എഫ്.സി.സി. സന്ന്യാസസമൂഹത്തിലെ രണ്ട് സന്ന്യാസിനിമാരുടെ വ്രതവാഗ്ദാന ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം അതിരൂപതാ കേന്ദ്രത്തിൽ ചേർന്ന ഫിനാൻസ് കൗൺസിലിലും കൂരിയാ മീറ്റിംഗിലും അധ്യക്ഷത വഹിച്ചു. വൈകുന്നേരം വിവിധ സന്ദർശകരെ സ്വീകരിച്ചു.

17 ആലുവ മംഗലപ്പുഴ സെമിനാരിയുടെ നവതി ആഘോഷത്തിൽ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. രാജഗിരി ഹോസ്പിറ്റലിൽ അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവിനെ സന്ദർശിച്ചു.

18 മൂവാറ്റുപുഴയിൽവച്ച് നടത്തപ്പെട്ട ജീസസ് യൂത്ത് ഇന്റർ നാഷണൽ അസംബ്ലിയെ അഭിസംബോധന ചെയ്ത് സംസാരിച്ചു. പാലാ എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസിലും എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിലുമായി നടത്തപ്പെട്ട ആൽഫയുടെ ബിരുദദാന ചടങ്ങുകളിൽ ബിരുദദാനം നിർവ്വഹിച്ചു.

19 മേരിഗിരി ഫൊറോനാ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. ഉച്ചയ്ക്കുശേഷം പനത്തടി ഫൊറോനാ ദൈവാലയത്തിൽ ദിവ്യബലിയർപ്പിക്കുകയും കോളിച്ചാൽ ടൗണിൽ പുതുതായി പണികഴിപ്പിച്ച കുരിശുപള്ളിയുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിക്കുകയും ചെയ്തു.

20 ചെടിക്കുളം ഇടവകയിൽ ഇടയസന്ദർശനം നടത്തി. പേരാവൂരിൽവച്ച് പ്ലസ്ടു വിദ്യാർത്ഥികളുടെ സംഗമം (SALT) ഉദ്ഘാടനം ചെയ്ത് വിദ്യാർത്ഥികളുമായി സംവദിച്ചു.

**DECEMBER 2022**

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | 11.30am | - | Minor Seminary: Parents Day |
| | 05.00 pm | - | Badiyadka: Kasargod Zone Convention |
| 02 | 9 am-2 pm | - | Visitors Day |
| | 05.00 pm | - | Retreat Chemperi Forane |
| 03 | 10.00 am | - | Thalipparamba: Jeevothsavam |
| 04-08 | | - | Sudan |
| 09-13 | | - | Deacons Retreat |
| 10 | 10.00 am | - | SIFAM |
| 14 | 9 am-2 pm | - | Visitors Day |
| | 05.30 pm | - | Thalassery: Annual Day, Sanjos School |
| 15 | 04.00 pm | - | Alakode: AKCC Dharna |
| | 05.00 pm | - | Retreat Marygiri Forane |
| 16 | 02.00 pm | - | Chekkicherry: Vincentian House |
| | 05.00 pm | - | Cherkala: Marthoma School |
| 17 | 06.30 am | - | Pariyaram: Mother Home Retreat |
| | 03.00 pm | - | Madappurachal: ISCH |
| | 04.00 pm | - | Iritty: Buon Natale |
| 18 | | - | Pastoral Visit |
| | 03.00 pm | - | Padannakkad: SALT |
| | 04.00 pm | - | Marygiri: Forane Retreat Conclusion |
| 19 | 10.00 am | - | Mathruvedi General Body |
| 20 | | - | Visitors Day (Priests) |

| | | | |
|---|---|---|---|
| | 08.00 pm | - | Online Meeting (Chicago Diocese) |
| 21 | | - | Visitors Day - General Public |
| | 04.00 pm | - | Thalassery: Town Carol |
| 22 | 04.30 pm | - | Vellarikkundu: St. Elizabeth School |
| 23 | 10.00 am | - | Priest Home: CML Christmas Celebration |
| | 03.30 pm | - | Iritty |
| | 05.30 pm | - | Edoor: YMCA Christmas Evening |
| 26 | 09.00 am | - | Manippara: Ordination |
| | 03.00 pm | - | Thirur: Church Consecration |
| 27 | 09.00 am | - | Angadikkadavu: Ordination |
| | 11.30 am | - | Jubilee: Fr. Manappathuparambil |
| | 02.00 pm | - | Chemperi: Ordination |
| 28 | 09.00 am | - | Bedoor: Ordination |
| | 04.00 pm | - | Uruppumkutty: Chappel Blessing |
| 29 | 09.00 am | - | Padupp: Ordination |
| | 05.00 pm | - | Sandesabhavan: Jubilarians Meet |
| 30 | 09.00 am | - | Chempanthotty: Ordination |
| 31 | 09.00 am | - | Nellippara: Ordination |
| | 11.30 am | - | Cherupuzha: Marriage |
| | 04.00 pm | - | Nirmalagiri: Marriage |
| | 06.30 pm | - | Peravoor: House Blessing |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### ഒക്ടോബർ 2022

23 കണ്ണൂർ തിരുകുടുംബ ദൈവാലയത്തിൽ പുതിയതായി നിർമ്മിക്കുന്ന പള്ളി മുറിയുടെ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചു.

25. പൈസക്കരി ഇടവകയിൽവച്ച് ബഹു. ജോസഫ് കൊരട്ടിപറമ്പിൽ അച്ചന്റെ ജൂബിലിക്ക് ആശംസാ സന്ദേശം നൽകി. തുടർന്ന് കോഴിക്കോട് ദേവഗിരിയിൽവച്ച് ബഹു. സാബു കുഴുമ്പിൽ സി.എം.ഐ. അച്ചന്റെ മൃതസംസ്കാര കർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

29 ചേർപ്പുങ്കൽ പള്ളിയിൽവച്ച് ഇടശ്ശേരി ജോമിഷ്-മേരി ദമ്പതികളുടെ മകൾ ക്രിസ്റ്റാ മരിയായ്ക്ക് മാമ്മോദീസാ നൽകി.

31 പെരുംമ്പടവ് പള്ളിയിൽ അയനിക്കാട്ട് ജിനീഷ്-അനു ദമ്പതികളുടെ നാലാമത്തെ മകൾ മരിയായ്ക്കും, കടച്ചിറ ലിജോ-ആൽഫി ദമ്പതികളുടെ മകൾ മരിയായ്ക്കും, ആനരിയിൽ ബിബിൻ-രമ്യാ ദമ്പതികളുടെ മകൾ റിയ മരിയായ്ക്കും മമ്മോദീസാ നൽകി. തുടർന്ന് കറ്റക്കുഴിയിൽ ലിസിയുടെ ഭവനം വെഞ്ചരിച്ചു. തുടർന്ന്, ബഹു. കാവനാടിയിൽ ജോസച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രുഷയുടെ വീട്ടിലെ കർമ്മങ്ങൾ നടത്തി. വൈകുന്നേരം നാലുമണിക്ക് മേരിഗിരി ഇടവകയിൽ ജപമാല സമാപന വി. കുർബ്ബാനയർപ്പിച്ചു.

### നവംബർ 2022

01 മാനന്തവാടി രൂപതയുടെ സഹായ മെത്രാൻ അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങിൽ പങ്കെടുത്തു.

02 വാഹനാപകടത്തിൽ മരണപ്പെട്ട അലക്സ് താരാമംഗലം പിതാവിന്റെ സഹോദരൻ മാത്തുക്കുട്ടിയുടെയും മകൻ വിൻസിനുംവേണ്ടി പാത്തൻ പാറയിലെ ഭവനത്തിലെത്തി ഒപ്പിസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് അവർക്കുവേണ്ടി പാത്തൽപാറ ഇടവകാ പള്ളിയിൽവച്ച് വി. കുർബാന

യർപ്പിച്ചു. രാത്രിയോടെ കരുവഞ്ചാൽ ശാന്തിഭവനിലെത്തി മരണമടഞ്ഞ ബഹു. ജോൺ പന്നിയാംമാക്കൽ അച്ചനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

03 ചെമ്പന്തൊട്ടി പള്ളിയിൽവച്ച് ബഹു. ജോൺ പന്നിയാംമാക്കൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ മൂന്നാംഭാഗം നടത്തി.

05 കോടഞ്ചേരി ഇടവകയിൽ മരണമടഞ്ഞ ശ്രീ. പിണക്കാട്ട് ജോസഫ് സാറിന്റെ മൃതസംസ്കാര ശുശ്രൂഷ നടത്തി.

06 ആയംകുടി ഇടവകയിൽ നിര്യാതനായ ബഹു. ജോർജ് മഠത്തിപ്പറമ്പിൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷ നടത്തി.

14 തലശ്ശേരി സെന്റ് ജോസഫ്സ് മൈനർ സെമിനാരിയുടെ ഹോം ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു.

18 മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി ചാപ്പലിൽ അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരി പിതാവിനോടൊപ്പം വിശുദ്ധ കുർബ്ബാനയർപ്പിക്കുകയും സെമിനാരിയുടെ നവതി ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. വൈകുന്നേരത്തോടെ എറണാകുളം രാജഗിരി ആശുപത്രിയിലെത്തി അഭിവന്ദ്യ മാർ ജോർജ് ഞരളക്കാട്ട് പിതാവിനെ സന്ദർശിച്ചു.

20 ആര്യപ്പറമ്പ ഫാത്തിമാ മാതാ ദൈവാലയത്തിന്റെ സുവർണ ജൂബിലി ആഘോഷത്തിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചു. തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ പങ്കെടുത്തു.

**DECEMBER 2022**

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE VALIAMATTAM

| | | | |
|---|---|---|---|
| 04 | 04.45 pm | - | Pulikurumba: Holy Mass and Church Revewal Retreat |
| 11 | 10.00 am | - | Kottody: Jubilee |
| 18 | 05.00 pm | - | Nirmalagiri: Ward Meeting |
| 28 | 10.30 am | - | Mankadavu: Ordination |
| 29 | 09.30 am | - | Chettiyaparmba: Ordination |
| | 03.30 pm | - | Kullumathirakunu: Ordination |
| 31 | 10.30 am | - | Marygiri: Ordination |

**Secretary to the Archbishop Emeritus**

# Silver Jubilerians



Fr. Sebastian
Poweth



Fr. Xavier
Puthenpura (Sr)



Fr. Mathew
Sasthampadavil



Fr. Mathew
Thekkrmuriyil



Fr. Thomas
Thengumpallil



Fr. Paul
Valloppilly

## നവസന്യാസിനിമാർ



Sr. Rosemin
George FCC



Sr. Sneha
Benny FCC



Sr. Jency D.
Marak SH



Sr. Anju
Tomy MSMI



Sr. Jemily
Thomas MSMI



Sr. Deepthi
Joseph MSMI



Sr. Ashna
Maria Shaji MSMI

RNI Reg. No. *5910/18* Date of Publication: *28/11/2022*
Registered KL/TLY/20/22-24
**Licensed to post without prepayment of postage**
**No. KL/PMG/NR/WPP/2/TLY/2022-24**
വാല്യം : 05 | ലക്കം : 12 | വില ₹10



ഡിസംബർ 08

# അമലോത്ഭവ മാതാവിന്റെ തിരുന്നാൾ

Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.